


# ടൈംസ് ഓഫ് അമേരിക്കൻമലയാളി

സാംസ്കാരികം

TIMES OF AMERICAN MALAYALI

2025
നവംബർ





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com





ശുചിത്വത്തെക്കുറിച്ചും ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചും എനിക്ക് നിരവധി സന്ദേശങ്ങൾ ലഭിച്ചു. രാജ്യത്തെ മൂന്ന് വ്യത്യസ്ത നഗരങ്ങളിൽ നിന്നുള്ള, വളരെ പ്രചോദനാത്മകമായ അത്തരം കഥകൾ, നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഛത്തീസ്ഗഡിലെ അംബികാപൂരിൽ, നഗരത്തിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായുള്ള ഒരു സവിശേഷ സംരംഭം തുടങ്ങിയിട്ടുണ്ട്. അംബികാപൂരിൽ ഗാർബേജ് കഫേകൾ നടത്തുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുവരുന്ന ആളുകൾക്ക് വയറുനിറയെ ഭക്ഷണം നൽകുന്ന കഫേകളാണിവ. ഒരു കിലോഗ്രാം പ്ലാസ്റ്റിക് കൊണ്ടുവരുന്നവർക്ക് ഉച്ചഭക്ഷണമോ അത്താഴമോ ലഭിക്കും, അര കിലോഗ്രാം കൊണ്ടുവരുന്നവർക്ക് പ്രഭാതഭക്ഷണം ലഭിക്കും. ഈ കഫേകൾ നടത്തുന്നത് അംബികാപൂർ മുനിസിപ്പൽ കോർപ്പറേഷനാണ്. സുഹൃത്തുക്കളേ, ബെംഗളൂരുവിലെ എഞ്ചിനീയർ കപിൽ ശർമ്മയും സമാനമായ ഒരു നേട്ടം കൈവരിച്ചിട്ടുണ്ട്. ബെംഗളൂരു തടാകങ്ങളുടെ നഗരം എന്നറിയപ്പെടുന്നു, കപിൽ ഇവിടുത്തെ തടാകങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ ആരംഭിച്ചു. കപിലിന്റെ സംഘം ബെംഗളൂരുവിലും പരിസര പ്രദേശങ്ങളിലുമായി 40 കിണറുകളും ആറ് തടാകങ്ങളും പുനരുജ്ജീവിപ്പിച്ചു.




**വാക്കും പൊരുളും - 2**
സംഗത്തോടുള്ള നമുക്കുള്ള കടമ നിറവേറ്റണം
**സഹോദരൻ അയ്യപ്പൻ.......... 3**



**കോടതി കഥകൾ - 32**
ഒ.വി.ആർ. വക്കീലിന്റെ ഏകലോചനവിദ്യ
**അഡ്വ. വർഗീസ് പി. തോമസ് ........... 4**



**കഥ**
ബെറ്റർ പാരഡൈസ്
**സുരേഷ് വർമ്മ ........... 5**




**പുസ്തക പരിചയം**
ചിത്രമെഴുത്ത് കെ.എം.വറുഗീസിന്റെ
ചരിത്രകഥകൾ
**ഡോ.പോൾ മണലിൽ ........... 5**




**കവിത**
എല്ലാരുമെത്തുന്നിടം
**സീനാ രവി വള്ളികുന്നം.......... 9**


# സമ്പൂർണ്ണ പത്രാധിപർ

## ടി.ജെ.എസ്. ജോർജ്

(1928–2025)

ജോർജ് തഴക്കര



**പ**ത്രപ്രവർത്തകൻ, കോളമിസ്റ്റ്, ഏഷ്യാ വീക്കിന്റെ സ്ഥാപകൻ, ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസം ചെയർമാൻ, ഗ്രന്ഥകാരൻ തുടങ്ങിയ നിലകളിൽ ടി.ജെ.എസ്. ജോർജ് അറിയപ്പെടുന്നു. 2011ൽ രാജ്യം അദ്ദേഹത്തെ പദ്മശ്രീ നൽകി ആദരിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ പത്രപ്രവർത്തകരിലെ രണ്ടാം തലമുറയിലെ പ്രമുഖനായ പത്രാധിപർ.

ഫ്രീ പ്രസ്സ് ജേർണൽ, ദി സേർച്ച് ലൈറ്റ്, ഫാർ ഈസ്റ്റ് ഇക്കണോമിക് റിവ്യൂ, ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്, സമകാലിക മലയാളം കാര്യദർശി തുടങ്ങിയ പത്രങ്ങളിലായി ഏഴരപതിറ്റാണ്ടുകാലം പ്രവർത്തിച്ചു.

പോത്തൻ ജോസഫ്, എം.ശിവറാം, കാർട്ടൂണിസ്റ്റ് ശങ്കർ, എടത്തട്ട നാരായണൻ, സി.പി.രാമചന്ദ്രൻ, ബി.ജി.വർഗീസ് തുടങ്ങിയ പത്രപ്രവർത്തകനിരയിലെ കണ്ണിയാണ് ടി.ജെ.എസ്. ജോർജ്. 'പത്രപ്രവർത്തകരിലെ ഇന്ത്യൻ പോപ്പ്' എന്നറിയപ്പെടുന്ന ഡി.വി. ചിന്താമണിയാണ് പത്രപ്രവർത്തനത്തിലെ മാതൃകാപുരുഷൻ. എഴുത്തെന്നും പോരാട്ടമാണെന്നു വിശ്വസിച്ചിരുന്ന തലമുറയുടെ പിൻതുടർച്ചക്കാരൻ.

1928 മേയ് 7ന് പത്തനംതിട്ട ജില്ലയിലെ തുമ്പമണ്ണിൽ തയ്യിൽ കുടുംബത്തിൽ ജനിച്ചു. ടി.ടി.ജേക്കബിന്റെയും ചാച്ചിയമ്മയുടെയും ആറു മക്കളിൽ ഒരുവൻ. സണ്ണി എന്നായിരുന്നു വിളിപ്പേര്. പിതാവ് മജിസ്ട്രേറ്റായിരുന്നതിനാൽ കരുന്നാഗപ്പള്ളി, അമ്പലപ്പുഴ, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിലായി മാറിമാറി വിദ്യാഭ്യാസം നടത്തി.

എസ്.എസ്.എൽ.സി ബുക്കിൽ പേര് തയ്യിൽ ജേക്കബ് ജോർജ് എന്നേയുള്ളൂ. സണ്ണി എന്ന പേര് വിട്ടുപോയി. പിൽക്കാലത്ത് സണ്ണി എന്ന പേരുകൂടി പരിഷ്കരിച്ച് തയ്യിൽ ജേക്കബ് സോണി ജോർജ് എന്നു പൂർണ്ണമാക്കി. നാലു പേരുകൾ ചേരുന്ന ഒറ്റ പേരുകാരൻ ആദ്യത്തെ മൂന്നു പേരുകൾ അക്ഷരങ്ങളിലൊതുക്കി. അതോടെ ടി.ജെ.എസ്. ജോർജ് എന്നായി. വാക്കിന്റെ അർത്ഥം പോലെ ജോർജ് എന്ന വാക്ക് നിശ്ചയദാർഢ്യത്തിന്റെയും സ്ഥിരതയുടെയും പ്രതീകമായി. പത്രസ്വാതന്ത്ര്യത്തിന്റെ കാലത്ത് ആ പേരിന് അർത്ഥവും അലങ്കാരവുമുണ്ടായിരുന്നു. മതം ഭരണാധിപത്യമായതോടെ തന്നിലെ പേരിനൊരു കുറവു ഉണ്ടായിട്ടുണ്ടെന്നും പിൽക്കാലത്ത് അദ്ദേഹം തിരിച്ചറിഞ്ഞു. 'ജോർജിനു പകരം ജയചന്ദ്രനോ, മുരളിയോ ഒക്കെ ആയിരുന്നുവെങ്കിൽ എത്ര നന്നായേനെ...' എന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്.

പിതാവിന് അമ്പലപ്പുഴയിലേക്കു സ്ഥലം മാറ്റം കിട്ടിയതോടെ പഠനം അവിടെയായി. തൊട്ട് അയൽപ്പക്കക്കാരൻ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന കെ.കെ. കുഞ്ചുപിള്ള ആയിരുന്നു. അദ്ദേഹത്തിന്റെ മൂത്തമകൻ കെ.കെ. കുമാരപിള്ള സഹപാഠിയായി. അമ്മയുടെ പ്രിയപ്പെട്ട കൂട്ടികാരിയായിരുന്നു എൻ. ശ്രീകണ്ഠൻനായരുടെ അമ്മ. ആ അടുപ്പവും സൗഹൃദവും ടി.ജെ.എസ്.ജോർജിനുമുണ്ടായി.

അമ്പലപ്പുഴയിൽ പഠിക്കുമ്പോഴാണ് ആദ്യമായി ബോട്ടിൽ കയറുന്നത്. കുട്ടനാട്ടിലെ വെള്ളക്കെട്ടുകൾ തേവിമാറ്റി കൃഷിയിറക്കിയ മുരിക്കൻ ഔതയുടെ ബോട്ടിലായിരുന്നു ആ യാത്ര. ➲12




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2025 നവംബർ 26ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**




# മനസ്സ് പറയുന്നത്

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം,

മൻ കി ബാത്ത് ലേക്ക് സ്വാഗതം. രാജ്യം മുഴുവൻ ഇപ്പോൾ ഉത്സവത്തിന്റെ തിരക്കിലാണ്. കുറച്ച് ദിവസങ്ങൾക്ക് മുൻപ് നാമെല്ലാവരും ദീപാവലി ആഘോഷിച്ചു, ഇപ്പോൾ ധാരാളം ആളുകൾ ഛഠ് പൂജയുടെ തിരക്കിലാണ്. വീടുകളിൽ പലഹാരങ്ങൾ ഉണ്ടാക്കുന്നു. ഓരോയിടത്തും പൂജാപീഠങ്ങൾ അലങ്കരിച്ചിരിക്കുന്നു. മാർക്കറ്റുകൾ തിങ്ങിനിറഞ്ഞിരിക്കുന്നു ഭക്തിയുടെയും പാരമ്പര്യത്തിന്റെയും സംഗമം എല്ലായിടത്തും കാണാം. ഛഠ് വ്രതം അനുഷ്ഠിക്കുന്ന സ്ത്രീകളുടെ സമർപ്പണ മനോഭാവവും ഭക്തിയും ഏവർക്കും പ്രചോദനമേകുന്നു. സുഹൃത്തുക്കളേ, ഛഠ് ഉത്സവം, സംസ്കാരം, പ്രകൃതി, സമൂഹം എന്നിവ തമ്മിലുള്ള അഗാധ ഐക്യത്തിന്റെ പ്രതിഫലനമാണ്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഛഠ് പീഠങ്ങളിൽ ഒന്നിക്കുന്നു. ഭാരതത്തിന്റെ സാമൂഹിക ഐക്യത്തിന്റെ ഏറ്റവും മനോഹരമായ ഉദാഹരണമാണ് ഈ ദൃശ്യം. നിങ്ങൾ രാജ്യത്തിന്റെയോ ലോകത്തിന്റെയോ ഏത് കോണിലായാലും, സൗകര്യം പോലെ ഛഠ് ഉത്സവത്തിൽ പങ്കെടുക്കുക. ഈ അതുല്യമായ അനുഭവത്തിൽ നിങ്ങൾ പങ്കാളികളാകുക. ഞാൻ ഛഠീ ദേവിയെ വണങ്ങുന്നു. എന്റെ എല്ലാ നാട്ടുകാർക്കും, പ്രത്യേകിച്ച് ബിഹാർ, ഝാർഖണ്ഡ്, പൂർവാഞ്ചൽ എന്നിവിടങ്ങളിലെ ജനങ്ങൾക്ക്, വളരെ സന്തോഷകരമായ ഒരു ഛഠ് ഉത്സവം ആശംസിക്കുന്നു.

**ശുചിത്വത്തെക്കുറിച്ചും ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചും എനിക്ക് നിരവധി സന്ദേശങ്ങൾ ലഭിച്ചു. രാജ്യത്തെ മൂന്ന് വ്യത്യസ്ത നഗരങ്ങളിൽ നിന്നുള്ള, വളരെ പ്രചോദനാത്മകമായ അത്തരം കഥകൾ, നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഛത്തീസ്ഗഢിലെ അംബികാപൂരിൽ, നഗരത്തിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായുള്ള ഒരു സവിശേഷ സംരംഭം തുടങ്ങിയിട്ടുണ്ട്. അംബികാപൂരിൽ ഗാർബേജ് കഫേകൾ നടത്തുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുവരുന്ന ആളുകൾക്ക് വയറുനിറയെ ഭക്ഷണം നൽകുന്ന കഫേകളാണിവ. ഒരു കിലോഗ്രാം പ്ലാസ്റ്റിക് കൊണ്ടുവരുന്നവർക്ക് ഉച്ചഭക്ഷണമോ അത്താഴമോ ലഭിക്കും, അര കിലോഗ്രാം കൊണ്ടുവരുന്നവർക്ക് പ്രഭാതഭക്ഷണം ലഭിക്കും. ഈ കഫേകൾ നടത്തുന്നത് അംബികാപൂർ മുനിസിപ്പൽ കോർപ്പറേഷനാണ്.**

സുഹൃത്തുക്കളേ,

ഈ ഉത്സവവേളയിൽ, എന്റെ വികാരങ്ങൾ പങ്കുവെച്ചു കൊണ്ട് ഞാൻ നിങ്ങൾക്കെല്ലാവർക്കും ഒരു കത്തെഴുതി. ഉത്സവങ്ങളെ മുമ്പെന്നത്തേക്കാളും ഊർജ്ജസ്വലമാക്കിയ രാജ്യത്തിന്റെ നേട്ടങ്ങളെക്കുറിച്ച്, ഞാൻ കത്തിൽ പ്രതിപാദിച്ചു. എന്റെ കത്തിന് മറുപടിയായി, രാജ്യത്തെ നിരവധി പൗരന്മാർ എനിക്ക് സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. തീർച്ചയായും, ഓപ്പറേഷൻ സിന്ദൂർ ഓരോ ഭാരതീയനെയും അഭിമാന പൂരിതനാക്കി. ഒരിക്കൽ മാവോയിസ്റ്റ് ഭീകരതയുടെ ഇരുട്ട് നിലനിന്നിരുന്ന പ്രദേശങ്ങളിൽ പോലും ഇത്തവണ സന്തോഷത്തിന്റെ വിളക്കുകൾ തെളിഞ്ഞിട്ടുണ്ട്. തങ്ങളുടെ കുട്ടികളുടെ ഭാവി അപകടത്തിലാക്കിയ മാവോയിസ്റ്റ് ഭീകരതയെ ഉന്മൂലനം ചെയ്യാൻ ജനങ്ങൾ ആഗ്രഹിക്കുന്നു.

ജി.എസ്.ടി. സമ്പാദ്യ ഉത്സവത്തെക്കുറിച്ച് ആളുകൾ വളരെ ആവേശത്തിലാണ്. ഇത്തവണ ഉത്സവകാലത്ത് മറ്റൊരു സന്തോഷകരമായ കാര്യം കൂടി കാണാൻ സാധിച്ചു. വിപണികളിൽ തദ്ദേശീയ വസ്തുക്കൾ വാങ്ങുന്നത് ഗണ്യമായി വർദ്ധിച്ചു. ആളുകൾ എനിക്ക് അയച്ച സന്ദേശങ്ങളിൽ, ഇത്തവണ അവർ വാങ്ങിയ തദ്ദേശീയ ഉൽപ്പന്നങ്ങളെക്കുറിച്ച് എന്നോട് പറഞ്ഞിട്ടുണ്ട്.

സുഹൃത്തുക്കളേ,

എന്റെ കത്തിൽ, പാചക എണ്ണയുടെ ഉപഭോഗത്തിൽ 10 ശതമാനം കുറവ് വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിച്ചിരുന്നു, ആളുകൾ ഇതിനോട് വളരെ പോസിറ്റീവായി പ്രതികരിച്ചു.

സുഹൃത്തുക്കളേ,

ശുചിത്വത്തെക്കുറിച്ചും ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചും എനിക്ക് നിരവധി സന്ദേശങ്ങൾ ലഭിച്ചു. രാജ്യത്തെ മൂന്ന് വ്യത്യസ്ത നഗരങ്ങളിൽ നിന്നുള്ള, വളരെ പ്രചോദനാത്മകമായ അത്തരം കഥകൾ, നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഛത്തീസ്ഗഢിലെ അംബികാപൂരിൽ, നഗരത്തിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായുള്ള ഒരു സവിശേഷ സംരംഭം തുടങ്ങിയിട്ടുണ്ട്. അംബികാപൂരിൽ ഗാർബേജ് കഫേകൾ നടത്തുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുവരുന്ന ആളുകൾക്ക് വയറുനിറയെ ഭക്ഷണം നൽകുന്ന കഫേകളാണിവ. ഒരു കിലോഗ്രാം പ്ലാസ്റ്റിക് കൊണ്ടുവരുന്നവർക്ക് ഉച്ചഭക്ഷണമോ അത്താഴമോ ലഭിക്കും, അര കിലോഗ്രാം കൊണ്ടുവരുന്നവർക്ക് പ്രഭാതഭക്ഷണം ലഭിക്കും. ഈ കഫേകൾ നടത്തുന്നത് അംബികാപൂർ മുനിസിപ്പൽ കോർപ്പറേഷനാണ്. സുഹൃത്തുക്കളേ, ബെംഗളൂരുവിലെ എഞ്ചിനീയർ കപിൽ ശർമ്മയും സമാനമായ ഒരു നേട്ടം കൈവരിച്ചിട്ടുണ്ട്. ബെംഗളൂരു തടാകങ്ങളുടെ നഗരം എന്നറിയപ്പെടുന്നു, കപിൽ ഇവിടുത്തെ തടാകങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ ആരംഭിച്ചു. കപിലിന്റെ സംഘം ബെംഗളൂരുവിലും പരിസര പ്രദേശങ്ങളിലുമായി 40 കിണറുകളും ആറ് തടാകങ്ങളും പുനരുജ്ജീവിപ്പിച്ചു. ശ്രദ്ധേയമായ കാര്യം എന്തെന്നാൽ, അദ്ദേഹം തന്റെ ദൗത്യത്തിൽ കോർപ്പറേറ്റുകളെയും നാട്ടുകാരെയും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. അദ്ദേഹത്തിന്റെ സംഘടന, വൃക്ഷത്തൈ നടീൽ ക്യാമ്പെയ്നുകളിലും പങ്കാളിയാണ്. സുഹൃത്തുക്കളേ, ദൃഢനിശ്ചയം എടുത്താൽ, മാറ്റം അനിവാര്യമായും കൊണ്ടുവരാൻ കഴിയും എന്ന് അംബികാപൂരിലെയും ബെംഗളൂരുവിലേയും ഉദാഹരണങ്ങൾ കാണിക്കുന്നു.

സുഹൃത്തുക്കളേ,

മാറ്റം കൊണ്ടുവരാനുള്ള ശ്രമത്തിന്റെ മറ്റൊരു ഉദാഹരണം ഞാൻ നിങ്ങളുമായി പങ്കിടാൻ ആഗ്രഹിക്കുന്നു. പർവതങ്ങളിലും സമതലങ്ങളിലും വനങ്ങൾ നിലനിൽക്കുന്നു. ഈ കാടുകൾ മണ്ണിനെ നിലനിർത്തുന്നു. സമുദ്ര തീരത്തുള്ള കണ്ടൽക്കാടുകൾക്കും സമാനമായ പ്രാധാന്യമുണ്ടെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ. ഉപ്പുരസമുള്ള സമുദ്രത്തിലും ചതുപ്പു നിലങ്ങളിലും കണ്ടൽക്കാടുകൾ വളരുന്നു. ഇത് സമുദ്ര ആവാസവ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ്. സുനാമി അല്ലെങ്കിൽ ചുഴലിക്കാറ്റുകൾ പോലുള്ള ദുരന്തങ്ങൾ വരുമ്പോൾ ഈ കണ്ടൽക്കാടുകൾ വളരെ സഹായകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

സുഹൃത്തുക്കളേ,

കണ്ടൽക്കാടുകളുടെ പ്രാധാന്യം മനസ്സിലാക്കി, ഗുജറാത്ത് വനം വകുപ്പ് ഒരു പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. അഞ്ച് വർഷം മുമ്പ്, അഹമ്മദാബാദിനടുത്തുള്ള ധോലേരയിൽ വനംവകുപ്പ് ടീമുകൾ കണ്ടൽച്ചെടികൾ നടാൻ തുടങ്ങി, ഇന്ന്, ധോലേര തീരത്ത് 3500 ഹെക്ടറിൽ കണ്ടൽക്കാടുകൾ വ്യാപിച്ചിരിക്കുന്നു. ഈ കണ്ടൽക്കാടുകളുടെ പ്രഭാവം പ്രദേശത്തുടനീളം ദൃശ്യമാണ്. അവിടത്തെ ആവാസ വ്യവസ്ഥയിൽ ഡോൾഫിനുകളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. ഞണ്ടുകളും മറ്റ് ജലജീവികളും മുമ്പത്തേക്കാളും വർദ്ധിച്ചിട്ടുണ്ട്. കൂടാതെ, ദേശാടന പക്ഷികളും ഇപ്പോൾ വൻതോതിൽ എത്തിച്ചേരുന്നു. പരിസ്ഥിതിയിൽ നല്ല സ്വാധീനം ചെലുത്തുക മാത്രമല്ല, ധോലേരയിലെ മത്സ്യകർഷകർക്കും ഇത് ഗുണം ചെയ്യുന്നു.

സുഹൃത്തുക്കളേ,

ധോലേരയ്ക്ക് പുറമേ, ഗുജറാത്തിലെ കച്ചിലും കണ്ടൽച്ചെടികളുടെ നടീൽ വലിയതോതിൽ നടക്കുന്നുണ്ട്. കോറി ക്രീക്കിൽ ഒരു കണ്ടൽ പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

സുഹൃത്തുക്കളേ,

സസ്യങ്ങളുടെയും മരങ്ങളുടെയും പ്രത്യേക ഗുണമാണിത്. സ്ഥലം ഏതുതന്നെയായാലും, അവ എല്ലാ ജീവജാലങ്ങളുടെയും ക്ഷേമത്തിന് സംഭാവന ചെയ്യുന്നു. അതുകൊണ്ടാണ് നമ്മുടെ വേദങ്ങൾ പറയുന്നത്

धन्या महीरूहा येभ्यो,
निराशां यान्ति नार्थिनः ||

അതായത്, ആരെയും ഒരിക്കലും നിരാശപ്പെടുത്താത്ത മരങ്ങളും സസ്യങ്ങളും ഭാഗ്യവാന്മാർ. നമ്മൾ എവിടെ ജീവിച്ചാലും നമ്മളും മരങ്ങൾ നടണം. ഏക് പേട് മാ കെ നാം എന്ന ക്യാമ്പെയ്ൻ മുന്നോട്ട് കൊണ്ടുപോകണം.

പ്രിയപ്പെട്ട നാട്ടുകാരേ,

മൻ കി ബാത്തിൽ നമ്മൾ ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ എനിക്ക് ഏറ്റവും സംതൃപ്തി നൽകുന്നത് എന്താണെന്ന് നിങ്ങൾക്കറിയാമോ? മൻ കി ബാത്തിൽ നമ്മൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ സമൂഹത്തിന് എന്തെങ്കിലും നല്ലത്, നവീനമായ എന്തെങ്കിലും ചെയ്യാൻ, ആളുകളെ പ്രചോദിപ്പിക്കുന്നു എന്നതാണ്. ഇത് നമ്മുടെ സംസ്കാരത്തിന്റെയും നമ്മുടെ രാജ്യത്തിന്റെയും പല കാഴ്ചപ്പാടുകളെയും മുന്നിൽ കൊണ്ടുവരുന്നു.

സുഹൃത്തുക്കളേ,

ഏകദേശം അഞ്ച് വർഷം മുമ്പ് ഞാൻ ഈ പരിപാടിയിൽ ഭാരതത്തിലെ തദ്ദേശീയയിനം നായ്ക്കളെ കുറിച്ച് ചർച്ച ചെയ്തത് നിങ്ങളിൽ പലരും ഓർക്കുന്നുണ്ടാകും. നമ്മുടെ പരിസ്ഥിതിയോടും സാഹചര്യങ്ങളോടും എളുപ്പത്തിൽ പൊരുത്തപ്പെടുന്നതിനാൽ ഭാരതത്തിലെ തദ്ദേശീയയിനം നായ്ക്കളെ ദത്തെടുക്കാൻ ഞാൻ നാട്ടുകാരോടും നമ്മുടെ സുരക്ഷാ സേനയോടും അഭ്യർത്ഥിച്ചു. ഈ ദിശയിൽ നമ്മുടെ സുരക്ഷാ ഏജൻസികൾ പ്രശംസനീയമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ബിഎസ്എഫും സിആർപിഎഫും അവരുടെ സ്ക്വാഡുകളിൽ ഭാരതത്തിലെ തദ്ദേശീയയിനം നായ്ക്കളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ബിഎസ്എഫിന്റെ നായ പരിശീലനത്തിനുള്ള ദേശീയ പരിശീലന കേന്ദ്രം ഗ്വാളിയോറിലെ ടെകൻപൂരിലാണ്. ഇവിടെ, ഉത്തർപ്രദേശിലെ റാംപൂർ ഹൗണ്ടിനും, കർണാടകയിലെയും മഹാരാഷ്ട്രയിലെയും മുധോൾ ഹൗണ്ടിനും പ്രത്യേക ശ്രദ്ധ നൽകുന്നു. ഈ കേന്ദ്രത്തിൽ, സാങ്കേതികവിദ്യയുടെയും നവീകരണത്തിന്റെയും സഹായത്തോടെ

➲10

## വാക്കും പൊരുളും

### കേരളത്തെ രൂപപ്പെടുത്തിയ ആദ്യകാലപ്രഭാഷണങ്ങൾ

# സംഘത്തോടുള്ള നമുക്കുള്ള കടമ നിറവേറ്റുക

**സഹോദരൻ അയ്യപ്പൻ**

**തി**രുവിതാംകൂറിന്റെ ചരിത്രത്തിലും നമ്മുടെ യോഗത്തിന്റെ ചരിത്രത്തിലും ഏറ്റവും വലിയ വിഷമഘട്ടമായ ഒരു അവസരത്തിൽ കൂടുന്ന ഈ വാർഷികയോഗത്തിൽ അദ്ധ്യക്ഷത വഹിപ്പാൻ എന്നെ നിയോഗിച്ചതിൽ നിങ്ങൾ എന്നോടു കാണിച്ചിരിക്കുന്ന വിശ്വാസത്തിനു ഞാൻ നിങ്ങളോടു കൃതജ്ഞനായിരിക്കുന്നു.

സ്വന്തം അയോഗ്യത ഏറ്റുപറയുന്ന അദ്ധ്യക്ഷസാധാരണമായ ചടങ്ങിനായി ഞാൻ നിങ്ങളുടെ സമയം ഹോമിക്കുന്നില്ല. നമ്മുടെ കുറവുകൾ ഓർത്തുള്ള സംശയങ്ങളല്ല നമുക്കു നടത്താനിരിക്കുവാൻ നിവൃത്തിയില്ലാത്ത നമ്മുടെ കൃത്യങ്ങളുടെ ഗൗരവം വിചാരിച്ചുള്ള ആത്മവിശ്വാസവും ധൈര്യവുമാണ് നമുക്കിപ്പോൾ വേണ്ടത്. പ്രക്ഷുബ്ധമായ ഒരു രാജ്യാന്തരീക്ഷത്തിൽ സമ്മേളിച്ചിരിക്കുന്ന നമ്മുടെ ആലോചനയ്ക്കു വരുന്ന ഗൗരവപ്പെട്ട സംഗതികളെപ്പറ്റി വികാരാധീനത വരാതെ ശാന്തമായും വിവേകപൂർവമായും ചിന്തിച്ച് തീരുമാനങ്ങൾ ചെയ്യേണ്ട ആവശ്യകത നമ്മൾ പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്.


‘അവരവരാത്മസുഖത്തിനാചരിക്കു-
ന്നവയപരന്റെ സുഖത്തിനായ് വരേണം’

എന്നു നമ്മെ പഠിപ്പിച്ച യോഗസ്ഥാപകനായ നമ്മുടെ ധർമഗുരുവിന്റെ ദൃഷ്ടാന്തം എപ്പോഴും നമ്മുടെ മുമ്പിൽനില്ക്കുന്നുണ്ട്. അതിന്റെ പാവനപ്രേരണകൾ നിറഞ്ഞ ഹൃദയങ്ങളോടുകൂടിയിരുന്നു കൊണ്ട് നമ്മൾ ചെയ്യുന്ന തീരുമാനങ്ങൾ യോഗത്തിനും സമുദായത്തിനും പൊതുവെ രാജ്യത്തിനും ക്ഷേമകരമായേ വരികയുള്ളൂ.

യോഗത്തിന്റെ ലൈസൻസ് എടുത്തു കളയാതിരിക്കുന്നതിനു കാരണം കാണിക്കുവാൻ ഗവൺമെന്റിൽ നിന്ന് യോഗത്തിന് അയച്ചിട്ടുള്ള നോട്ടീസിനെപ്പറ്റി നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. യോഗത്തിന്റെ കൂട്ടുയാദാസ് തിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യങ്ങൾക്ക് വെളിയിലുള്ളതും വിപരീതവുമായ കാര്യങ്ങളിൽ യോഗം പ്രവർത്തിക്കുന്നതായി ഗവൺമെന്റിന് അറിവു കിട്ടിയിരിക്കുന്നതുകൊണ്ടാണത്രെ ഗവൺമെന്റ് യോഗത്തിന്റെ ലൈസൻസ് എടുത്തുകളയുവാനുദ്ദേശിച്ചിരിക്കുന്നത്. യോഗം രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടുന്നതിനെയായിരിക്കണം ഗവൺമെന്റ് നിഷിദ്ധമായി കരുതുന്നത്. യോഗത്തിന് ലൈസൻസ് അനുവദിക്കുന്ന ഉത്തരവിൽ യോഗത്തിന്റെ കൂട്ടുയാദാസ്തിൽ പറഞ്ഞിട്ടുള്ള ഉദ്ദേശ്യങ്ങൾ ഗവൺ മെന്റും എടുത്തു പറഞ്ഞിട്ടുള്ളതല്ലാതെ അതുകൾക്കു വെളിയിലുള്ള കാര്യങ്ങളിൽ യോഗത്തിന് പ്രവർത്തിക്കുവാൻ പാടില്ലെന്ന് നിഷേധിച്ചിട്ടില്ല. അങ്ങനെ ഒരു നിഷേധം ലൈസൻസ് അനുവദിക്കുന്നതിന് അടിസ്ഥാനമായ റഗുലേഷനിലും സൂചിപ്പിക്കുക കൂടി ചെയ്തിട്ടില്ല. രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടുന്ന സം ഘടനകൾക്ക് ലൈസൻസ് കൊടുക്കാൻ പാടില്ലെന്ന് റഗുലേഷനിൽ പറഞ്ഞിട്ടില്ലല്ലോ. യോഗം ഈഴവ സമുദായത്തിന്റെ അഭിവൃദ്ധിക്ക് ശ്രമിക്കുവാൻ വേണ്ടി സ്ഥാപിച്ച സംഘടനയാണ്. ആദ്യം മുതൽക്കെതന്നെ സമുദായത്തിന്റെ അഭിവൃദ്ധിക്ക് ആവശ്യമായ രാഷ്ട്രീയകാര്യങ്ങളിൽ യോഗം ഏർപ്പെട്ടുപോന്നിട്ടുണ്ട്. അത് ഗവൺമെന്റും അറിഞ്ഞിട്ടുണ്ടെന്ന് സെൻ സസ് റിപ്പോർട്ട് മുതലായ ഗവൺമെന്റ് വക പ്രസിദ്ധീകരണങ്ങളിൽ നിന്നുതന്നെ തെളിയുന്നുണ്ട്. പ്രജാസഭയിലേക്ക് ഈഴവ മെമ്പറന്മാരെ നിയമിക്കുന്നതിന് പേരുകൾ കൊടുക്കുവാൻ ഗവൺമെന്റ് യോഗത്തോട് ആവശ്യപ്പെട്ടിരുന്നതിൽ നിന്നും അടുത്ത കാലത്ത് നിയമസഭ പരിഷ്കരിക്കുവാൻ നിശ്ചയിച്ചപ്പോൾ ഉദ്ദേശിച്ച ഫാക്കൽട്ടേറ്റീവ് പ്രാതിനിധ്യം യോഗം മുതലായ സംഘടനകൾ വഴിക്കോ യോഗം മാത്രം വഴിക്കോ അനുവദിക്കാമെന്ന് ഗവൺമെന്റ് ആലോചന നടത്തിയതിൽ നിന്നും മറ്റും യോഗത്തിന് രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടാമെന്ന് ഗവൺമെന്റ് സമ്മതിച്ചതായി വരുന്നുണ്ട്. യോഗം രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടുന്നത് 35 കൊല്ലത്തോളം വരുന്ന ദീർഘകാലത്തിനുള്ളിൽ ഇപ്പോൾ മാത്രമാണ് ഗവൺമെന്റിന് നിയമവിരുദ്ധമെന്നു തോന്നിയിട്ടുള്ളത്. നിവർത്തനപ്രസ്ഥാനത്തിൽ യോഗം പങ്കെടുത്തതുപോലും ഗവൺമെന്റ് നിയമവിരുദ്ധമായി കരുതിയില്ല. യോഗം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നത് നിയമവിരുദ്ധമാണെന്നു ഇപ്പോൾ ഗവൺമെന്റു പറയുന്നത് ഗവൺമെന്റിന് അഥവാ ഗവൺമെന്റ് നടത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് രുചിക്കാത്ത എന്തോ ചെയ്തതുകൊണ്ടാകാനേ തരമുള്ളൂ. രാഷ്ട്രീയകാര്യങ്ങളിൽ നിയമപ്രകാരം യോഗത്തിനു പ്രവേശിച്ചു കൂടെന്നു പറയുന്നത് ഒരുവക രാഷ്ട്രീയങ്ങളിലും പ്രവേശിച്ചുകൂടെന്ന അർത്ഥത്തിലേ ശരിയായിരിക്കയുള്ളൂ. ഗവൺമെന്റിനു പിടിക്കുന്നതും സഹിക്കുന്നതുമായ രാഷ്ട്രീയ കാര്യങ്ങളിൽ പ്രവേശിക്കാമെന്നും, പിടിക്കാത്തതും സഹിക്കാത്തതുമായ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിച്ചുകൂടെന്നും പറയുന്നത് നിയമവാദമാകയില്ല. നിയമപ്രകാരം നോക്കുകയാണെങ്കിൽ യോഗത്തിന് രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുവാൻ ഒരു തടസ്സവും ഇല്ലാത്ത സ്ഥിതിയാണ് വാസ്തവത്തിൽ ഉള്ളത്. യോഗത്തിന്റെ കൂട്ടുയാദാസ് തിൽ രാഷ്ട്രീയകാര്യം നിഷിദ്ധമായി പറഞ്ഞിട്ടില്ല. യോഗം 35 കോല്ലത്തോളമായി തുടരെ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടുപോരുന്നു. അങ്ങനെ ചെയ്യുന്നതു സുസ്ഥാപിതമായ ഒരു നടപ്പ് ആയിത്തീർന്നിട്ടുമുണ്ട്. എല്ലാ ജീവൽ സംഘടനകൾക്കും രണ്ടു തരം നിയമാവലിയാണുള്ളത്. ഒന്ന് ലിഖിതവും മറ്റേതു നടപ്പനുസരിച്ചുള്ളതും. ലിഖിത നിയമത്തിന് എതിരില്ലാത്ത നടപടിസിദ്ധമായ നിയമം ലിഖിത നിയമംപോലെ തന്നെ പ്രബലമായിട്ടുള്ളതാണ്. അങ്ങനെ നോക്കുമ്പോൾ യോഗം അതിന്റെ പ്രബലനിയമം അനുസരിച്ചുതന്നെയാണ് രാഷ്ട്രീയ കാര്യങ്ങളിൽ പ്രവേശിക്കുന്നതെന്നുള്ള നിയമവാദം അനപലപനീയമാണ്. ഗവൺമെന്റിന് യോഗത്തിന്റെ ലൈസൻസ് എടുത്തു കളയുവാൻ കഴിയുമെങ്കിലും അങ്ങനെ ചെയ്യുവാൻ ന്യായവും നിയമവുമില്ലെന്നു മാത്രമാണ് ഗവൺമെന്റിന്റെ നോട്ടീസിനു മറുപടിയായി യോഗത്തിന് ഗവൺമെന്റിനെ അറിയിക്കാനുള്ളത്. അന്യായമായും നിയമ വിരുദ്ധമായും ഗവൺമെന്റ് അധികാരം പ്രയോഗിച്ച് യോഗത്തിന്റെ ലൈസൻസ് എടുത്തു കളയുകയാണെങ്കിൽ ആ അന്യായം യോഗം സഹിക്കതന്നെ ചെയ്യും. മനഃപൂർവ്വം ചെയ്യുന്ന തെറ്റ് വഴിയേ തിരുത്തപ്പെട്ടുകൊള്ളുന്നതാണ്. യോഗം രാഷ്ട്രീയ കാര്യങ്ങളിലേർപ്പെടുകയില്ലെന്നോ ഏർപ്പെട്ടത് തെറ്റാണെന്നോ സത്യത്തിനും നിയമത്തിനും സമുദായത്തിന്റെ ആവശ്യത്തിനും വിരുദ്ധമായി ഗവൺ മെന്റിന്റെ തല്ക്കാലാവശ്യത്തിനുവേണ്ടി സമ്മതിച്ചുകൊടുത്ത് ലൈസൻസ് നിലനിർത്തി യോഗം നടത്തിയിട്ട് യോഗത്തിനോ സമുദായത്തിനോ ഒരു പ്രയോജനവും ഇല്ലെന്നുള്ളത് യോഗത്തിന്റെ നിലയിൽ നിന്നു കൂടി നോക്കി ഗവൺമെന്റ് മനസ്സിലാക്കേണ്ടതാണ്. ലൈസ ൻസ് എടുത്തു കളയുന്നതിലും കൂടുതലായി വല്ലതും ഗവൺമെന്റ് യോഗത്തെ സംബന്ധിച്ച് ഉദ്ദേശിച്ചിരിക്കുവാൻ പാടില്ലായ്കയില്ല. ആ സ്ഥിതിക്ക് തല വെട്ടാൻ കഴിയുന്നവർ മുടി മുറിക്കുമോ ഇല്ലയോ എന്ന് ആലോചിച്ചു വിഷമപ്പെടേണ്ടതില്ലെന്നേ ഈ സംഗതിയിൽ അവസാനമായി പറയാനുള്ളൂ.

യോഗം പ്രാതിനിധ്യം വഹിക്കുന്ന ഈഴവർ ഉൾപ്പെടെ തിരുവിതാംകൂറിലെ സർവജനങ്ങളും ചേർന്ന് സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഘോരമായ സഹനസമരം മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്ന അവസരമാണിത്. യോഗത്തിന് സ്റ്റേറ്റ് കോൺഗ്രസ്സുമായി ബന്ധമില്ലെങ്കിലും സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ഘടനപ്രകാരം യോഗത്തിന് അതുമായി ➲9

## സഹോദരൻ അയ്യപ്പൻ



*‘ശ്രീനാരായണനെ പ്രസവിച്ച സമുദായത്തിനല്ലാതെ ഇങ്ങനെയൊരു സിംഹള സിംഹത്തിന് ജന്മമരുളാൻ സാധ്യമല്ല’ എന്ന് മഹാകവി കുമാരനാശാൻ സാക്ഷ്യപ്പെടുത്തിയ വ്യക്തിത്വമാണ് സഹോദരൻ കെ.അയ്യപ്പൻ. അന്ധവിശ്വാസങ്ങളിലൂടെയും അനാചാരങ്ങളിലൂടെയും കടന്നുപോയ മലയാളസമൂഹത്തെ യുക്തിചിന്തയുടെ വഴിയിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിച്ച വ്യക്തി.*

*കൊച്ചിയിലെ വൈപ്പിൻ ദ്വീപിലെ ചെറായിയിൽ 1889 ആഗസ്റ്റ് 22ന് കെ.അയ്യപ്പൻ ജനിച്ചു. കുമ്പളത്തുപറമ്പിൽ കൊച്ചാവു വൈദ്യരുടെ ഒമ്പതു മക്കളിൽ ഇളയവൻ. ചെറുപ്രായത്തിൽ തന്നെ അച്ഛൻ മരിച്ചു. ജ്യേഷ്ഠൻ അച്യുതൻ വൈദ്യരുടെ ശിക്ഷണത്തിൽ വളർന്നു. വൈദ്യരുടെ അതിഥികളായിരുന്നു ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമിയും കുമാരനാശാനും. ആദ്യകാലങ്ങളിൽ വാഗ്ഭടാനന്ദന്റെ ആത്മവിദ്യാസംഘത്തിൽ ആകൃഷ്ടനായിരുന്നു.*

*മെഡിക്കൽ പഠനത്തിനായി മദ്രാസിൽ പോയെങ്കിലും സാമ്പത്തിക പരാധീനത കാരണം ആദ്യം ക്രിസ്ത്യൻ കോളേജിലും വൈകാതെ പ്രസിഡൻസി കോളേജിലും സംസ്കൃതം ഓണേഴ്സിൽ പഠനം തുടർന്നെങ്കിലും പൂർത്തിയാക്കാൻ കഴിയാതെ നാട്ടിലേക്കു മടങ്ങി. കാർത്തികപ്പള്ളി മുട്ടം ഗോവിന്ദൻ ചാന്നാരുടെ സാമ്പത്തിക സഹായത്താൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ ബി.എയ്ക്കു ചേർന്നു. ഇക്കാലത്ത് ശ്രീനാരായണ ധർമപരിപാലനസംഘത്തിന്റെ യോഗങ്ങളിൽ പങ്കെടുത്തു. പഠനത്തെ തുടർന്ന് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.*

*ജാതി നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ചെറായിൽ മിശ്രഭോജന പ്രസ്ഥാനത്തിനു (1917) തുടക്കം കുറിച്ചു. അയ്യപ്പനും സുഹൃത്തുക്കൾക്കും ‘വിജ്ഞാനവർദ്ധിനി സഭ’ ഊരുവിലക്കു പ്രഖ്യാപിച്ചു. ഇതൊരു വലിയ പ്രസ്ഥാനമായി മാറുമെന്നു ഗുരു ആശീർവദിച്ചു. ജാതിവിരുദ്ധ സന്ദേശം നൽകിക്കൊണ്ട് ബോട്ടിലും വഞ്ചിയിലും കാൽനടയായും സഞ്ചരിച്ചു. ജാതിരാക്ഷസന്റെ ചുമടുമായി കൊടുങ്ങല്ലൂർ ശൃംഗപുരം റോഡിൽക്കൂടി നടന്നു. വലിയ ആൾക്കൂട്ടം ഒപ്പംകൂടി. ഒടുവിൽ റോഡിന്റെ സൈഡിൽ ജാതിരാക്ഷസന്റെ രൂപം ദഹിപ്പിച്ചു.*

*സാമൂഹികവിപ്ലവം ഫലപ്രദമാകണമെങ്കിൽ വ്യക്തികളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടാകണം. അതിനു ശാസ്ത്രീയമായ അറിവുകളും യുക്തിപരമായ ചിന്തകളും പ്രചരിപ്പിക്കണം. ഇതിന്റെ ഭാഗമായിട്ടാണ് ‘സഹോദരൻ’ എന്ന പത്രം ആരംഭിച്ചത്. വൈക്കം സത്യാഗ്രഹത്തിനു ആശയപരമായ ആവേശം നൽകി. മദ്യലഹരിക്കെതിരെ പോരാട്ടം നടത്തി. 1945ൽ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടന്ന എസ്.എൻ.ഡി.പിയുടെ വാർഷിക സമ്മേളനത്തിൽ അയ്യപ്പൻ എഴുതിയ ‘സമുദായഗാനം’ ആലപിച്ചു. ‘രാഷ്ട്രീയാവകാശങ്ങൾ, സാമുദായികാവശ്യങ്ങൾ, വിദ്യാഭ്യാസാവകാശങ്ങൾ, സാമ്പത്തികാവകാശങ്ങൾ, കർഷകാവശ്യങ്ങൾ, തൊഴിലാളി ആവശ്യങ്ങൾ, മൗലികാവകാശങ്ങൾ’ എന്നിവ ഉൾപ്പെടുന്ന അവകാശപ്രഖ്യാപനം അവതരിപ്പിച്ചു.*

*കൊച്ചി നിയമസഭയിൽ 1926 മുതൽ 1951 വരെ അംഗമായും രണ്ടു തവണ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായും തിരുകൊച്ചി നിയമസഭയിൽ ഒരു പ്രാവശ്യം അധഃകൃതോദ്ധാരണ സംരക്ഷണം, ഗ്രാമീണ പുനരുദ്ധാരണം തുടങ്ങിയ വകുപ്പുകളുടെ മന്ത്രിയുമായിരുന്നു. 1935ൽ ആലപ്പുഴയിൽ ചേർന്ന് സമുദായത്തിന്റെ ലേബർ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. തൊഴിലാളികളുടെ സംഘടിത കൂട്ടായ്മയെ ലക്ഷ്യമാക്കി ‘വേലക്കാരൻ’ എന്ന പത്രം ആരംഭിച്ചു.*

*1930ൽ സഹോദരൻ കെ.അയ്യപ്പൻ വിവാഹിതനായി. അയ്യാക്കുട്ടി ജഡ്ജിയുടെ മകൾ പാർവ്വതിയാണ് ഭാര്യ. സുഗത, ഐഷ എന്നിവരാണ് മക്കൾ.*

*ശ്രീനാരാണഗുരു വിഭാവനം ചെയ്ത സാമൂഹിക നീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹോദരൻ അയ്യപ്പൻ മുൻകൈയെടുത്ത് ആലുവ തോട്ടുമുഖത്ത് ശ്രീനാരായണ സേവികസമാജവും സ്കൂളും ആനന്ദഭവനവും ആരംഭിച്ചു. ശ്രീനാരായണഗിരി എന്ന പേരിലാണ് ഇന്നവിടം അറിയപ്പെടുന്നത്. 1968 മാർച്ച് 6ന് സഹോദരൻ കെ.അയ്യപ്പൻ അന്തരിച്ചു. ശ്രീനാരായണഗിരിയിൽ സംസ്കരിച്ചു.*

## കോടതിക്കഥകൾ – 32

# ഒ.വി.ആർ.വക്കീലിന്റെ 'ഏകലോചന വിദ്യ'



അഡ്വ.വർഗീസ് പി. തോമസ്

**ഒ.**വി.ആർ. വക്കീലിന്റെകൂടെ ചാക്യാർകൂത്ത് കണ്ട ഒരു വിദേശ വനിതയ്ക്കു പറ്റിയ അമളിയാണ് ഈ കഥയിലെ രംഗപടം. ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, കൂടിയാട്ടം, കഥകളി ഇവയെല്ലാം ക്ഷേത്രകലകളിൽ പെടുന്നു. വിദേശികൾക്ക് ഈ കലകളും അനുബന്ധ ശില്പങ്ങളും എന്തൊക്കെയെന്ന് അറിയില്ല. ഇവയിൽ ആകൃഷ്ടരായി ആസ്വദിക്കാനും പഠിക്കാനും എത്തുന്നവരുണ്ട്. ഒരു വിദേശ വനിത 'ദുര്യോധന വധം കഥകളി' എന്നതിന് 'ദുര്യോഠന വഠം കഠകളി' എന്ന് ഉച്ചരിച്ച സന്ദർഭവുമുണ്ട്.

ഈ കലകളിൽ കഥാപാത്രങ്ങൾ നവരസങ്ങളാൽ അല്ലെങ്കിൽ ഭാവങ്ങളാൽ, രംഗത്തിനിണങ്ങുംവിധം അഭിനയിച്ചു കാണിക്കും. ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, വീരം, ഭയാനകം, ഭീബത്സം, അദ്ഭുതം, ശാന്തം എന്നിവകളാണല്ലോ നവരസങ്ങൾ. ഈ ഭാവങ്ങളിൽ കൈവിരൽ കൊണ്ടും കണ്ണുകൾ കൊണ്ടും ചില വിദ്യകൾ കാണിക്കും. അതിലൊന്നാണ് 'ഏകലോചനവിദ്യ'. ഒരേസമയം ഒരു കണ്ണിൽ ഒരു വികാരവും മറ്റേ കണ്ണിൽ മറ്റൊരു വികാരവും സമന്വയിപ്പിച്ച് ഭാവങ്ങൾ പ്രകടിപ്പിക്കുക എന്നതാണ്.

ചാക്യാർകൂത്തിലെ അവതരണരീതി വിനോദനിറവോടെ അവഹേളിക്കുക, അധിക്ഷേപിക്കുക, പരിഹസിക്കുക എന്നതാണ്. അതിൽ ഹാസ്യാനുകരണ കവിതകൾ ചൊല്ലാം, കോമാളിത്തം കാട്ടാം. എല്ലാം കാഴ്ചക്കാരുടെ വിനോദത്തിനു വേണ്ടിത്തന്നെ.

കുഞ്ചൻ നമ്പ്യാർ ചാക്യാർകൂത്തിന് മിഴാവ് കൊട്ടുന്ന കലാകാരനായിരുന്നു. കൊട്ടിക്കൊണ്ടിരുന്നപ്പോൾ ഉറങ്ങിപ്പോയി. അപ്പോൾ ചാക്യാർ സദസ്യരുടെ മുൻപിൽവച്ച് അദ്ദേഹത്തെ പരിഹസിച്ചു. അതുവരെ ചെയ്ത മിഴാവ് കൊട്ടൽ ഉപേക്ഷിച്ച് തുള്ളൽ കലാരൂപം എന്ന പ്രസ്ഥാനം തുടങ്ങി. അങ്ങനെ കുഞ്ചൻ നമ്പ്യാർ തുള്ളൽ കലാരൂപത്തിന്റെ ഉപജ്ഞാതാവായി. തൃപ്തി നൽകുന്ന ഈ കലയാണ് തനിക്കു യോജിച്ചതെന്നു ബോധ്യപ്പെട്ടു. ചിലർ നിത്യവും ചെയ്യുന്ന ജോലിയിൽനിന്നു വ്യത്യസ്തമായി മറ്റൊന്നു തിരഞ്ഞെടുക്കുമ്പോൾ അതു മികച്ചതായിത്തീരുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്.

ഈ അടുത്തകാലത്ത് ഒരു ചാക്യാർകൂത്ത് കലാകാരൻ പരിഹാസരൂപേണ ആനുകാലിക സംഭവം അവതരിപ്പിച്ചപ്പോൾ, ചാക്യാരെ ഒരു സ്ത്രീ വേദിയിൽ കയറി കരണത്തടിച്ചു. ശിവരാത്രിയോടനുബന്ധിച്ച് ആലുവ മണപ്പുറത്ത് നഗരസഭ നടത്തിയ ദൃശ്യോത്സവത്തിലാണ് ഈ സംഭവം അരങ്ങേറിയത്. പുരുഷന്മാരുടെയും സ്ത്രീകളുടെയും ന്യൂജൻ വസ്ത്രധാരണ രീതിയെപ്പറ്റി, കൂത്തിനിടയിൽ പരിഹാസരൂപേണ പാടി അഭിനയിച്ച് അവതരിപ്പിച്ചു. ഇതൊരു തമാശയായി കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ചാക്യാർ അരങ്ങിൽ കൂത്ത് നടത്തിയത്. എങ്കിലും അതിഷ്ടപ്പെടാതിരുന്ന ആ സ്ത്രീ വേദിയിലെത്തി അടിക്കുകയായിരുന്നു.

നഗരസഭാ അധികാരികളും പോലീസും ചേർന്ന് അവരെ ബലമായി പിടിച്ചുമാറ്റി. ഏകദേശം 55 വയസ്സുണ്ടായിരുന്ന ആ സ്ത്രീ ലെഗ്ഗിൻസ് ആണ് ധരിച്ചിരുന്നത്. അകാരണമായി തന്റെ കരണത്തടിച്ചതിനെ കലാകാരൻ ചോദ്യം ചെയ്തപ്പോൾ, അവർ മൈക്കിനടുത്തെത്തി അസഭ്യം കൂടി പറഞ്ഞെന്ന് ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നു. സംഘാടകർ കലാകാരനെ ഒരുവിധം സമാധാനിപ്പിച്ച് കേസ് ഇല്ലാതാക്കി.

ഒരു ഓണനാളിൽ ഒ.വി.ആർ വക്കീലും കുടുംബവും അദ്ദേഹത്തിന്റെ കൂട്ടുകാരിയായ ഒരു ഫ്രഞ്ച് വനിതയേയും കൂട്ടി ചാക്യാർകൂത്തും മറ്റ് ഓണക്കളികളും കാണാൻ പോയി. അവർ ഫ്രഞ്ചുവനിതയെങ്കിലും ആംഗലേയ ഭാഷയിൽ പ്രാവീണ്യം നേടിയവരാണ്.

സംഭവം നടക്കുന്നത് എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിലാണ്. അവിടെ ഗ്രേയ്സ്‌ലാൻഡ് (കൃപാസ്ഥലം) എന്നു പേരുള്ള റിട്ടയർമെന്റ് ഹോം ഉണ്ട്. ഔദ്യോഗികമായി മുന്തിയ സ്ഥാനങ്ങൾ വഹിച്ചിരുന്നവർ അവിടെ താമസിക്കുന്നു. അവരുടെ മാന്യതയ്ക്കൊത്ത സൗകര്യങ്ങളോടെ ജീവിതകാലം താമസിക്കുന്നതിന് അവകാശമുണ്ട്. മുന്തിയ സങ്കേത സദനമെന്നോ റിസോർട്ട് എന്നോ വിളിക്കാം. അവിടെ സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിലെ മുഖ്യ അതിഥികളായിരുന്നു ഒ.വി.ആറും കുടുംബവും.

ഓണാഘോഷ പരിപാടികളിൽ ചാക്യാർകൂത്ത് എന്ന കലാപ്രകടനം പ്രധാന സ്ഥാനം പിടിച്ചിരുന്നു. 'പാഞ്ചാലി സ്വയംവരം' ആയിരുന്നു അരങ്ങത്തെ കഥാവതരണം. ഒരു മണിക്കൂർ നീളുന്ന ആ ക്ഷേത്ര കലാരൂപവും മറ്റും കാണാൻ വൻ സദസ്സുണ്ട്. കഥ അവതരിപ്പിക്കുന്ന ചാക്യാർ രംഗത്തെത്തി. ഒ.വി.ആറും കുടുംബവും കൂട്ടുകാരിയും മുൻസീറ്റുകളിൽ ഉപവിഷ്ടരായി.

ചാക്യാർ കൂത്താരംഭിച്ചു. തന്റെ മുഖത്തു നവരസങ്ങൾ സന്ദർഭത്തിനു ചേരുംവിധം താളമേളങ്ങൾക്കൊപ്പം പ്രകടിപ്പിച്ചുതുടങ്ങി. കണ്ണിൽ 'ഏകലോചനവിദ്യ' കാട്ടി. അദ്ദേഹം ദൃഷ്ടികൾ കൊണ്ട് രൗദ്രശോകരസങ്ങൾ സമന്വയിപ്പിച്ചു. ഇരുകൈകളിലെയും വിരലുകൾ കൊണ്ട് മിഴാവ് കൊട്ടുകാരന്റെ, ശബ്ദതാളത്തിനൊത്ത് മുദ്രകൾ കാട്ടി, 'അക്ഷരാമുഷ്ടികാകഥനം' (കാര്യങ്ങളെ സംക്ഷേപിക്കുവാനും പ്രകടമാക്കുവാനും അക്ഷരങ്ങളുടെ മുദ്രയനുസരിച്ച് അംഗുലത്തിൽ കൂടി ആശയം വെളിപ്പെടുത്തുന്ന പ്രകടനങ്ങൾ എന്നർത്ഥം.) നടത്തി. അല്പനേരം കഴിഞ്ഞ്, ചാക്യാർ സ്റ്റേജിൽ നിന്നും താളം തെറ്റാതെ പുറത്തുചാടി.

ആട്ടക്കഥയുടെ ഭാഗമായി പരിഹാസരൂപേണ രൗദ്രഭാവവും ശൃംഗാരവും സമ്മിശ്രമായി കാട്ടി, മുൻപിലിരുന്ന ഒ.വി.ആറിന്റെ നേരെ ചാക്യാർ ദൃഷ്ടി പതിപ്പിച്ച് അടുത്തുവന്ന് പാടി:

> പാഞ്ചാലിക്കഞ്ചുഭർത്താക്കന്മാരിവർ
> അഞ്ചുപേരും കൊഞ്ചിക്കുഴഞ്ഞ്
> പഞ്ചപ്രിഷ്ഠത്തു നിന്നങ്കിമാറ്റി
> രോമകഞ്ചു കുഞ്ചിതരായി,
> ട്ടഞ്ചുപേരുംകാമതരളിതയോടെ
> കൊഞ്ചിക്കുഴഞ്ഞൻപോടപേക്ഷിച്ചു:
> പാഞ്ചാലീ! നിൻ അധരങ്ങളിലടിപൊളിമുത്ത
> മിട്ടടക്കുവാൻ വെമ്പൽകൊള്ളുന്നിതഞ്ചുപേരും

പരിഹാസച്ചുവയുള്ള കവിതയുടെ തുടർച്ച പ്രാസമൊപ്പിച്ച് അടുത്ത പല്ലവിയും ഒ.വി.ആർ.നുമേൽ ചൊരിയുമെന്നുറപ്പായി. ചാക്യാരുടെ ശൃംഗാരം ഒ.വി.ആറിന് ഒട്ടും ഇഷ്ടമായില്ല.

ചാക്യാരുടെ രൗദ്രഭാവത്തിനും മേലേക്ക്, ചാക്യാരുടെ മുഖത്തേക്ക് ഒ.വി.ആർ. ക്രോധത്തോടെ ദൃഷ്ടിപതിപ്പിച്ച്, അല്ല ഏകലോചനവിദ്യ കാട്ടി. സിനിമാനടൻ മോഹൻലാൽ ഏതോ ഒരു സിനിമയിൽ "നീ പോടാ മോനെ ദിനേശാ..." എന്ന് പറഞ്ഞപ്പോൾ ഉണ്ടായ അതേ ഭാവപ്രകടനം!! പന്തികേടായെന്നു മനസ്സിലാക്കിയ ചാക്യാർ പെട്ടെന്ന് ഒ.വി.ആറിനെ ഒഴിവാക്കി ഫ്രഞ്ചുവനിതയുടെ മുൻപിലെത്തി. അവരുടെ കണ്ണിലേക്ക് ദൃഷ്ടിപതിപ്പിച്ച്, ചാക്യാരുടെ വലതുകൈയിലെ അഞ്ചു വിരലുകളും വിടർത്തി കൈപ്പത്തി അവരുടെ നേരേ നീട്ടി. തള്ളവിരലിന്റെ അറ്റംകൊണ്ട് ചൂണ്ടുവിരൽ മുതൽ അണിവിരൽ വരെ തൊട്ടുതൊട്ടു കാണിച്ചു. ഒന്നു രണ്ടു തവണ വലതു കൈപ്പത്തി നീട്ടിയും പിൻവലിച്ചും കാട്ടി, ഒ.വി.ആറിനെ പാടിക്കേൾപ്പിച്ച പോലെ പാടി.

**ഒ.വി.ആർ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഒ.വി. രാധാകൃഷ്ണനെ പ്പറ്റി അറിയാത്ത അഭിഭാഷകർ കേരളക്കരയിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ടായിരുന്ന പലരും ഹൈക്കോടതിയിൽ ന്യായാധിപന്മാരായി. ചെറുപ്പത്തിൽ വക്കീൽ തൊഴിലിലെത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ മുൻനിരയിലെത്തിയ സുമുഖനായ ഇദ്ദേഹം, ന്യായാധിപരുടെയും അഭിഭാഷകരുടെയും ഉപദേഷ്ടാവായി. സൗഹൃദം കാത്തുസൂക്ഷിക്കുന്ന ഈ സീനിയർ അഭിഭാഷകൻ നർമസംഭാഷണപ്രിയനാണ്. സ്വകാര്യ സംഭാഷണങ്ങളിൽ പോലും കാര്യങ്ങൾ അവതരിപ്പിക്കുന്നതു പഞ്ചമുഷ്ടിക അക്ഷരാമുഷ്ടികാകഥനത്താലും ഏകലോചനവിദ്യയാലും ആണെന്ന് അടുക്കുന്ന എല്ലാവർക്കും അറിയാം.**

ഈ ആട്ടവും കൂത്തും മുദ്രകളും വിദ്യകളും ഭാഷയും മനസ്സിലാകാതെ ആ വിദേശ വനിത അന്തംവിട്ട് ചാക്യാരുടെ കൈപ്പത്തിയിലും മുഖത്തും മാറി മാറി നോക്കി. ഇടയ്ക്ക് സംശയ നിവാരണം വരുത്താൻ ഒ.വി.ആർ.നെയും നോക്കി. ചാക്യാർ തുടർച്ചയായി വിവിധ ഭാവങ്ങൾ പ്രകടിപ്പിച്ച് ഏകലോചന വിദ്യയും അക്ഷരാമുഷ്ടികാകഥനവു ം നടത്തിക്കൊണ്ടിരുന്നു. ചാക്യാർ അടുത്തയാളിന്റെ അരികിലേക്ക് നീങ്ങുന്നതിനു മുൻപ് ദ്വിമുഷ്ടികൾ കൂട്ടി വിദേശ വനിതയെ കൂപ്പി നമസ്കരിച്ചു.

അഞ്ച് അംഗുലത്തിൽ തൊട്ട് മുദ്രകൾ കാട്ടിയപ്പോൾ അവർ അനുമാനിച്ചു, ഒന്നുകിൽ അഞ്ചു ഡോളറോ അല്ലെങ്കിൽ അഞ്ച് ഇന്ത്യൻ റുപ്പിയോ ആവശ്യപ്പെട്ടതായിരിക്കാം. സംശയനിവാരണത്തിന് പെട്ടെന്ന് അവർ ഒ.വി.ആറിനെ തോണ്ടി, ചോദിച്ചു:

" Shall I make a payment of Five Dollars or Five Rupees to him? He is asking!" ഒ.വി.ആർ. പൊട്ടിച്ചിരിച്ചു. ആ ചിരികണ്ടപ്പോൾ ഫ്രഞ്ചുവനിതയ്ക്ക് മനസ്സിലായി, ചോദ്യം അബദ്ധമായിരുന്നെന്ന്. ചാക്യാർകൂത്തിനെപ്പറ്റിയും കഥകളിയെപ്പറ്റിയും കൂടിയാട്ടത്തെപ്പറ്റിയും തനിക്കറിയാവുന്നത് അവരെ പറഞ്ഞു മനസ്സിലാക്കാൻ അദ്ദേഹം ശ്രമിച്ചു. അവർക്കു മനസ്സിലാകാത്ത ഭാഗം ഏകലോചനവിദ്യയിലും പഞ്ചപുഷ്ട അക്ഷരാമുഷ്ടികാകഥനത്തിലും കൂടി മനസ്സിലാക്കിക്കൊടുത്തു. ഇതു സുഹൃത്തുക്കളായ വക്കീലന്മാരുടെ ഇടയിലെ ഭാഷ്യം.

ഒ.വി.ആർ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഒ.വി. രാധാകൃഷ്ണനെപ്പറ്റി അറിയാത്ത അഭിഭാഷകർ കേരളക്കരയിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല.

അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ടായിരുന്ന പലരും ഹൈക്കോടതിയിൽ ന്യായാധിപന്മാരായി. ചെറുപ്പത്തിൽ വക്കീൽ തൊഴിലിലെത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ മുൻനിരയിലെത്തിയ സുമുഖനായ ഇദ്ദേഹം, ന്യായാധിപരുടെയും അഭിഭാഷകരുടെയും ഉപദേഷ്ടാവായി.

സൗഹൃദം കാത്തുസൂക്ഷിക്കുന്ന ഈ സീനിയർ അഭിഭാഷകൻ നർമസംഭാഷണപ്രിയനാണ്. ഇതു മൂലം ഓവിയാർ നിൽക്കുന്നിടത്ത് അദ്ദേഹത്തെ കേൾക്കാൻ കൗതുകത്തോടെ മറ്റഭിഭാഷകർ വട്ടം കൂടും. കാരണം അദ്ദേഹം സ്വകാര്യ സംഭാഷണങ്ങളിൽ പോലും കാര്യങ്ങൾ അവതരിപ്പിക്കുന്നതു പഞ്ചമുഷ്ടിക അക്ഷരാമുഷ്ടികാകഥനത്താലും ഏകലോചനവിദ്യയാലും ആണെന്ന് അടുക്കുന്ന എല്ലാവർക്കും അറിയാം.

### 100 വർഷം മുമ്പ്

**നവംബർ 02** ആലപ്പുഴയിൽ നിന്ന് നായകൻ എന്ന പ്രതിവാര പത്രം പ്രസിദ്ധീകരിച്ചുതുടങ്ങി.

**നവംബർ 04** ചാത്തമംഗലത്തിനടുത്ത് ഒരു നമ്പൂതിരിയെ അവർണ്ണരുടെ ഭക്ഷണം കഴിച്ചതിന്റെ പേരിൽ ജാതിയിൽ നിന്നും പുറത്താക്കി

**നവംബർ 13** കൽപാത്തി രഥോത്സവത്തിന് അഗ്രഹാരത്തിൽ പ്രവേശിക്കാൻ ശ്രമിച്ച ആര്യസമാജക്കാർക്ക് പ്രവേശനം നിഷേധിച്ചു. ഈഴവർ, തിയ്യർ, പാണർ, ചെറുമക്കൾ, പറയർ എന്നീ ജാതികളിൽപ്പെട്ടവർ പതിമൂന്നാം തീയതി മുതൽ പതിനഞ്ചാം തീയതി വരെ കൽപാത്തി അഗ്രഹാരങ്ങളിലും തെരുവുകളിലും പ്രവേശിക്കരുതെന്ന് സബ് ഡിവിഷൻ മജിസ്ട്രേറ്റ് കുഞ്ഞിരാമൻ നായർ ഉത്തരവ് പുറപ്പെടുവിച്ചു.

ചെറുകഥ

# ബെറ്റർ പാരഡൈസ്



സുരേഷ് വർമ

**ത**ണുപ്പ് പൂർണ്ണമായും കൈവശപ്പെടുത്തിയ മുറിയിൽ ശ്മശാന മൌനം. പുറത്ത്, സൂര്യൻ ആകാശത്തെ ചോര മുഴുവൻ കുടിച്ചു മുങ്ങിച്ചത്തു.

കമൽ ദാസ് പറഞ്ഞു.

'മൈ ടൈം ഈസ് പ്രെഷ്യസ്.. ആഫ്ടർ ആൾ, ടൈം ഈസ് മണി.... നമുക്ക് അര മണിക്കൂർ ഡിസ്കഷൻ... അതിനകം കൃത്യമായ തീരുമാനങ്ങൾ ഉണ്ടാകണം.'

അവർ അഞ്ചു പേരുണ്ടായിരുന്നു.

നേർ മുന്നിൽ, ആർകിടക്റ്റ് അമർ ഷെട്ടി, അടുത്ത നിരയിൽ യുണിവേഴ്സൽ ബിൽഡേർസ് എം ഡി ചന്ദ്രശേഖർ പ്രഭു, എൻജിനീയർ സ്റ്റീഫൻ തോമസ്. പിന്നെ, അരികിൽ രണ്ടു ക്യാമറകളിൽ ശബ്ദചിത്രങ്ങൾ ശ്രദ്ധാപൂർവ്വം പകർത്തുന്ന മിഥുൻ റോയ്.

കമൽ ദാസിന്റെ വലം കയ്യിലെ ഡിജിറ്റൽ വാച്ച് ഓർമ്മിപ്പിച്ചു. ഇട്സ് സിക്സ് ഫിഫ്റ്റീൻ ....

'യസ്സ്... മൈ ഡിയർ ഫ്രൻസ് ..'

ഒരു കോർപറേറ്റ് ലീഡർന്റെ കരിനീല ഗൌരവം അയാളുടെ കവിളുകളിലേക്ക് ഇരച്ചു കയറി.

അയാൾ വലിയ സോഫയുടെ പതു പതുപ്പിലേക്ക് ഒന്നുകൂടി അമർന്നിരുന്നു. കണ്ണട അടർത്തി ടീപോയ്യുടെ മുകളിൽ വെച്ചു. മുന്നിലിരുന്നു മിനറൽ വാട്ടർ നുണയുന്ന അമർ ഷെട്ടിയെ തെല്ലു അലോസരത്തോടെ ഒന്ന് നോക്കി. ആ കണ്ണേറിന്റെ മൂർച്ചയിൽ അയാൾ പെട്ടെന്ന് കുപ്പി കൊർക്കിട്ടടച്ചു.

'ഫ്രെൻസ്.. പ്ലീസ് ബീ അറ്റണ്ടിവ്......!

നിങ്ങൾ ഈ നഗരത്തിൽ സ്വന്തം മേഖലകളിൽ ഒന്നാംനമ്പർ ഗുഡ്വിൽ ഉള്ളവരാണ്..

എനിക്ക് നിങ്ങളുടെ സഹകരണം വേണം.... അദ്ധ്വാനം വേണം.

ഞാൻ കോട്ടേഷന്റെയും ടെണ്ടർകളുടെയും പിന്നാലെ പോകുന്നില്ല. എന്റെ ഈ ഡ്രീം പ്രോജക്റ്റ് ഞാൻ നിങ്ങളെ മൂന്നു പേരെയും എല്പിക്കുകയാണ്. പണം പ്രശ്നമല്ല. പക്ഷെ എന്റെ ഐഡിയാസ്..... അതിൽ തെല്ലും മാറ്റം ഉണ്ടാകരുത്. എനിക്ക് ഫ്രീക്വന്റ് ആയി നേരിട്ട് മോണിട്ടർ ചെയ്യാനും പറ്റില്ല.. യൂ ആർ അവേർഓഫ് ദാറ്റ് ... മൈ ടൈം ഈസ് പ്രെഷ്യസ്..... !!

ഇനി കാര്യത്തിലേക്ക് കടക്കാം.

എന്റെ പ്രൊജക്ടിനെ കുറിച്ചും അതിന്റെ രൂപരേഖയും ഞാൻ മുൻപ് വിശദീകരിച്ചിരുന്നുവല്ലോ. ഇത് അതിവേഗം പൂർത്തിയാകണം. ആകെ പതിനെട്ട് ഏക്കർ സ്ഥലം.... വൃത്താകൃതിയിലാണല്ലോ നമ്മുടെ ബിൽഡിംഗ്. ഇപ്പോൾ നേർപാതി തീരണം. സെക്കണ്ട് ഫേസ് പിന്നിട് ട്രെൻഡ് നോക്കി പ്ലാൻ ചെയ്യാം.

യു സീ.. ചുറ്റു മതിലുകൾക്ക് പോലും കസ്ററമേർസിനെ മാടി വിളിക്കാൻ കഴിയണം. ഇവിടെ പലപ്പോഴും യഥാർത്ഥ 'ഉപഭോക്താവല്ല' നമുക്ക് പെയ്മെന്റ് തരുന്നത് എന്ന വസ്തുതയും മനസ്സിൽ ഉണ്ടാകണം. അയാളെ, അല്ലെങ്കിൽ അവളെ സ്നേഹിക്കുന്നവരോ അങ്ങനെ നടിക്കുന്നവരോ ആകാം നമ്മെ തേടി വരുന്നത്. നമ്മുടെ പ്രോജക്റ്റ് കൂടുതലും വിദേശ ഇന്ത്യക്കാരെ ലക്ഷ്യം ആക്കിയുള്ളതാണ്. നമുക്ക് ക്ലൈമാക്സിൽ നിന്ന് താഴേക്കു തുടങ്ങാം.'

കമൽ ദാസിന്റെ കോർപറേറ്റ് പുഞ്ചിരി മറ്റു നാല് പേരും നിവൃത്തികേട് കൊണ്ട് ഏറ്റു വാങ്ങി. അയാളുടെ പ്രൈവറ്റ് സെക്രട്ടറി ജന്നിഫർ അനുമതി കൂടാതെ കടന്നു വന്നു.

പുത്തൻ കാലത്തിന്റെ ചടുല ലാസ്യഭാവം പേറി അവൾ അയാളുടെ കസേരയോട് ചേർന്ന് നിന്നു.

അപ്പോൾ മൂർച്ചയുള്ള അവളുടെ ഇടത്തെ മാറിടം അയാളുടെ ചെവിയിൽ എന്തോ രഹസ്യം പറയുന്നുണ്ടായിരുന്നു.

'ആദ്യമായി ഭൂമി നിരപ്പാക്കണം. ഇന്ന് തന്നെ ഒരു ഹോർട്ടികൾച്ചറിസ്റ്റ്നെ വിളിക്കുക. കെട്ടിടങ്ങളുടെ ഏറിയ വിട്ടു എല്ലായിടത്തും മാവും ആലും മംഗോസ്ടയും മറ്റു ഫലവൃക്ഷങ്ങളും വെച്ചു പിടിപ്പിക്കണം.

നമുക്ക് വസന്തം കാത്തു നിൽകേണ്ടി വരരുത്.എന്നും പുഷ്പിക്കുന്ന പൂന്തോട്ടം തന്നെ വേണം. മരങ്ങളും ഗാർഡനും രണ്ടു

കൊല്ലത്തിനകം തയ്യാറാകണം. അതിനു വേണ്ട വളവും മരുന്നും നിർലോഭം നൽകാൻ അവനോടു പറയണം.

സ്ററീഫൻ തോമസ്സിന്റെ പുരികം ചുളിഞ്ഞു ' സർ..അത്...'

'സ്റ്റീഫന്ജീ, നിങ്ങൾ മരങ്ങളുടെ ചിത്രം വരച്ചു കൊടുക്കൂ. അവർ നിങ്ങൾ ആഗ്രഹിക്കുന്ന ദിശയിലേക്കു തന്നെ ചില്ലകളെ വളർത്തും ... വല്ലികളെ പടർത്തും..

ഇനി കുറഞ്ഞത് 25 സ്ത്രീകളെ അപ്പോയിന്റ് ചെയ്യണം. അവർ നാല് ഭാഷകൾ എങ്കിലും അറിയുന്നവർ ആയിരിക്കണം. വിവിധ പ്രായക്കാർ ആയിരിക്കണം. അവർക്ക് വ്യത്യസ്ത തരം വസ്ത്രങ്ങളും കൊസ്ട്യൂമുകളും അറേഞ്ച് ചെയ്യണം. പല ദേശത്തു നിന്നുള്ള ആചാരങ്ങൾ അവരെ പഠിപ്പിക്കേണ്ടി വരും.

എച്ച് ആറിലും പബ്ലിക് റിലെഷനിലും കടുത്ത മികവു പുലർത്തുന്ന ഒരു മിടുമിടുക്കൻ പി ആർ ഓ യെ ആണ് ഇനി നമുക്ക് ആവശ്യം. ഒപ്പം ജെർമനിയിൽ നിന്നും ഫ്യൂണറൽ മാനേജ്മെന്റിൽ ഉന്നത ബിരുദം നേടിയ ഒരാളെ ചീഫ് ഫ്യൂണറൽ മാനേജർ ആയി നിയോഗിക്കണം.

'ആരോ പുറത്തു വെയ്റ്റ് ചെയ്യുന്നു.' അവൾ അയാളുടെ കാതിൽ മന്ത്രിച്ചു. വീണ്ടും അവളുടെ മാറിടം അയാളുടെ തോളിൽ തട്ടി നിന്നു. ആ നനുത്ത വിരലുകൾ അയാളുടെ ചെവിക്കു മീതെ ഒരു ഗോപുരം പോലെ. ചുണ്ടുകൾ ചെവിയിൽ തീർച്ചയായും സ്പർശിക്കുന്നുണ്ടാകണം.

**ഇനി കാര്യത്തിലേക്ക് കടക്കാം.**

**എന്റെ പ്രൊജക്ടിനെ കുറിച്ചും അതിന്റെ രൂപരേഖയും ഞാൻ മുൻപ് വിശദീകരിച്ചിരുന്നുവല്ലോ. ഇത് അതി വേഗം പൂർത്തിയാകണം. ആകെ പതിനെട്ട് ഏക്കർ സ്ഥലം.... വൃത്താകൃതിയിലാണല്ലോ നമ്മുടെ ബിൽഡിംഗ്. ഇപ്പോൾ നേർപാതി തീരണം. സെക്കണ്ട് ഫേസ് പിന്നിട് ട്രെൻഡ് നോക്കി പ്ലാൻ ചെയ്യാം. യു സീ.. ചുറ്റു മതിലുകൾക്ക് പോലും കസ്ററമേർസിനെ മാടി വിളിക്കാൻ കഴിയണം. ഇവിടെ പലപ്പോഴും യഥാർത്ഥ 'ഉപഭോക്താവല്ല' നമുക്ക് പെയ്മെന്റ് തരുന്നത് എന്ന വസ്തുതയും മനസ്സിൽ ഉണ്ടാകണം. അയാളെ, അല്ലെങ്കിൽ അവളെ സ്നേഹിക്കുന്നവരോ അങ്ങനെ നടിക്കുന്നവരോ ആകാം നമ്മെ തേടി വരുന്നത്. നമ്മുടെ പ്രോജക്റ്റ് കൂടുതലും വിദേശ ഇന്ത്യക്കാരെ ലക്ഷ്യം ആക്കിയുള്ളതാണ്. നമുക്ക് ക്ലൈമാക്സിൽ നിന്ന് താഴേക്കു തുടങ്ങാം.'**

പക്ഷെ അയാളുടെ മുഖത്തെ നീലിച്ച ഗൌരവം തെല്ലും ചോർന്നു പോയില്ല. ഫ്രണ്ട്സ് ഇനി അൽപനേരം നിങ്ങൾ പരസ്പരം ഡിസ്കസ് ചയ്യുക. എന്നോടെന്തെങ്കിലും പറയാനുണ്ടെങ്കിൽ.. മടിക്കണ്ടാ.. നിങ്ങള്ക്ക് വേണ്ട അഡ്വാൻസ് തുകയും തീരുമാനിക്കുക. ഞാൻ 10 മിന്ട്ടിൽ മടങ്ങി എത്താം.

അയാൾ ലോണിൽ എത്തുമ്പോൾ കാത്തിരുന്ന ചെറുപ്പക്കാരൻ പെട്ടെന്ന് ഞെട്ടി എണീറ്റു.

'അനൂപ് ഇരിക്കൂ. ഇനിയും നിന്റെ പക്കൽ പുതിയ ആശയങ്ങൾ ഉണ്ടായിരിക്കും. നീ അവയൊക്കെ എനിക്ക് വിൽക്കുക.'

'കമൽ, അച്ഛൻ മരിച്ചു. എനിക്കിപ്പോൾ ഒരു നല്ല ജോലിയാണ് ആവശ്യം. പിന്നെ ഒരടിമയെ പോലെ ഞാൻ വിയർപ്പോഴുക്കാം.'

'എനിക്ക് നിന്റെ സേവനം വേണ്ട. പകരം നിനക്ക് ഞാൻ തുടർച്ചയായി അസൈൻമെന്റുകൾ തരാം.

നീ ചോദിക്കുന്ന പ്രതിഫലവും തരാം. സത്യസന്ധനും നെർവഴിക്കാരനുമായ അച്യുത കുറുപ്പിന്റെ നല്ലവനായ പുത്രന് എന്റെ ജോലികൾ സ്യൂട്ട് ആവില്ല. ഇപ്പോൾ നിന്റെ ഭ്രാന്തമായ പുത്തൻ ആശയങ്ങൾ മാത്രം പങ്കുവെക്കുക. 'അനൂപിന്റെ ചാരക്കണ്ണുകൾ വാചാലമായി അവൻ പതിയെ പറഞ്ഞു തുടങ്ങി.

'കുറെ പെണ്ണുങ്ങളെ കൂടി റിക്രൂട്ട് ചെയ്യണം. അവർ 'ബെറ്റർ പാരഡൈ സിലെ 'ശുചിത്വം ഉറപ്പാക്കട്ടെ. ചില മരണങ്ങൾക്ക് കൂട്ടക്കരച്ചിൽ അനിവാര്യമാണ്. ആ ചുമതല കൂടി ഇവരെ പഠിപ്പിക്കണം. പിന്നെ കുറെ. പുരോഹിതന്മാർ. എല്ലാ മത വിഭാഗത്തിലും ഉള്ളവർ. മന്ത്രോച്ചാരണങ്ങളും വേദ പാരായണങ്ങളും അന്ത്യ കർമ്മങ്ങളും എല്ലാം നന്നായി അറിയുന്നവർ. ഷോഡശ സംസ്കാരങ്ങളിലോക്കെ നല്ല പരിജ്ഞാനം ഉള്ളവർ. എല്ലാ ജാതി മതസ്ഥരുടെയും അന്ത്യകർമ്മങ്ങളുടെ ഒരു ലസാഗു കണ്ടു പിടിക്കണം.

ആ സ്ഥലത്തിനു പിന്നിലുള്ള 20 ഏക്കർ കൂടി വിലക്ക് വാങ്ങുക. വിദേശത്തു നിന്നും വരുന്ന മൃത ദേഹങ്ങൾക്ക് പറന്നിറങ്ങാൻ ഒരു ഹെലിപാഡ് വേണം. ബാക്കി സ്ഥലം കൊച്ചു കൊച്ചു പ്ലോട്ടുകളായി തിരിച്ചു പരേതാത്മാക്കൾക്കായി കല്ലറകളോ ക്ഷേത്ര മാതൃകയിൽ ഉള്ള കൊച്ചു സ്മാരകങ്ങളോ പണിയാം. ഇതെല്ലാം ചേർന്നുള്ള ഒരു പാക്കേജ് ഡീൽ ആകണം നമ്മൾ ഉപഭോക്താവുമായി ഉറപ്പിക്കാൻ. ജീവിതം മുഴുവൻ വെറുക്കപ്പെട്ടവനായി കഴിഞ്ഞ ഒരാൾ പോലും ഇവിടെ ആവാഹിക്കപ്പെട്ടാൽ പരിശുദ്ധനാകും എന്നൊരു ധാരണ പരത്താൻ നമുക്ക് കഴിയണം.

ഒരു നിർജീവ മനുഷ്യൻ ഒരിക്കൽ ഇവിടേക്ക് ആനയിക്കപ്പെട്ടാൽ അയാളുടെ അന്ത്യകർമ്മങ്ങൾ നടത്തി. അതിന്റെ ചിത്രങ്ങളും വീഡിയോ ദൃശ്യങ്ങളും നമ്മൾ ബന്ധുക്കൾക്ക് അയച്ചു കൊടുക്കും. അവർ ഇന്റർനെറ്റ് വഴി പണം മുൻകൂർ അടച്ചാൽ മാത്രം മതി. ഉടൻ തന്നെ 'ബെറ്റർ പാരഡൈസിന്റെ' വെബ് സൈറ്റും ബ്രോഷറുകളും തയ്യാറാക്കണം. ചങ്കിൽ തറക്കുന്ന പ്രോമോ വേണം..

വേദനയിൽ പിടഞ്ഞു മരണത്തോട് അടുക്കുംപോളും ഓരോ മനുഷ്യന്റെയും മനസ്സിൽ 'ബെറ്റർ പാരഡൈസ്'

അന്ത്യാഭിലാഷമായി തിളങ്ങണം. അരങ്ങൊഴിഞ്ഞ ഉപഭോക്താക്കൾക്ക് വർത്തമാന പത്രങ്ങളിൽ വര്ഷം തോറും ആദരാഞ്ജലികൾ പ്രസിദ്ധീകരിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. വേണ്ടി വന്നാൽ പരേതാത്മാവിനെ കുറിച്ചു ഫേക് ഡോക്കുമെന്ററിപോലും നിർമ്മിക്കാനുള്ള ഒരു ക്രിയേറ്റിവ് ടീമും നമ്മോടൊപ്പം ഉണ്ടാകണം. ചുരുക്കത്തിൽ തന്റെ ശരീരം ഒടുവിൽ ഇവിടെ എത്തിയാൽ, മനുഷ്യ മനസ്സിൽ ചിരഞ്ജീവി ആകാം എന്നൊരു സ്വപ്നത്തോടെ വേണം ഓരോ ഇന്ത്യക്കാരനും ജീവിക്കാനും മരിക്കാനും. അങ്ങനെ പലവിധത്തിലുള്ള പാക്കേജ് ഡീൽ. എംബാം ചെയ്ത് കോട്ടും സ്യൂട്ടുമിട്ട സുന്ദരികളുടെയും സുന്ദരന്മാരുടെയും ശവ ചിത്രങ്ങൾ വേണം ബ്രോഷറിലും പരസ്യചിത്രങ്ങളിലും കൊടുക്കാൻ. നമ്മുടെ പ്രോമോ കണ്ടാൽ, സിനിമാ നടികളുടെ പരസ്യവാചകം കേട്ട് കിഡ്നിയും കണ്ണുകളുമൊക്കെ ദാനം ചെയ്യാൻ തോന്നും പോലെ എല്ലാവർക്കും ഇവിടുത്തെ അന്ത്യമയക്കം മരണപത്രത്തിൽ എഴുതി വെക്കാൻ തോന്നണം.

'സർ.. പത്തു മിനിട്ട് കഴിഞ്ഞു.. യോ ടൈം ഈസ് പ്രെഷ്യസ് സർ..'

'നോ മേരി ജാൻ.. ' അയാൾ നന്നേ പതിയെ പറഞ്ഞു. 'ഇവന്റെ ഓരോ വാക്കിനും കോടികളുടെ മൂല്യമുണ്ട്.

കാലത്തെ വെല്ലുവിളിക്കുന്ന ബ്രെയിൻ.. പക്ഷെ പാവം അവനറിയില്ല അവന്റെ മൂല്യം..'

അത്ഭുതക്കണ്ണുകളോടെ അവൾ ആരാഞ്ഞു..

'അപ്പോൾ സർ തുച്ഛമായ ശമ്പളം കൊടുത്ത് അവനെ വിലക്ക് വാങ്ങുകയല്ലേ നമുക്ക് ലാഭം..?' ജനിഫർ

'അല്ല.. അവനെ ഇങ്ങനെ അലയാൻ വിടണം. ഒരു കസേരയിലിരുന്നാൽ ക്രിയേറ്റിവ് മനസ്സുകൾ

പൂത്തു കായ്ക്കില്ല ..'

അപ്പോഴും മുങ്ങിമരിച്ച സൂര്യൻ തിളച്ചു നിന്നിരുന്ന കറുത്ത ചക്രവാളത്തിൽ തന്നെയായിരുന്നു അനൂപിന്റെ കണ്ണുകൾ.

'ഉദ്ഘാടനത്തിന് കൃത്യം ഒരു മാസം മുൻപ് ആരെങ്കിലും മച്ചിമർ കോളനിയിലും അമ്ബദ്കർ നഗറിലും ഒന്ന് ചുറ്റിത്തിരിയണം. പല മതത്തിലുള്ള കുറച്ചു പേരിൽ നിന്നും സമ്മതപത്രം എഴുതി ഒപ്പിട്ടു വാങ്ങണം. എത്ര പണം വേണമെങ്കിലും കൊടുത്തേക്കണം.'

കമൽ പുരികം ചുളിച്ചു. ' നമ്മൾ എന്തിനാണ് പണം കൊടുത്ത് ശവംവാങ്ങുന്നത്.. ?'

'തുടക്കത്തിൽ ഇത് പോലെയുള്ള ഒരു ഫ്യൂണറാൽ മോളിലേക്ക് കടന്നു

# ബെറ്റർ പാരഡൈസ്

**കാലത്തിന്റെ കുസൃതിപ്പാച്ച്ചിലിൽ കമൽ ദാസ് വീണ്ടും ഉയരങ്ങളിലേക്ക്.. രാജ്യത്തെ ഏറ്റവും സമ്പന്നരുടെ പട്ടികയിലെ ആദ്യ പേരുകളിൽ ഒന്നായി മാറാൻ വെറും പതിനഞ്ചു മാസമേ വേണ്ടി വന്നുള്ളൂ. ലയൻസ് ക്ലബ്ബിന്റെ സ്വീകരണ ചടങ്ങിൽ സംബന്ധിക്കു മ്പോൾ ആണ് അനൂപിന്റെ കാൾ.' സർ ബെറ്റർ പാരഡയിസ്നമുക്ക് അടുത്ത മാസം അവസാനം ഉദ്ഘാടനം ചെയ്യാം.. എല്ലാം സാറിന്റെ സങ്കൽപം പോലെ തന്നെ'.**

**ക്യാപ്ടൻ വിനയ് മാത്തൂർ പ്രശംസയി ൽ തിളപ്പിക്കുകയാണ്. മനസ്സ് മുഴുവൻ ഡ്രീം പ്രോജക്ടായ 'ബെറ്റർ പാര ഡായസ്സിൽ'.**

വരാൻ ഉന്നതർ ഒന്ന് മടിക്കും.

അപ്പോൾ നമുക്ക് രണ്ടു മൂന്നു പേരുടെ എങ്കിലും അന്ത്യകർമ്മങ്ങൾ മാധ്യമങ്ങൾക്ക് മുൻപാകെ നടത്തി വിശ്വാസ്യത നേടണം.

പിന്നെ എല്ലാം എളുപ്പമാണ് ..'

' നീ പറയുന്നതിൽ കാര്യമുണ്ട് .. പക്ഷെ അപ്പോൾ ഏതോ ചേരിയിലെ ദരിദ്രവാസിയായ ഒരു ക്ഷയരോഗി ആയേക്കാം നമ്മുടെ ഉദ്ഘാടന വസ്തു !!!'

'അതിനെന്താ.?' അനൂപ്.

' വെളുത്തു തുടുത്ത സുന്ദരനായ ഒരു യുവ വൃദ്ധന്റെ മൃതദേഹമാണ് എന്റെ മനസ്സിൽ. ആൾ ഒരു സൂപ്പർ വീ ഐ പി ആയാൽ

ഒരു പക്ഷെ, രാഷ്ട്ര നേതാക്കൾ പോലും വന്നേക്കാം. അത് നമുക്ക് വലിയ മൈലേജ് ആകും. അയാളുടെ ശിരസ്സ് പിളരുകയും ചില ശരീര ഭാഗങ്ങൾ മുറിഞ്ഞു മാറുകയും ചെയ്താൽ കൂടുതൽ ഗുണകരമാകും.'

'അതെങ്ങനെ..?'

'നമ്മുടെ എമ്ബാമിംഗ് ടീമിൻറെയും മറ്റും സിദ്ധികൾ നമുക്ക് കൂടി ബോധ്യമാകാൻ ഒരു അവസരം ആകുമല്ലോ.. വിലാപ യാത്രക്ക് വേണ്ട വാഹനങ്ങൾ, അലങ്കാരങ്ങൾ, ഫ്ളക്സ് ബോർഡുകൾ ... എല്ലാം നമുക്ക് തയ്യാറാക്കാൻ കഴിയണം. ഒരു വലിയ ഇവന്റ് മാനേജ്മന്റ് ആണിതൊക്കെ'

കമൽ പൊടുന്നനെ അവൾക്കു നേരെ പുരികം ഇളക്കി.

ജനിഫർ ഒരു ചെറിയ തുകൽ ബാഗ് അനീഷിനു മുന്നിൽ തുറന്നു. അപ്പോൾ അയാളുടെ ചാരകണ്ണുകളിൽ ആഹ്ലാദത്തിന്റെ രണ്ടു കൊച്ചു തീ തുണ്ടുകൾ.

'അഞ്ചു ലക്ഷം ഉണ്ട് 'കമൽ പറഞ്ഞു' വീണ്ടും അത്യാവശ്യം വന്നാൽ അറിയിക്കുക'

'താങ്ക് യു കമൽ..സോറി...താങ്ക് യു സർ.' നേരിയ വിറയലോടെ കൊച്ചനിയത്തിയ്ടെ കല്യാണവും അമ്മയുടെ ചികിത്സയും അടങ്ങുന്ന ആ ബാഗും വഹിച്ചു അവൻ പുറത്തിറങ്ങി.

**പുലർച്ചെ ബി എൽ ഡബ്ലിയൂ മലഞ്ചെരുവിലൂടെ പായുമ്പോൾ, അയാൾ അവളുടെ മടിയിൽ തല ചായ്ച്ചു ഓഹരി വിപണി യുടെ വിശേഷങ്ങൾ വായിച്ചു കിടന്നു.**

**ജുഹുവിലെ ബംഗ്ലാവിൽ എത്തുമ്പോൾ വീട്ടു ജോലിക്കാർ ആദരവോടെ തലകുനിക്കും.പോളും ആനും അനീഷും ഓടിയെത്തി രണ്ടു കയ്യിലും തൂങ്ങുമ്പോളും സാന്ദ്ര 'ഹായ് കമൽ' എന്ന് പറയുമ്പോളും അയാൾ മറ്റൊരു ലോകത്തായിരുന്നു. ഓഫീസിൽ ഇരുകരയിലും നിന്ന് അഭിവാദ്യം ചെയ്യുന്നവരെ എന്നപോലെ അവർക്ക് ഒരു വെറും പുഞ്ചിരി എറിഞ്ഞു കൊടുത്തുകൊണ്ട് അയാൾ നേരെ ഡാഡിയുടെ മുറിയിലേക്ക് കടന്നു. ബിസ്നസ് ടൈക്കൂൺ പ്രഫുൽ ദാസ് വീഡിയോ കോൺഫറന്സിൽ നിന്നും തല തിരിച്ചു കമലിന് നേരെ കൈ നീട്ടി.**

പ്രഭുവും സ്റീഫനും ഒട്ടും അക്ഷമരായിരുന്നില്ല. അൽപസമയം കൂടി സംസാരിച്ച് അവരും യാത്രയായി. അയാളുടെ വലംകൈ ജനിഫറിന്റെ അരക്കെട്ടിലേക്കു നീണ്ടു. അവളെ ചേർത്തണച്ചു ഏഴാം നിലയിലെ പൂന്തോപ്പിലെ ചന്ദ്രികയിലേക്ക്..

രണ്ടാം ലാർജിലെ സ്വര്ന്നത്തിളക്കത്തിലേക്ക് തുളയുള്ള ഐസ് ക്യൂബുകൾ പതിക്കുമ്പോഴേക്കും അയാളുടെ നിയന്ത്രണം നഷ്ടമായി തുടങ്ങിയിരുന്നു..

അപ്പോൾ നേർത്ത കുങ്കുമ നിറമായിരുന്നു അയാളുടെ കവിളുകൾക്ക്. അവളെ വാരി പുതച്ചു കൊണ്ട് അയാൾ മന്ത്രിച്ചു..

'ഹണീ.. വേഗം വരൂ.. മൈ ടൈം ഈസ് പ്രെഷ്യസ്..'

പുലർച്ചെ ബി എൽ ഡബ്ലിയൂ മലഞ്ചെരുവിലൂടെ പായുമ്പോൾ, അയാൾ അവളുടെ മടിയിൽ തല ചായ്ച്ചു ഓഹരി വിപണിയുടെ വിശേഷങ്ങൾ വായിച്ചു കിടന്നു.

ജുഹുവിലെ ബംഗ്ലാവിൽ എത്തുമ്പോൾ വീട്ടു ജോലിക്കാർ ആദരവോടെ തലകുനിക്കും.പോളും ആനും അനീഷും ഓടിയെത്തി രണ്ടു കയ്യിലും തൂങ്ങുമ്പോളും സാന്ദ്ര 'ഹായ് കമൽ' എന്ന് പറയുമ്പോളും അയാൾ മറ്റൊരു ലോകത്തായിരുന്നു. ഓഫീസിൽ ഇരുകരയിലും നിന്ന് അഭിവാദ്യം ചെയ്യുന്നവരെ എന്നപോലെ അവർക്ക് ഒരു വെറും പുഞ്ചിരി എറിഞ്ഞു കൊടുത്തുകൊണ്ട് അയാൾ നേരെ ഡാഡിയുടെ മുറിയിലേക്ക് കടന്നു. ബിസ്നസ് ടൈക്കൂൺ പ്രഫുൽ ദാസ് വീഡിയോ കോൺഫറന്സിൽ നിന്നും തല തിരിച്ചു കമലിന് നേരെ കൈ നീട്ടി.

'അഭിമാനം പുരട്ടിയ ഒരു ചെറു ചിരിയോടെ മകന്റെ തോളിൽതട്ടി അയാൾ തലയിളക്കി. 'നീ പോയ കാര്യങ്ങൾ ഭംഗിയായി നടന്നിരിക്കും എന്ന് എനിക്കറിയാം. ഇന്ന് അച്ചന് അല്പം സീരിയസ് ആയി ചില കാര്യങ്ങൾ സംസാരിക്കാനുണ്ട് 'കമൽ യൌവ്വനം വിട പറയാത്ത അച്ഛന്റെ കവിളുകളിലെ കൊച്ചു മുഖക്കുരുവിലും നുണക്കുഴിയിലും കണ്ണുകൾ കോർത്തിരുന്നു. കൌമാരത്തിന്റെ അടയാളങ്ങൾക്ക് അച്ഛനെ ഉപേക്ഷിക്കാൻ മനസ്സില്ലാത്തത് പോലെ..

'നിനക്കറിയാല്ലോ. പ്രധാന മന്ത്രിയും ഞാനും ഒരേ ബഞ്ചിലിരുന്നു പഠിച്ചതാ. പാരമ്പര്യത്തിന്റെ പിന്തുണ കൊണ്ട് മാത്രം ഞാൻ ബിസ്നസ്കാരനായി. നല്ല വസ്തുക്കൾ മാത്രം നിർമ്മിച്ചു നല്ല ലാഭം നേടുക എന്നതായിരുന്നു എന്നും ലക്ഷ്യം. ഒപ്പം ദാന ധർമ്മങ്ങളും.. കമ്പനിക്കു ഫാക്ടറി ഉള്ള ഇടങ്ങളിലെല്ലാം സ്ഥലവാസികൾക്കായി ശ്മശാനങ്ങൾ നിർമ്മിച്ചു നൽകുക എന്നതായിരുന്നു എന്റെ ഒരു രീതി. നഷ്ടങ്ങൾ മാത്രം ലാഭമാകുന്ന കർമ്മം. അവിടെയും നീ വലിയ ബിസ്നസ് സാധ്യത കണ്ടെത്തി. ഇതാണ് പുതിയ തലമുറയുടെ മികവ്. പക്ഷെ എന്തോ.. ഇപ്പൊ എല്ലാം മതിയാക്കാൻ തോന്നുന്നു. ഇനി എല്ലാം നോക്കി നടത്തേണ്ടത് നീയാണ്. നമ്മുടെ ചിന്താധാരകൾ ഒരേ രേഖയിലൂടെ പോകാൻ ഇടയില്ല. ഒരാഴ്ചക്കകം എല്ലാ സ്ഥാപനങ്ങളും നിന്റെ പേരിലാകും... നിനക്ക് പോകാം. എനിക്കറിയാം യുവർ ടൈം ഈസ് വെരി പ്രെഷ്യസ്..' ആ കണ്ണുകൾക്ക് ആഴം ഏറുന്നത് അജ്ഞാതമായ ഒരു വേദനയോടെ അറിയുംപോളക്കും അച്ഛൻ പുറത്തേക്ക് നടന്നു കഴിഞ്ഞിരുന്നു.

അച്ഛന്റെ വാക്കുകൾക്കു പതിവില്ലാത്ത കയ്പ്പ്. അനുവദിച്ചെക്കില്ല എന്ന സംശയം കൊണ്ടാണ് പുത്തൻ ബിസ്നസ്സിന്റെ കാര്യം ഡിസ്കസ് ചെയ്യാതിരുന്നത്. സാരമില്ല. ഇത്തരം ഇമോഷണൽ ബ്ലാക്ക് മെയിലിംഗ് നെയും അതിജീവിക്കാൻ പഠിക്കണമല്ലോ. അയാൾ ബെഡ് റൂമിൽ കയറി വസ്ത്രങ്ങൾ അഴിച്ചു വലിച്ചെറിഞ്ഞു.

പുത്തൻ പൈജാമയിലേക്ക് കയറി അയാൾ സെൽ ഫോണ കയ്യിലെടുത്തു.

' ജന്നിഫർ.. നിന്റെ ലീവ് തത്കാലം കാൻസൽ ചെയ്യുക. നമ്മുടെ ടീമിനെ ഒന്നുഷാറാക്കണം. അച്ഛൻ എല്ലാം എനിക്ക് കൈമാറുന്നു. നീ എല്ലാം നന്നായി പഠിക്കുക. പിന്നെ നാളെ"ഹിരോഷിയിൽ' ഒരു ഗ്രാൻഡ് പാർട്ടിഎടപാടാക്കുക. നമ്മുടെ മുഴുവൻ മാനേജ്മന്റ് കേഡർനെയും ക്ഷണിക്കുക. അവർക്ക് മുന്തിയ ഗിഫ്ട്കൾ കൊടുക്കണം. നീ കാര്യങ്ങളെല്ലാം നന്നായി പഠിക്കുക. ഓരോ മണിക്കൂറിലും' ബെറ്റർ പരദൈസിന്റെ' കാര്യങ്ങൾ വിളിച്ചു മോണിട്ടർ ചെയ്യാൻ മാത്രം മറക്കരുത്. '

ഇത് പോലെ ഊർജം ചോർന്നു പോയ ദിവസങ്ങൾ ഓർമയിൽ ഇല്ല. കണ്ണടക്കുംപോളും അച്ഛന്റെ കണ്ണുകളിലെ കടലിരമ്പം. ചിന്തകൾ ഘനീഭവിച്ചു ചാപിള്ളകൾ ആകുന്നു.....

കാലത്തിന്റെ കുസൃതിപ്പാച്ച്ചിലിൽ കമൽ ദാസ് വീണ്ടും ഉയരങ്ങളിലേക്ക്.. രാജ്യത്തെ ഏറ്റവും സമ്പന്നരുടെ പട്ടികയിലെ ആദ്യ പേരുകളിൽ ഒന്നായി മാറാൻ വെറും പതിനഞ്ചു മാസമേ വേണ്ടി വന്നുള്ളൂ. ലയൻസ് ക്ലബ്ബിന്റെ സ്വീകരണ ചടങ്ങിൽ സംബന്ധിക്കുമ്പോൾ ആണ് അനൂപിന്റെ കാൾ.' സർ ബെറ്റർ പാരഡയിസ്നമുക്ക് അടുത്ത മാസം അവസാനം ഉദ്ഘാടനം ചെയ്യാം. എല്ലാം സാറിന്റെ സങ്കൽപം പോലെ തന്നെ'.

ക്യാപ്ടൻ വിനയ് മാത്തൂർ പ്രശംസയിൽ തിളപ്പിക്കുകയാണ്. മനസ്സ് മുഴുവൻ ഡ്രീം പ്രോജക്ടായ 'ബെറ്റർ പാര ഡായസ്സിൽ'.

ഉദ്ഘാടനത്തിന് ഒരാഴ്ച മുൻപ് തന്നെ 'ബെറ്റർ പാരഡായസ്സിൽ' എത്തുമ്പോൾ കമലിന്റെ മനസ്സിൽ ചോദ്യ ചിഹ്നങ്ങൾ കെട്ട് പൊട്ടിയ പട്ടങ്ങൾ പോലെ പറന്നു നടന്നു. ശതകോടികളുടെ ബാധ്യത വന്നപ്പോളും പതറാതിരുന്ന മനസ്സ്. ഉദ്ഘാടനത്തിന് പ്രസന്റബിൽ മുഖമുള്ള' ഒരു നിശ്ചല ശരീരം വേണം. ജീവനുള്ള മനുഷ്യരെയും തുടിക്കുന്ന മാംസവും എത്ര വേണമെങ്കിലും വിലയ്ക്ക് വാങ്ങാം. കുട്ടികളെ ദത്തെടുക്കാം. പണം കൊണ്ട് ഒരാളെ എയ്തു വീഴ്ത്താം. പക്ഷെ അനാഥ ദേഹങ്ങൾക്ക് ഒരു പഞ്ഞവുമില്ലാത്ത നാട്ടിൽ ഒരു മൃതദേഹം വാങ്ങാൻ മാത്രം പഴുതില്ല. ജീവിച്ചിരിക്കുന്നവരെക്കാൾ മരണപ്പെട്ടവർക്ക് ഗുണമാകുന്ന വിധത്തിലാണല്ലോ നാട്ടിലെ നിയമങ്ങൾ എന്ന് അയാൾ ഈർഷ്യയോടെ ഓർത്തു. നിയമംതെല്ലൊന്നു കണ്ണടച്ചെങ്കിൽ, പെറ്റമ്മയെ വിൽക്കാൻ ഉദ്യോഗാർധികളെ ക്കാളേറെപേർ വന്നേനെ.

ഉദ്ഘാടനത്തിന് ഒരു കേന്ദ്ര മന്ത്രിയെ സംഘടിപ്പിച്ചത് അയാളുടെ ചാവടിയന്തിരം സൗജന്യമായി നടത്തിക്കൊടുക്കാം എന്ന ഉറപ്പിന്മേലാണ്.

അയാൾക്ക് ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ആചാരങ്ങളോടെ മണ്ണടിയണം അത്രേ...! ആർഭാടങ്ങൾ ഇല്ലാതെ ചാവാൻ പോലും മനസ്സില്ല തെണ്ടികൾക്ക്...

'അനൂപ്.. നീ വേഗം ആശുപത്രിയിലേക്ക് പോകണം. ഡോക്ടർ ഖാദറിനെ കാണണം. നമ്മൾ ചേരിയിൽ നിന്നും സൂപ്പർ സ്പെഷ്യാലിറ്റിയിലെ വേണ്ടിലെറ്ററിലേക്ക് മാറ്റിയ രോഗി.. ഇന്ന് രാത്രി മരിക്കണം. നാളെ ഉദ്ഘാടനത്തിന് അയാളുടെ ദേഹം തന്നെയാകട്ടെ... ഡോക്ടറോട് ഞാൻ സംസാരിച്ചിട്ടുണ്ട്. 'ഉള്ളിൽ ഉത്കണ്ഠ കഴുകനെ പോലെ വട്ടമിട്ടു പറക്കുന്നു .

ബിഎംഡബ്ലിയൂ

അനൂപ് ഡ്രൈവറെയും കൂട്ടി പുറത്തേക്ക് പാഞ്ഞു. അര മണിക്കൂറിനകം അനൂപിന്റെ ഫോൺ.

'സർ.. അതി സന്തോഷം പകരുന്ന വിചിത്രമായ ഒരു വാർത്ത. ഗാന്ധി ചൌക്കിന്റെ തിരിവിൽ ഒരപകടം നടന്നു.

ഒരു വൃദ്ധനായിരുന്നു ഡ്രൈവിംഗ് സീറ്റിൽ. തത്ക്ഷണം തീർന്നു. വൃദ്ധന്റെ പോക്കറ്റിൽ നിന്നും ഒരു

സമ്മത പത്രം പോലീസിനു കിട്ടി. താൻ എന്ന് മരിച്ചാലും അന്ത്യകർമങ്ങൾ നമ്മുടെ ഫ്യൂനരൽ മോളിൽ

വെച്ചു തന്നെ നടത്തണം അത്രേ. മുഖത്തെക്കൊക്കെ ചോര ഒലിച്ചു ഇറങ്ങിയിട്ടുണ്ട്. എങ്കിലും നല്ല പ്രസാദമുള്ള മുഖം.

സുന്ദര വൃദ്ധൻ. തലയ്ക്കു പിന്നിൽ നിന്നും കുറച്ചുഭാഗം അടർന്നു പോയിട്ടുണ്ട്. നമ്മുടെ എംബാമിംഗ് ടീമിനും

ഒരു പ്രാക്ടീസ് സെഷനായി. സാർ വേഗം പോലീസുമായി ബന്ധപ്പെടണം.'

ഓടിയെത്തി. പണം വാരിയെറിഞ്ഞു പോസ്റ്റ്മോർട്ടവും മറ്റും എളുപ്പത്തിൽ നടത്തി. സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.

മകനെ വിവരം അറിയിക്കണം.

അവർ വന്നിട്ടേ മൃതദേഹം മോർച്ചറിയിൽ നിന്ന് എടുക്കൂ. ഒരു കടലാസ് തുണ്ടിലെ നമ്പർ

അയാൾ തന്റെ ഫോണിൽ പകർത്തി..നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.

ഒരു മരണത്തിൽ ഒരിക്കലും ഇത്രയ്ക്കു സന്തോഷിച്ചിട്ടില്ല. ദൈവം തന്നെയാകണം ഒരു നിർജീവശരീരമായി ഇന്ന് തന്റെ രക്ഷക്ക് എത്തിയത്.

തന്റെ കീശയിലുള്ള സെൽ ഫോൺ തുടരെതുടരെ ശബ്ദിച്ചപ്പോൾ അയാൾ ദേഷ്യത്തോടെ സ്വിച് ഓഫ് ചെയ്തു.

മോർച്ചറിയിലേക്ക് കടത്തും മുൻപ് ഡോക്ടറുടെ അനുവാദത്തോടെ കമൽ ആ മുഖത്തുനിന്നും വെളുത്ത വസ്ത്രം മെല്ലെ നീക്കി.

അതെ...അത് ദൈവം തന്നെയായിരുന്നു.

തുടുത്ത കവിളിലെ മുഖക്കുരുപോലെ അപ്പോൾ അക്കാശം നിറയെ മങ്ങിയ നക്ഷത്രങ്ങൾ ...

## ഒക്ടോബർ

### ജനനം



02 നിത്യചൈതന്യയതി (1924-1999)
ഡോ.പല്പു (1863-1950)
പി.കെ.പരമേശ്വരൻനായർ (1903)
കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ (1919)



05 അമ്പലപ്പുഴ ജഗണപതിശർമ്മ (1907)
06 കെ.എസ്.നമ്പൂതിരി (1936-2003)
07 സി.വി.രാമൻ (1888-1970)



08 ഇളംകുളം കുഞ്ഞൻപിള്ള (1904)
10 ആനി തയ്യിൽ 1918
വി.വി.കെ.വാലത്ത് 1919
അപ്പൻ തച്ചേത്ത് 2011



11 ചിത്തിര തിരുനാൾ ജയന്തി
കെ.പി.ഉറൂമീസ് 1913
14 ശിശുദിനം (ജവഹർലാൽ നെഹ്റു) 1889
സി.ജെ.തോമസ് (1918)
പാറപ്പുറത്ത് 1924




കെ.ടി.രാമവർമ്മ 1931
15 ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ 1915
17 ചിറയ്ക്കൽ ബാലകൃഷ്ണൻനായർ 1907-1977
18 ആർട്ടിസ്റ്റ് പി.ജെ.ചെറിയാൻ 1891
20 എൻ.ഇ ബലറാം 1919
പ്രൊഫ.കെ.സുജാത 1944



22 എം.ആർ.ബാലകൃഷ്ണവാര്യർ 1896
എം.പി.നാരായണപിള്ള 1939
23 എ.ബാലകൃഷ്ണവാരിയർ 1917
ഡോ.കെ.കെ.രാഹുലൻ 1930-2011
കേശവൻ വെള്ളിക്കുളങ്ങര 1944-2014
25 കെ.രാഘവൻപിള്ള 1920
പി.ഐ.സെയ്തുമുഹമ്മദ് 1930
26 ടി.സി.കല്യാണിയമ്മ 1879
വാസുപ്രദീപ് 1931-2011
27 ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള 1864
വടക്കുംകൂർ രാജരാജവർമ്മ 1891
28 ടി.വി.കൊച്ചുബാവ 1955
30 സി.എസ്.സുബ്രഹ്മണ്യൻ പോറ്റി 1875

### തുടക്കം

01 കേരളപ്പിറവി (1956)
തിരുവിതാംകൂർ സർവകലാശാല തുടക്കം (1937)
ജ്ഞാനനിക്ഷേപം തുടക്കം (1948)
മലയാള സർവകലാശാല തുടക്കം (2012)
04 അന്താരാഷ്ട്ര കഥകളികേന്ദ്രം
(ന്യൂഡൽഹി) തുടക്കം - 1960



06 - വള്ളത്തോൾ മ്യൂസിയം തുടക്കം
(കലാമണ്1ഡലം) 1977
07 ഒക്ടോബർ വിപ്ലവം 1917
09 കേരള കലാമണ്ഡലം തുടക്കം 1930
12 ക്ഷേത്രപ്രവേശന വിളംബരം 1936
15 ജനയുഗം ദിനപത്രം തുടക്കം 1953
22 കേരള ലളിതകലാ അക്കാദമി 1962

### ചരമം



01 കെ.എ.ദാമോദരമേനോൻ 1980
ഇ.പി.ഗോപാലൻ 2001
വി.കെ.മാധവൻകുട്ടി 2005
03 പി.നരേന്ദ്രനാഥ് 1991
ആർ.നരേന്ദ്രപ്രസാദ് 1946
പ്രൊഫ.തൃക്കൊടിത്താനം ഗോപിനാഥൻനായർ 2008
05 ജോസഫ് മറ്റം 2013



06 സി.ആർ.കേശവൻവൈദ്യർ 1999
അഴകത്തു പത്മനാഭക്കുറുപ്പ് 1931
07 അപ്പു നെടുങ്ങാടി 1933
08 പ്രൊഫ.ബി.ഹൃദയകുമാരി 2014
09 കെ.പി.കേശവമേനോൻ 1978
ഫാ.ക്ലമന്റ് പിയാനിയോസ് 1782
ടി.ആർ.നായർ 1990
സി.അച്യുതക്കുറുപ്പ് 2000
10 എം.പി.ശങ്കുണ്ണിനായർ 2006
11 ഡി.എം.പെറ്റെക്കാട് 1971
ഫാ.സി.കെ.മറ്റം 1956
പി.കെ.കാളൻ 2007
13 കലാമണ്ഡലം ശങ്കരൻ എമ്പ്രാതിരി 2007
എം.കൃഷ്ണൻകുട്ടി 2014
14 വേങ്ങയിൽ കുഞ്ഞുരാമൻനായർ 1914



16 ആചാര്യ നരേന്ദ്രഭൂഷൺ 2010
17 ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ 1966
പത്മനാഭൻ ഉണ്ണി 1962
18 കോട്ടയ്ക്കൽ പി.വി.കൃഷ്ണവാരിയർ 1958
കെ.എസ്.നീലകണ്ഠനുണ്ണി 1980
19 രാമവർമ്മ അപ്പൻതമ്പുരാൻ 1941
എൻ.എൻ.പിള്ള 1995
കെ.എം.ജോർജ് 2002




20 കൊടുപ്പുന്ന ഗോവിന്ദഗണകൻ 1988
വേദബന്ധു 1995
വി.കെ.നാരായണഭട്ടതിരി 1954
21 കെ.പി.എസ്. മേനോൻ 1982
കെ.പി.ബി.പാട്യം 1969
രാഘവൻ തിരുമുൽപ്പാട് 2010
ഏറ്റുമാനൂർ സോമദാസൻ 2011
22 മങ്കട രവിവർമ്മ 2010
പി.ഗോവിന്ദപ്പിള്ള 2012



24 പൊൻകുന്നം ദാമോദരൻ 1994
സി.എസ്.സുബ്രഹ്മണ്യൻപോറ്റി 1954
പൗലോസ് മാർ ഗ്രിഗോറിയോസ് 1996
25 പി.കെ.പരമേശ്വരൻ നായർ 1988
ടി.വി.കുഞ്ഞുബാവ 1999
26 കെ.സി.പീറ്റർ 1997



ഹബീബ് വലപ്പാട് 2006
27 വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട് 1890
എം.എൻ.ഗോവിന്ദൻനായർ 1984
28 കെ.ആർ.പ്രസാദ് 2011
29 കെ.സുജാത 1993



ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ 1904
ടി.സുബ്രഹ്മണ്യൻ തിരുമുമ്പ് 1984
കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള 1936
സി.കൃഷ്ണൻ 1938
ശീവൊള്ളി നാരായണൻ നമ്പൂതിരി 1905
30 പഴശ്ശി തമ്പുരാൻ 1805
കിളിമാനൂർ രമാകാന്തൻ 2000

**November 1**, All Saints Day, Day of the Dead, Prime Meridian Day, World Vegan Day
**Novem 2** All Souls Day, International Day to End Impunity for Crimes Against Journalists
**November 3** World Jellyfish Day, One Health Day, International Stout Day - First Thursday in November,International Project Management Day - First Thursday in November November 4
**November 5** World Tsunami Awareness Day, World Numbat Day - First Saturday in November
**November 6** International Day for Preventing the Exploitation of the Environment in War and Armed Conflict
**November 7** International Day of Medical Physics, International Merlot Day
**November 8** World Urbanism Day, World Radiography Day
**November 9** World Freedom Day, World Adoption Day
**November 10** International Accounting Day, World Science Day for Peace and Development International Pathology Day, World NET Cancer Day World Quality Day - Second Thursday in November, International Tempranillo Day - Second Thursday in November, Guinness World Records Day - Changes Annually
**November 11** International Origami Day, Remembrance Day, Singles Day (China)
**November 12** World Pneumonia Day, Wine Tourism Day - Second Saturday in November
**November 13** World Kindness Day, International Tongue Twister Day - Second Sunday in November
**November 14** World Diabetes Day, November 15
**November 16** International Check Your Wipers Day, International Day for Tolerance, World COPD Day - Third Wednesday in November, GIS Day - Third Wednesday in November
**November 17**, International Happy Gose Day, World Prematurity Day, International Students' Day, World Pancreatic Cancer Day - Third Thursday in November
**November 18** European Antibiotic Awareness Day, International Stand Up To Bullying Day - Third Friday in November & First Friday in February
**November 19** International Men's Day, World Toilet Day, International Survivors of Suicide Loss Day - Saturday Before Thanksgiving
**November 20** Universal Children's Day, World Day of Remembrance for Road Traffic Victims - Third Sunday in November
**November 21** National Red Mitten Day, World Television Day, World Hello Day, World Philosophy Day
**November 23** Fibonacci Day, Wolfenoot
**November 25** International Day for the Elimination of Violence Against Women Day, International Systems Engineer Day - Last Friday in November
**November 26** International Aura Awareness Day – Fourth Saturday in November
**November 28** Red Planet Day
**November 29** International Day of Solidarity With The Palestinian People
**November 30** Day of Remembrance for all Victims of Chemical Warfare



പുസ്തക പരിചയം

**ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകൾ**
സമാഹരണം, സംശോധനം
**ഡോ.പോൾ മണലിൽ**
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 600 രൂപ




# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

ഡോ. പോൾ മണലിൽ

**ചി**ത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രരചനകളിൽ വേറിട്ടു നിൽക്കുന്ന ആറു കൃതികളാണ് ഈ സമാഹാരത്തിൽ അവതരിപ്പിക്കുന്നത്. ചരിത്രവും ഭാവനയും നോവൽ രചനകളിൽ അവതരിപ്പിക്കുന്ന ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന ആഖ്യാനതന്ത്രം ഏതാണ്ട് ഒരു നൂറ്റാണ്ട് മുമ്പ് തന്റെ ജീവചരിത്ര രചനാശൈലിയിൽ പ്രയോഗിച്ച എഴുത്തുകാരനാണ് ചിത്രമെഴുത്ത് കെ. എം. വർഗീസ്. ജീവചരിത്രത്തെ അദ്ദേഹം ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ആക്കുകയാണ് ചെയ്തിട്ടുള്ളത്.

നോവൽ രചനയും ജീവചരിത്രരചനയും വ്യത്യസ്തമാണെങ്കിലും ചരിത്രത്തിന്റെ നോവൽവൽക്കരണത്തിലും നോവലിന്റെ ചരിത്രവൽക്കരണത്തിലും ജീവചരിത്രത്തിന്റെ അംശങ്ങൾ അടങ്ങിയിരിക്കുന്നുണ്ട്. എന്നാൽ ഈ ഗ്രന്ഥത്തിലെ ആറു ജീവചരിത്രങ്ങൾ രചിച്ചപ്പോൾ ചിത്രമെഴുത്ത് കെ. എം. വർഗീസ് ജീവചരിത്രത്തെ നോവൽവൽക്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന ആധുനിക നോവൽ രചനാശൈലി പ്രയോഗത്തിൽ വരുന്നതിനു എത്രയോ സംവത്സരങ്ങൾക്കു മുമ്പ് ചിത്രമെഴുത്ത് കെ. എം. വർഗീസ് ചരിത്രവും ഭാവനയും തന്റെ ജീവചരിത്ര രചനാസമീപനത്തിൽ സമന്വയിപ്പിച്ചിരിക്കുന്നു.



**തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം, മാത്യൂസ് മാർ അത്താനാസിയോസിന്റെ പഞ്ചകല്യാണി, പുണ്യവാളനായ ശവരിയാർ, നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി എന്നീ ചരിത്രകഥകൾ സമ്പൂർണ്ണ ജീവചരിത്രങ്ങളല്ലെങ്കിലും അതെല്ലാം ചില വ്യക്തികളുടെ ജീവിതമഹിമ അനാവരണം ചെയ്യുന്ന രചനകളാണ്. 1929 മുതൽ 1955 വരെയുള്ള കാലയളവിൽ രചിക്കപ്പെട്ട ചരിത്രകഥകളാണ് ഇവയെല്ലാം. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാല പോലെ ചിത്രമെഴുത്ത് കെ. എം.വർഗീസ് എഴുതിയ ഐതിഹ്യമാലയാണ് ഈ പുസ്തകം.**

തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം, മാത്യൂസ് മാർ അത്താനാസിയോസിന്റെ പഞ്ചകല്യാണി, പുണ്യവാളനായ ശവരിയാർ, നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി എന്നീ ചരിത്രകഥകൾ സമ്പൂർണ്ണ ജീവചരിത്രങ്ങളല്ലെങ്കിലും അതെല്ലാം ചില വ്യക്തികളുടെ ജീവിതമഹിമ അനാവരണം ചെയ്യുന്ന രചനകളാണ്. 1929 മുതൽ 1955 വരെയുള്ള കാലയളവിൽ രചിക്കപ്പെട്ട ചരിത്രകഥകളാണ് ഇവയെല്ലാം. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാല പോലെ ചിത്രമെഴുത്ത് കെ. എം. വർഗീസ് എഴുതിയ ഒരു ഐതിഹ്യമാലയാണ് ഈ പുസ്തകം. മലങ്കരസഭയുടെ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലേക്കു കടന്നുചെ ല്ലാൻ ഇതിലെ കഥകൾ വായനക്കാരെ പ്രചോദിപ്പിക്കുന്നു. ചരിത്രവും ഭാവനയും ജീവിതവും മാത്രമല്ല ഇതിലെ കഥകൾക്കു മാറ്റുരയ്ക്കുന്നത്. യു ക്തിയും അനുമാനവും അന്വേഷണവും ഇതിന്റെ ഭാവുകത്വത്തെ പ്രകാശിപ്പിക്കുന്നു.

മലയാളത്തിലെ നോവലുകളിൽ തുടക്കം മുതൽ ചരിത്രകഥകൾ പ്രമേയമാക്കിയിട്ടുണ്ട്. സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ മുതൽ ചരിത്ര സംഭവങ്ങളുടെ ചിത്രീകരണം നോവലുകളിൽ ഉണ്ടായിട്ടുണ്ട്. അതാണ് ചരിത്രത്തിന്റെ നോവൽവൽക്കരണം. രണ്ടാമത്തെ ചരിത്രസമീപനം നോവലിൽ കാണുന്നതു നോവലിന്റെ ചരിത്രവൽക്കരണത്തിലാണ്. ഭാവനയും യാഥാർത്ഥ്യവും സമന്വയിപ്പിച്ചുകൊണ്ട് തകഴി എഴുതിയ 'കയറും' ഉറൂബ് എഴുതിയ 'സുന്ദരികളും സുന്ദരന്മാരും' അതിനൊരു ദൃഷ്ടാന്തമാണ്.

ചിത്രമെഴുത്ത് കെ. എം. വർഗീസ് ആകട്ടെ ജീവചരിത്രത്തെ ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ആക്കുകയാണ് ചെയ്തിരിക്കുന്നത്. ചരിത്രം സമൂഹത്തിൽ നിന്നു വേറിട്ടുനിൽക്കുന്ന ഒന്നല്ലെന്നു ഈ പുസ്തകത്തിലെ ജീവചരിത്രരേഖകൾ സമർത്ഥിക്കുന്നു. മനുഷ്യന്റെ അസ്തിത്വവുമായി ബന്ധപ്പെടുത്തി ചരിത്രമാനങ്ങൾ ആവിഷ്ക്കരിക്കാനാണ് ഈ സമാഹാരത്തിലെ ചരിത്രകഥകളിലൂടെ ചിത്രമെഴുത്ത് കെ. എം. വർഗീസ് ഉദ്യമിക്കുന്നത്. ചരിത്രത്തിന്റെ അറിയപ്പെടാത്ത ചില അടരുകൾ അവതരിപ്പിച്ചുകൊണ്ടാണ് ജീവിതവും ചരിത്രവും തമ്മിലുള്ള പൊരുത്തം ചിത്രമെഴുത്ത് കെ. എം. വർഗീസ് അന്വേഷിക്കുന്നത്. ഇവിടെ ചരിത്രരേഖകളുടെ തെറ്റും ശരിയും അപ്രസക്തമാണെന്നു ഞാൻ കരുതുന്നു. അതായത്, ചരിത്രത്തിന്റെ പരിമിതിയല്ല, അതിന്റെ സാധ്യതയാണ് പ്രസക്തമായിട്ടുള്ളത്. അതായത്, ഇതിലെ ചരിത്രകഥകളിലൂടെ ഗ്രന്ഥകാരൻ നടത്തുന്നതു സത്യത്തിന്റെ അന്വേഷണമാണ്. ചരിത്രവും ചരിത്രവീക്ഷണവും ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ജീവചരിത്ര രചനാസ്വഭാവത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയിരിക്കുന്നതായി വായനക്കാർക്കു അനുഭവപ്പെടുന്നു.

കേരള ചരിത്രത്തിൽ എഴുതപ്പെടാതെപോയ ചില ചരിത്രങ്ങളിലൂടെ സഞ്ചരിക്കുന്ന ചിത്രമെഴുത്ത് കെ. എം. വർഗീസ് ഈ ചരിത്രകഥകളിലൂടെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രപാരമ്പര്യത്തിലേക്കും അവരുടെ പൗരുഷത്തിലേക്കും വെളിച്ചം വീശുന്ന സത്യാന്വേഷണമാണ് നടത്തിയിരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും. ഈ ആഖ്യാനങ്ങളിൽ എടുത്തുപറയേണ്ട ഒരു കാര്യം പ്രസക്തവും പ്രകാശമാനവുമായ ഗദ്യശൈലിയാണ്. മലയാളഗദ്യം അതിന്റെ സൗന്ദര്യവും സൗരഭ്യവും പരത്തുകയാണ് ചിത്രമെഴുത്ത് കെ. എം. വർഗീസിലൂടെ. അതുപോലെ വേറിട്ടുനിൽക്കുന്ന ഒരു കാര്യമാണ് ഗ്രന്ഥകാരന്റെ ചരിത്രവീക്ഷണം. ഐതിഹ്യങ്ങളിൽ അന്തർലീനമായിരിക്കുന്ന ചരിത്രത്തെ യുക്തികൊണ്ടും അനുമാനം കൊണ്ടും വേർതിരിക്കാമെങ്കിൽ ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകളെ സത്യം കൊണ്ടും അനുഭവംകൊണ്ടും വേർതിരിക്കാവുന്നതാണ്. ചരിത്രത്തെ ഗ്രന്ഥകാരൻ അനുഭവമാക്കുകയാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് ജീവചരിത്രത്തെ അദ്ദേഹം ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ആക്കിയിരിക്കുന്നുവെന്ന് ഞാൻ ചൂണ്ടിക്കാട്ടിയത്.

**സാഹിത്യരചനകൾ**

ചിത്രമെഴുത്തിന്റെ രചനകളിൽ കല്ലൂർ ഫിലിപ്പോസ് ആശാൻ, പൗവ്വത്തിക്കുന്നേൽ കുടംബചരിത്രം, 'ശ്രീചക്രം' എന്ന നോവൽ എന്നിവ ഒഴിച്ചു എല്ലാ കൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വ ലിയ മാർദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും (1929) നെല്ലിമൂട്ടിലമ്മച്ചി, തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ (1929) വേണാടിന്റെ നടുത്തൂൺ അഥ വാ പുണ്യവാളനായ ശവരിയാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം (1987) എന്നീ ചാരിത്രിക കഥകളും ചിട്ടിത്തലയാൾ എന്ന നോവലും സുറിയാനി ക്രിസ്താനികളുടെ രാജ്യരക്ഷാപുരുഷത്വം, കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം (1936) എന്നീ ചരിത്രഗ്രന്ഥങ്ങളും ചെങ്കോലും മുരളിയും എന്ന ഗദ്യകവിതാസാമാഹരവും സുചരിതമുകുരം (1950) എന്ന കഥാസമാഹാരവുമാണ് പുസ്തകരൂപത്തിൽ വന്നിട്ടുള്ളത്. സുചരിതമുകുരം പ്രസാധനം ചെയ്തതു മാവേലിക്കരയിലെ അഡ്വ. കെ.ഒ. മാത്യു വള്ളക്കാലിയാണ്. സമാഹരിക്കപ്പെടാതെ കിടക്കുന്ന ലേഖനങ്ങളും കഥകളും വേറെയും ഉണ്ട്.

ചിത്രമെഴുത്തിന്റെ ആത്മകഥ 2002-ൽ ഡോ. സുകുമാർ അഴിക്കോടിന്റെ അവതാരികയോടെയാണ് പ്രസിദ്ധീകരിച്ചത്. കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം 2013-ൽ കെ. വി. മാമ്മന്റെ അവതാരികയോടെയും പുറത്തിറക്കി. വേണാടിന്റെ നടുത്തൂണിനു കെ.സി. മാമ്മൻ മാപ്പിളയും സുചരിതമുകുരത്തിനു മുൻ കേന്ദ്ര ഗവ. സെക്രട്ടറി പി. സി. മാത്യു ഐ.സി.എസ്സും ചിട്ടിത്തലയാളിനു ഇ. എം. കോവൂരുമാണ് അവതാരിക എഴുതിയത്. പഞ്ചകല്യാണിയുടെ പുതിയ പതിപ്പിനും (2013) നെല്ലിമൂട്ടിലമ്മച്ചിയുടെ പുതിയ പതിപ്പിനും (2015) ഡോ. പോൾ മണലിൽ അവതാരിക എഴുതി. 'അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം' ഒഴിച്ചുള്ള എല്ലാ ചരിത്ര കഥകളും 'മലയാള മനോരമ'യിലാണ് ആദ്യം അച്ചടിച്ചു വന്നത്. പിന്നീട് മലയാള മനോരമ തന്നെ ഇവ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ചിട്ടിത്തലയാൾ പ്രസിദ്ധപ്പെടുത്തിയതു പുളിക്കീഴ് ഭാഗ്യോദയം പ്രസ് ഉടമയായിരുന്ന പി.സി. കോരുതായിരുന്നു. തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ, പഞ്ചകല്യാ ണി, വലിയമാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും എന്നീ ഗ്രന്ഥങ്ങൾ 1987-ൽ കോട്ടയത്തെ എം.ഒ.സി. പബ്ലിക്കേഷൻസ് വീണ്ടും പ്രസിദ്ധപ്പെടുത്തി. (തുടരും)

---

### ചിത്രമെഴുത്ത് കെ.എം. വർഗീസ്

ചിത്രമെഴുത്തു കെ. എം. വർഗീസ് 1888-ൽ മാവേലിക്കരയിൽ ജനിച്ചു. പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം 16-ാമത്തെ വയസ്സിൽ കൊട്ടാരം ആർട്ടിസ്റ്റ് മുകുന്ദൻ തമ്പിയുടെ കീഴിൽ ചിത്രമെഴുത്ത് അഭ്യസിച്ച് ആ കലയിൽ പ്രാവീണ്യം നേടി. സാഹിത്യ വിഷയകമായ പരിശ്രമങ്ങൾ അക്കാലത്താണ് ആരംഭിച്ചത്. 1925-നു ശേഷം മലയാള മനോരമ പത്രത്തിലും പൗരപ്രഭയിലും മറ്റും പ്രസിദ്ധപ്പെടുത്തിയ ക്രൈസ്തവേതിവൃത്തപ്രധാനങ്ങളായ ചരിത്രകഥകളും ഗദ്യകവിതകളും ലേഖനങ്ങളും മറ്റും ചിത്രമെഴുത്തിന് വലിയ പ്രശസ്തി നേടിക്കൊടുത്തു.

അനുകരിക്കാൻ പ്രയാസമായ ഒരു സുന്ദര ഗദ്യശൈലിയുടെ ഉടമയായ അദ്ദേഹമാണ് മലയാളത്തിലെ ഗദ്യകവിതാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. ചില സാഹിത്യചരിത്രങ്ങളിലും ജി. ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്ന കാവ്യസമാഹാരത്തിന് കേസരി ബാലകൃഷ്ണപിള്ള എഴുതിയിട്ടുള്ള അവതാരികയിലും ഈ വസ്തുത പറഞ്ഞിട്ടുണ്ട്.

മഗ്ദലനമറിയം എന്ന മനോഹര കാവ്യനിർമാണത്തിനു മഹാകവി വള്ളത്തോളിനു പ്രേരണ നൽകിയ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ നടത്തിയിരുന്ന ആത്മപോഷിണി, കഥാമാലിക എന്നീ മാസികകളുടെ പത്രാധിപരായും ചിത്രമെഴുത്തു കുറെനാൾ പ്രവർത്തിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ പ്രകാശിതമായ മഗ്ദലനമറിയത്തിനു അവതാരികയും ടിപ്പണിയും എഴുതുന്നതിന് ചിത്രമെഴുത്തിനു ഭാഗ്യം ലഭിച്ചത് ആ ബന്ധം മൂലമായിരുന്നു.

സാഹിത്യരചനയിലും ചിത്രമെഴുത്തിലും മാത്രമല്ല, നാട്ടുകാര്യങ്ങളിലും അദ്ദേഹം തൽപ്പരനായിരുന്നു. 1115 കന്നി 5-ാം തീയതി മുതൽ രണ്ടു വർഷക്കാലം അദ്ദേഹം മാവേലിക്കര പഞ്ചായത്ത് പ്രസിഡണ്ടായും രണ്ടാം ക്ലാസ് മജിസ്ട്രേട്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1962-ൽ 74-ാം വയസ്സിൽ അന്തരിച്ചു.

## വാക്കും പൊരുളും

കേരളത്തെ രൂപപ്പെടുത്തിയ ആദ്യകാലപ്രഭാഷണങ്ങൾ



# സംഘത്തോടുള്ള നമുക്കുള്ള കടമ നിറവേറ്റുക

**ഈഴവർ ഈ രാജ്യത്തെ പലവിധത്തിലും അവകാശഹീനരായ കിടന്ന ഒരു സ്ഥാപിതതാല്പര്യമില്ലാത്ത സമുദായമാണ്. അങ്ങനെയുള്ളവരുടെ ഇടയിൽ നിന്നാണ് സാധാരണ സ്വാതന്ത്ര്യവാദങ്ങൾ ഉദയം കൊള്ളുന്നത്. ഈഴവരുടെ അഭിവൃത്തിക്കുള്ള ഓരോ ശ്രമവും ഓരോതരം സ്ഥാപിത താല്പര്യങ്ങളോടുള്ള സ്വാതന്ത്ര്യസമരമായിരുന്നു. അവരുടെ അയിത്തോച്ചാടനവാദവും ജാതിനിർമൂലന വാദവും സമുദായപ്രാതിനിധ്യവാദവുമൊക്കെ സൂക്ഷ്മത്തിൽ കേവലം സ്വാതന്ത്ര്യസമരങ്ങളാണ്.**

ബന്ധത്തിനു മാർഗ്ഗമില്ലെങ്കിലും യോഗത്തിന്റെ അംഗങ്ങളുടെ നിലയിലല്ലാതെതന്നെ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ അംഗങ്ങളുടെ നിലയിലും സ്വതന്ത്രമായും ഈഴവർ കൂടി ഏർപ്പെട്ടു നടത്തുന്ന ആ ഉത്തരവാദഭരണസ്ഥാപനശ്രമത്തെപ്പറ്റി ഈ പ്രസംഗത്തിൽ പറയേണ്ടത് ആവശ്യമാണ്. അത് വാസ്തവത്തിൽ തിരുവിതാംകൂറിനെ മാത്രം സംബന്ധിക്കുന്ന ഒരു പ്രശ്നമല്ല; ഒരു സർവേന്ത്യാപ്രശ്നമാണ്. ഇന്ത്യ ഐക്യത്തിലേക്കു ത്വരിതപ്രയാണം ചെയ്യുന്നു. ആ ഐക്യം ഫെഡറേഷൻ കൊണ്ടേ സാധിക്കുകയുള്ളൂ. യഥാർത്ഥവും ഉറച്ചതുമായ ഫെഡറേഷൻ സാധിക്കണമെങ്കിൽ നാട്ടുരാജ്യങ്ങൾ ഉത്തവാദഭരണം സാധിച്ചു സ്വയംഭരണമുള്ള സംസ്ഥാനങ്ങളോടൊപ്പമെത്തണം. അതിനുള്ള ഓട്ടമാണ് ഇപ്പോൾ മൈസൂരിലും കാശ്മീരിലും ഹൈദരബാദിലും മറ്റുമെന്നപോലെ തിരുവിതാംകൂറിലും കാണുന്നത്. ആ ഗതിയെ തടയുന്ന ഗവൺമെന്റ് അതിന്റെ വേഗം കൂട്ടുകയാണ് അറിയാതെയെങ്കിലും വാസ്തവത്തിൽ ചെയ്യുന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടി സ്വാഭാവികമായ ആന്തരപ്രേരണയാൽ തനിയെ മുന്നോടുവരുന്ന ഒരു ജനത്തെ തടഞ്ഞുവെക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. അതിനു ദൃഷ്ടാന്തത്തിനു പുറത്തെങ്ങും പോകേണ്ട ആവശ്യമില്ല. ഇവിടത്തെ സ്വാതന്ത്ര്യസമരം തടയാൻ ഗവൺമെന്റ് ഇതേവരെ എടുത്ത മർദനനടപടികളുടെ അനുഭവം തന്നെ അതു തെളിയിക്കുന്നുണ്ട്. നിരോധന ഉത്തരവുകൾകൊണ്ടുള്ള ശ്വാസം മുട്ടിക്കൽ നിയമലംഘനത്തെ ക്ഷണിച്ചുവരുത്തി. അറസ്റ്റുകളും ശിക്ഷകളും അറസ്റ്റ് വരണങ്ങൾ വർദ്ധിപ്പിച്ചു. അപ്പോൾ ക്രിമിനൽ ലാ ഭേദഗതി നിയമംകൊണ്ടു പ്രക്ഷോഭണം അമർത്താമെന്ന് ഗവൺമെന്റ് നിശ്ചയിച്ചു. ആ നിയമത്തിന് ജനങ്ങളെ ആകെ മനസ്സില്ലാതെ തന്നെയും നിയമലംഘകരാക്കുന്ന ഫലമാണ് ഉണ്ടായിരിക്കുന്നത്. അതു മൂലം ഉണ്ടായിരിക്കുന്ന ലാത്തിച്ചാർജ്ജുകളും വെടിവെപ്പുകളും അവർക്കു സംശയവും ഭയവും വല്ലതും ശേഷിച്ചിരുന്നെങ്കിൽ അതുകൂടി നിശ്ശേഷം ഇല്ലാതാക്കി. നിരോധന ഉത്തരവുകൾക്കു മുമ്പുള്ള തിരുവിതാംകൂറിലെ ജനസാമാന്യത്തിന്റെ സംശയിച്ചുള്ള നിലയും വെടിവെപ്പുകൾക്കുശേഷമുള്ള അവരുടെ നിർഭയമായ പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം ശരിക്കു മനസ്സിലാക്കുകയാണെങ്കിൽ ഗവൺമെന്റിന്റെ വിഷമങ്ങളും ജനങ്ങളുടെ ക്ലേശാനുഭവങ്ങളും ഒരേകാലം ഇല്ലാതാക്കാനുള്ള സാന്ത്വനനയത്തിലേക്ക് ഗവൺമെന്റ് ഉടനെ തിരിയുമെന്നുള്ളതിൽ രണ്ടു പക്ഷത്തിനവകാശമില്ല. ലോകമെങ്ങും പ്രത്യേകിച്ച് ഇന്ത്യയിലും വ്യാപിച്ചു തിരതല്ലുന്ന സ്വാതന്ത്ര്യാശയങ്ങളുടെ പ്രവാഹം ലോകത്തിൽ ഓരോ ഭാഗങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യസമരങ്ങളുടെ വിവരങ്ങൾ ദിനംപ്രതി പത്രങ്ങളിൽ വായിച്ചുൾക്കൊള്ളുന്ന പ്രബുദ്ധരായ തിരുവിതാംകൂർ ജനസാമാന്യത്തിന്റെ ഉള്ളിൽ തള്ളിക്കയറുന്നതിനെ ഇനി തടയുവാൻ സാദ്ധ്യമല്ല. സ്വാതന്ത്ര്യത്തിനായിട്ടുള്ള അവരുടെ ഇളക്കം അവരുടെ വളർച്ചയിൽ സ്വാഭാവികമായിത്തന്നെ അനിവാര്യമായി ഉണ്ടായതാണ്. അത് ഏതാനും പേരുടെ സൃഷ് ടിയായ ഒരു പ്രസ്ഥാനമാണെന്ന് ഗവൺമെന്റ് ധരിക്കുന്നത് അപകടമേറിയ അബദ്ധമായിരിക്കും. പട്ടം താണുപിള്ളമാരും ടി.എം.വർഗീസുമാരും വി.കെ.വേലായുധന്മാരും പി.കെ.കുഞ്ഞുമാരും ആ പ്രസ്ഥാനത്തിന്റെ സൃഷ്ടികളല്ലാതെ സ്രഷ്ടാക്കളല്ല. അവരെ അറസ്റ്റു ചെയ്താൽ അത് അറസ്റ്റു ചെയ്യപ്പെടുകയില്ല. രാജഭക്തിയിലും സമാധാനപൂർണമായ സേവനത്തിലും നിന്നു വ്യതിചലിക്കാത്ത അതിനെ അരാജകത്വവും വിധ്വംസകവുമായി വിചാരിച്ചാലും അതിനു ശക്തികേടുവരികയില്ല. ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത, അതായത് ജനങ്ങൾക്കു വെക്കുവാനോ നീക്കുവാനോ ഒരു കൈയുമില്ലാത്ത, ദിവാൻജി പോയി ആ സ്ഥാനത്ത് ജനങ്ങളോട് ഉത്തരവാദിത്വമുള്ള- അതായത്, അവരുടെ വിശ്വാസം സമ്പാദിച്ച് അവരാൽ തിരഞ്ഞെടുക്കപ്പെട്ടു പോകുന്ന- അവരുടെ പ്രതിനിധികൾ അടങ്ങിയ അസംബ്ലിയുടെ ഭൂരിപക്ഷത്തിന്റെ അഭിപ്രായമുള്ളിടത്തോളം കാലം മാത്രം ഉദ്യോഗമുള്ളവരും ആ വിശ്വാസം ഇല്ലാതാകുമ്പോൾ ഉദ്യോഗം ഒഴിയേണ്ട വരുമായ മന്ത്രിമാർ വന്ന് മഹാരാജാവ് തിരുമനസ്സിലെ പരമാധികാരത്തിൻ കീഴിൽ ഭരണം നടത്തുന്ന സമ്പ്രദായം വരുത്താനുള്ള ശ്രമങ്ങൾ തുടങ്ങുകയല്ലാതെ ഇപ്പോഴത്തെ സ്വാതന്ത്ര്യപ്രക്ഷോഭണത്തെ ശമിപ്പിക്കുവാനുള്ള വേറൊരു മാർഗ്ഗവും ഇല്ല.

ഈഴവർ ഈ രാജ്യത്തെ പലവിധത്തിലും അവകാശഹീനരായ കിടന്ന ഒരു സ്ഥാപിതതാല്പര്യമില്ലാത്ത സമുദായമാണ്. അങ്ങനെയുള്ളവരുടെ ഇടയിൽ നിന്നാണ് സാധാരണ സ്വാതന്ത്ര്യവാദങ്ങൾ ഉദയം കൊള്ളുന്നത്. ഈഴവരുടെ അഭിവൃത്തിക്കുള്ള ഓരോ ശ്രമവും ഓരോതരം സ്ഥാപിത താല്പര്യങ്ങളോടുള്ള സ്വാതന്ത്ര്യസമരമായിരുന്നു. അവരുടെ അയിത്തോച്ചാടനവാദവും ജാതിനിർമൂലന വാദവും സമുദായപ്രാതിനിധ്യവാദവുമൊക്കെ സൂക്ഷ്മത്തിൽ കേവലം സ്വാതന്ത്ര്യസമരങ്ങളാണ്. ഇവിടത്തെ സ്വാതന്ത്ര്യവാദക്കാരായ സമുദായം എന്നു തന്നെ അവരെക്കുറിച്ചു പറയാം. മലയാളസാഹിത്യത്തിലെ ഏറ്റവും നല്ല സ്വാതന്ത്ര്യഗാനം ഒരു ഈഴവ പ്രതിഭയുടെ സന്താനമാണ്. സ്വാ തന്ത്ര്യം തന്നെ അമൃതം സ്വാതന്ത്ര്യം തന്നെ ജീവിതം എന്ന സത്യം സാക്ഷാത്കരിക്കുന്നവരത്രെ ഈഴവർ. അവർ ഇപ്പോഴത്തെ രാജ്യസാമാന്യമായ സ്വാതന്ത്ര്യസമരത്തിൽ സ്വാഭാവികമായിട്ടാണ് ചെന്നുചേർന്നത്. ഈഴവരുടെ സാമുദായികമായ അവകാശവാദങ്ങളൊന്നും പൊതുവായ രാജ്യതാല്പര്യങ്ങൾക്കു വിരുദ്ധമായിരുന്നില്ലെന്ന് അവർ പറഞ്ഞിരുന്നതു പരമാർത്ഥം മാത്രമായിരുന്നു എന്നു മറ്റുള്ളവരോടൊപ്പം രാജ്യപുരോഗതിക്കുവേണ്ടി ത്യാഗങ്ങളും ക്ലേശങ്ങളും വരിക്കാനുള്ള സന്തോഷപൂർ വ്വമായ സന്നദ്ധതകൊണ്ട് ഇതാ അവർ തെളിയിച്ചുവരുന്നു. ഇത് എല്ലാവർക്കും ആലോചനാമൃതവും നമുക്ക് അഭിമാനകരവുമായ ഒരു അവസ്ഥയാണ്. അക്രമരാഹിത്യത്തിൽ നിന്ന് അണുവും വ്യതിചലിക്കാതെയും കുടുംബാധിയിലെ കൂറ്റുകാരുടെ ഒരുമിപ്പായി ഇപ്പോൾ തിരുവിതാംകൂറിന് കൈവന്നിരിക്കുന്ന സർവസമുദായ യോജിപ്പിനെ കൂടുതൽ കൂടുതൽ ഉറപ്പിച്ചും മുന്നോട്ടു പോകുക എന്നേ എനിക്കു സമുദായത്തോടു പറയേണ്ടതായിട്ടുള്ളൂ. യോഗം ജനറൽ സെക്രട്ടറിയും ആക്ടിങ് ജനറൽ സെക്രട്ടറിയും ഒന്നിലധികം ഡയറക്ടർ മാരും സഹോദര സമുദായങ്ങളിലെ അവരുടെ സുഹൃത്തുക്കളും രാജ്യശ്രേയസ്സിനുവേണ്ടി പൂജപ്പുരയിൽ ചെയ്യുന്ന തപവും, നെയ്യാറ്റിൻകരയിലും മറ്റും വെടിയും അടിയും ഏറ്റവരിൽ മരിച്ചവരുടെ കുടുംബങ്ങൾക്കു നേരിട്ട നഷ്ടവും ശേഷിച്ചവർ ആസ്പത്രികളിൽ കിടന്ന് അനുഭവിക്കുന്ന വേദനകളും നമ്മൾ എപ്പോഴും ഓർമിക്കയും പുറത്തു നില്ക്കുവാൻ സാധിക്കുന്നിടത്തോളം കാലം അവരോടും അവരെല്ലാം ആത്മാർപ്പണം ചെയ്ത പ്രസ്ഥാനത്തോടും നമുക്കുള്ള കടമ നിറവേറ്റുന്നതിൽ ഉന്നിദ്രരായിരിക്കുകയും ചെയ്യേണ്ടതാണെന്നും ഞാൻ നിങ്ങളെ ഉദ്ബോധിപ്പിച്ചുകൊള്ളട്ടെ.

---

കവിത

# എല്ലാരുമെത്തുന്നിടം

(വൃത്തം: ഉപസർപ്പിണി )



**സീനാരവി വള്ളികുന്നം**

**നി**ഴലുവീഴാഗലികൾക്കിടയിലൂ
ടുഴറിവീഴാതെ ഗംഗാതടത്തിലും
അഴലിനാഴത്തിരകളിലുന്മഥി-
ച്ചൊഴുകിനീങ്ങി ഞാൻ
ശ്രാദ്ധകർമ്മത്തിനായ് !

ഇവിടെയെന്നോ
മഹാമണികർണിക
യുഗയുഗങ്ങളായ് പട്ടടഭൂമിയായ്
നിമിഷമാത്രയെരിഞ്ഞടങ്ങീടുവാൻ
ക്ഷമയൊടെ ജഡമൂഴവും കാക്കുന്നു!

ഒരുമയോടഗ്നിനാളമൊരായിരം
കരുണയില്ലാതെ
സ്നിഗ്ദ്ധ ദേഹങ്ങളെ
പെരുകുമാവേശമോടെ പുല്കീടുന്നു
മരണദേവന്റെയുന്മാദ താണ്ഡവം !

പരമസത്യം വരിച്ചവരെ, നാലർ
ചുമലിലേറ്റിയിങ്ങെത്തും
നിസ്സംഗരായ്
മുളകളിൽച്ചേർത്തുകെട്ടിയ
ദേഹത്തെ കുളിരണിയിച്ചിടുന്നു ഗംഗാസ്നാനം!

തടിമിടുക്കുള്ള ചണ്ഡാളർ
കൃത്യമായ് ചൊടിയൊടെ
രാമനാമം മുഴക്കുന്നു
ചെവിയിലോരോ ശവത്തിനും
ശങ്കരൻ പതിയെയോതുന്നു താരകാമന്ത്രവും !

സകല ഭൂതഗണങ്ങൾക്കുമൊപ്പമായ്
ശിവനുടാനന്ദ നൃത്തം നടക്കുന്നു !
ചുടലഭസ്മത്തിലാമഗ്നനായ് ദേവൻ
ചടുലതാണ്ഡവമാടുന്നു നിത്യവും!

അമിത വാശിയിൽ വെട്ടിപ്പിടിച്ചതും
അധികമാർത്തിയിൽ കട്ടുമുടിച്ചതും
അമലസ്നേഹം നിഷേധിച്ചു നിന്ദ്യമായ്
സമയമെല്ലാം കളഞ്ഞതുമെന്തിനായ് !

മമതയില്ലാതെ വെല്ലുവിളിച്ച നീ
ചമയമെല്ലാമഴിഞ്ഞു നിരഘനായ് !
വിളറുംകൈകൾ വിശാലം വിരിച്ചിട്ടു
മരണമേ ! നിന്നെ ഗാഢം പുണരുന്നു !

ക്ഷണികജീവിത കർമ്മബന്ധങ്ങളി
ലിടറിവീഴുന്നു നിത്യവും നാം വൃഥാ
കഠിനദർപ്പമിതെന്തിനായ് നമ്മളിൽ
തുടുതുടുപ്പൊന്നു നിന്നിടാം മാത്രയിൽ !

മഹിതപഞ്ചഭൂതങ്ങളാൽ തീർന്നൊരു
തനു ലയിക്കുന്നു സഞ്ചിതമിങ്ങനെ !
വെടിയും നശ്വരദേഹമീ, ദേഹിയോ
വിലയംപ്രാപിക്കുന്നന്തരീക്ഷത്തിലായ് !!




നായ്ക്കളെ മികച്ച രീതിയിൽ പരിശീലിപ്പിക്കുന്നു. ഭാരതത്തിലെ തദ്ദേശീയയിനം നായ്ക്കളുടെ പരിശീലന മാനുവലുകൾ, അവയുടെ അതുല്യമായ ശക്തികൾ പുറത്തുകൊണ്ടുവരുന്നതിനായി മാറ്റിയെഴുതിയിട്ടുണ്ട്. മോൺഗ്രൽസ്, മുധോൾ ഹൗണ്ട്, കൊമ്പൈ, പാണ്ടിക്കോണ തുടങ്ങിയ ഭാരതത്തിലെ തദ്ദേശീയയിനം നായ്ക്കൾക്ക് ബെംഗളൂരുവിലെ സിആർപിഎഫിന്റെ ഡോഗ് ബ്രീഡിംഗ് ആൻഡ് ട്രെയിനിംഗ് സ്കൂളിൽ പരിശീലനം നൽകുന്നു. സുഹൃത്തുക്കളേ, കഴിഞ്ഞ വർഷം ലഖ്നൗവിൽ ഓൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റ് സംഘടിപ്പിച്ചു. ആ സമയത്ത്, റിയ എന്ന പേരുള്ള ഒരു നായ ആളുകളുടെ ശ്രദ്ധ ആകർഷിച്ചു. ബിഎസ്എഫ് പരിശീലിപ്പിച്ച ഒരു മുധോൾ ഹൗണ്ടാണിത്. നിരവധി വിദേശയിനങ്ങളെ പിന്തള്ളി റിയ അവിടെ ഒന്നാം സമ്മാനം നേടി.

സുഹൃത്തുക്കളേ,
ബിഎസ്എഫ് ഇപ്പോൾ തങ്ങളുടെ നായ്ക്കൾക്ക് വിദേശ പേരുകൾക്ക് പകരം ഇന്ത്യൻ പേരുകൾ നൽകുന്ന പാരമ്പര്യം ആരംഭിച്ചിരിക്കുന്നു. നമ്മുടെ തദ്ദേശീയയിനം നായ്ക്കളും ശ്രദ്ധേയമായ ധൈര്യം കാണിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം, ഛത്തീസ്ഗഡിലെ മാവോയിസ്റ്റ് ബാധിത പ്രദേശത്ത് പട്രോളിംഗ് നടത്തുമ്പോൾ, സിആർപിഎഫിലെ ഒരു തദ്ദേശീയയിനം നായ 8 കിലോഗ്രാം സ്ഫോടകവസ്തുക്കൾ കണ്ടെത്തി. ഈ ദിശയിലുള്ള ശ്രമങ്ങൾക്ക് ബിഎസ്എഫിനെയും സിആർപിഎഫിനെയും ഞാൻ അഭിനന്ദിക്കുന്നു.

ഒക്ടോബർ 31നായി ഞാൻ കാത്തിരിക്കുകയാണ്. ഇത് ഉരുക്കുമനുഷ്യനായ സർദാർ പട്ടേലിന്റെ ജന്മദിനമാണ്. ഈ ദിനത്തിൽ, ഗുജറാത്തിലെ ഏകതാനഗറിലെ സ്റ്റാച്യു ഓഫ് യൂണിറ്റിക്ക് സമീപം എല്ലാ വർഷവും പ്രത്യേക ആഘോഷങ്ങൾ നടത്താറുണ്ട്. ഏകതാ ദിന പരേഡും ഇവിടെ നടക്കുന്നു, ഈ പരേഡിൽ തദ്ദേശീയയിനം നായ്ക്കളുടെ ശക്തി വീണ്ടും പ്രദർശിപ്പിക്കപ്പെടും. നിങ്ങളും അതിന് സാക്ഷ്യം വഹിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തണം.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
സർദാർ പട്ടേലിന്റെ 150ാം ജന്മവാർഷികം രാജ്യം മുഴുവൻ ആഘോഷിക്കുന്നു. ആധുനിക കാലത്ത് രാജ്യത്തെ ഏറ്റവും മഹത് വ്യക്തികളിൽ ഒരാളായിരുന്നു സർദാർ പട്ടേൽ. നിരവധി ഗുണങ്ങളാൽ സമ്പന്നമായിരുന്നു അദ്ദേഹത്തിന്റെ മഹത്തായ വ്യക്തിത്വം. അദ്ദേഹം വളരെ കഴിവുള്ള വിദ്യാർത്ഥിയായിരുന്നു. ഭാരതത്തിലും ബ്രിട്ടനിലും അദ്ദേഹം പഠനത്തിൽ മികവ് പുലർത്തി. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഏറ്റവും പ്രഗൽഭരായ അഭിഭാഷകരിൽ ഒരാളായിരുന്നു അദ്ദേഹം. നിയമരംഗത്ത് അദ്ദേഹത്തിന് കൂടുതൽ അംഗീകാരം നേടാമായിരുന്നു, പക്ഷേ ഗാന്ധിജിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അദ്ദേഹം പൂർണ്ണമായും തന്റെ ജീവിതം സ്വാതന്ത്ര്യ പ്രസ്ഥാനത്തിനായി സമർപ്പിച്ചു. ഖേഡ സത്യാഗ്രഹം മുതൽ ബോർസാദ് സത്യാഗ്രഹം വരെയുള്ള നിരവധി സമരങ്ങളിൽ അദ്ദേഹം നൽകിയ സംഭാവനകൾ ഇന്നും ഓർമ്മിക്കപ്പെടുന്നു. അദ്ദേഹം അഹമ്മദാബാദ് മുനിസിപ്പാലിറ്റിയുടെ തലവനായിരുന്ന കാലം ചരിത്രപരമായിരുന്നു. ശുചിത്വത്തിനും നല്ല ഭരണത്തിനും അദ്ദേഹം മുൻതൂക്കം നൽകി. ഉപപ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി എന്നീ നിലകളിൽ അദ്ദേഹം നൽകിയ സംഭാവനകൾക്ക് നാം എപ്പോഴും അദ്ദേഹത്തോട് കടപ്പെട്ടിരിക്കും.

സുഹൃത്തുക്കളേ,
ഭാരതത്തിന്റെ ഉദ്യോഗസ്ഥ ഭരണ ചട്ടക്കൂടിന് ശക്തമായ അടിത്തറ പാകിയതും സർദാർ പട്ടേൽ ആണ്. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി അദ്ദേഹം സമാനതകളില്ലാത്ത ശ്രമങ്ങൾ നടത്തി. സർദാർ സാഹിബിന്റെ ജന്മവാർഷികമായ ഒക്ടോബർ 31 ന് രാജ്യമെമ്പാടും നടക്കുന്ന റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ ഞാൻ നിങ്ങളേവരോടും അഭ്യർത്ഥിക്കുന്നു ഒറ്റയ്ക്കല്ല, എല്ലാവരെയും കൂട്ടി. ഒരു തരത്തിൽ, ഇത് യുവാക്കളെ ബോധവൽക്കരിക്കാനുള്ള അവസരമായി മാറണം. റൺ ഫോർ യൂണിറ്റി ഐക്യത്തെ ശക്തിപ്പെടുത്തും. ഭാരതത്തിന്റെ ഐക്യത്തിന് ചുക്കാൻ പിടിച്ച ആ മഹാനായ വ്യക്തിക്ക് നാം നൽകുന്ന ആത്മാർത്ഥമായ ശ്രദ്ധാഞ്ജലിയാണിത്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
ചായയുമായുള്ള എന്റെ ബന്ധം നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ. പക്ഷേ ഇന്ന് മൻ കി ബാത്തിൽ കാപ്പിയെക്കുറിച്ച് ചർച്ച ചെയ്തുകൂടെ എന്ന് ഞാൻ ചിന്തിക്കുന്നു. കഴിഞ്ഞ വർഷം നമ്മൾ മൻ കി ബാത്തിൽ അരക്കു കാപ്പിയെക്കുറിച്ച് ചർച്ച ചെയ്തത് നിങ്ങൾ ഓർക്കുന്നുണ്ടാകും. കുറച്ചു കാലം മുമ്പ് ഒഡിഷയിൽ നിന്നുള്ള നിരവധി ആളുകൾ കോരാപുട്ട് കാപ്പിയെക്കുറിച്ചുള്ള അവരുടെ ചിന്തകൾ എന്നോട് പങ്കുവെച്ചിരുന്നു. അവർ എനിക്ക് കത്തെഴുതി, മൻ കി ബാത്തിൽ കോരാപുട്ട് കാപ്പിയെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിച്ചു.

**ഇപ്പോൾ മൻ കി ബാത്തിൽ നമ്മുടെ എല്ലാവരുടെയും ഹൃദയത്തോട് ചേർന്നു നില്ക്കുന്ന ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കാം. ഈ വിഷയം മറ്റൊന്നല്ല, നമ്മുടെ ദേശീയഗീതമാണ് ഭാരതത്തിന്റെ ദേശീയഗീതമായ വന്ദേമാതരത്തെക്കുറിച്ച് ആദ്യവാക്കിൽ തന്നെ നമ്മുടെ ഹൃദയങ്ങളിൽ വികാരങ്ങളുടെ ഒരു തിരമാല ഉണർത്തുന്ന ഒരു ഗാനം. വന്ദേമാതരം എന്ന ഒറ്റ വാക്കിൽ വളരെയധികം ഉണർവ്വും ഊർജ്ജവും അടങ്ങിയിരിക്കുന്നു. സ്വാഭാവികമായും അത് ഭാരതമാതാവിന്റെ വാത്സല്യം നമുക്ക് പകർന്ന് തരുന്നു. ഭാരതാംബയുടെ മക്കൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ഇത് നമ്മെ ബോധവാന്മാരാക്കുന്നു. വിഷമഘട്ടങ്ങളിൽ, വന്ദേമാതരം എന്ന മന്ത്രം ചൊല്ലുന്നത് 140കോടി ഭാരതീയരുടെ മനസ്സിൽ ഐക്യത്തിന്റെ ഊർജ്ജം പകരുന്നു.**

സുഹൃത്തുക്കളേ,
കോരാപുട്ട് കാപ്പിയുടെ രുചി അതിശയകരമാണെന്ന് ഞാൻ പറഞ്ഞ് കേട്ടിട്ടുണ്ട്. മാത്രമല്ല, കാപ്പിയുടെ സ്വാദിനു പുറമേ കൃഷിയും ആളുകൾക്ക് ഗുണം ചെയ്യുന്നു. കോരാപുട്ടിൽ ചിലർ സ്വന്തം താല്പര്യത്തിൽ കാപ്പി കൃഷി ചെയ്യുന്നുണ്ട്. കോർപ്പറേറ്റ് ലോകത്ത് അവർക്ക് നല്ല ശമ്പളമുള്ള ജോലികളുണ്ടായിരുന്നു, പക്ഷേ അവർ കാപ്പിയെ വളരെയധികം ഇഷ്ടപ്പെട്ടതിനാൽ ഈ മേഖലയിലേക്ക് പ്രവേശിക്കുകയും അതിൽ വിജയം നേടുകയും ചെയ്തിട്ടുണ്ട്. കാപ്പി ജീവിതത്തെ മാറ്റിമറിച്ച നിരവധി സ്ത്രീകളുമുണ്ട്. കാപ്പി അവർക്ക് ആദരവും സമ്പത്തും നൽകിയിട്ടുണ്ട്. സത്യം പറഞ്ഞാൽ: കോരാപുട്ട് കാപ്പി ശരിക്കും രുചികരമാണ്! ഇത് ഒഡിഷയുടെ അഭിമാനമാണ്!

സുഹൃത്തുക്കളേ,
ലോകമെമ്പാടും ഇന്ത്യൻ കാപ്പി വളരെ പ്രചാരത്തിലായിക്കൊണ്ടിരിക്കുകയാണ്. അത് കർണ്ണാടകത്തിലെ ചിക്കമംഗളൂരുവായാലും, കൂർഗായാലും, ഹാസനായാലും. തമിഴ്നാട്ടിലെ പുലാനി, ഷെവറോയ്, നീലഗിരി, അണ്ണാമലൈ മേഖലകളായയാലും, കർണാടകതമിഴ്നാട് അതിർത്തിയിലുള്ള ബിലിഗിരി മേഖലയായാലും, കേരളത്തിലെ വയനാട്, തിരുവിതാംകൂർ, മലബാർ പ്രദേശങ്ങളായാലും, ഇന്ത്യൻ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമാണ്. നമ്മുടെ വടക്കുകിഴക്കൻ മേഖലയും കാപ്പികൃഷിയിൽ പുരോഗതി കൈവരിക്കുന്നുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ലോകമെമ്പാടും ഇന്ത്യൻ കാപ്പിയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നു. അതുകൊണ്ടാണ് കാപ്പിപ്രേമികൾ പറയുന്നത്:

India's coffee is coffee at its finest.
It is brewed in India and loved by the World.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
ഇപ്പോൾ മൻ കി ബാത്തിൽ നമ്മുടെ എല്ലാവരുടെയും ഹൃദയത്തോട് ചേർന്നു നില്ക്കുന്ന ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കാം. ഈ വിഷയം മറ്റൊന്നല്ല, നമ്മുടെ ദേശീയഗീതമാണ് ഭാരതത്തിന്റെ ദേശീയഗീതമായ വന്ദേമാതരത്തെക്കുറിച്ച് ആദ്യവാക്കിൽ തന്നെ നമ്മുടെ ഹൃദയങ്ങളിൽ വികാരങ്ങളുടെ ഒരു തിരമാല ഉണർത്തുന്ന ഒരു ഗാനം. വന്ദേമാതരം എന്ന ഒറ്റ വാക്കിൽ വളരെയധികം ഉണർവ്വും ഊർജ്ജവും അടങ്ങിയിരിക്കുന്നു. സ്വാഭാവികമായും അത് ഭാരതമാതാവിന്റെ വാത്സല്യം നമുക്ക് പകർന്ന് തരുന്നു. ഭാരതാംബയുടെ മക്കൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ഇത് നമ്മെ ബോധവാന്മാരാക്കുന്നു. വിഷമഘട്ടങ്ങളിൽ, വന്ദേമാതരം എന്ന മന്ത്രം ചൊല്ലുന്നത് 140കോടി ഭാരതീയരുടെ മനസ്സിൽ ഐക്യത്തിന്റെ ഊർജ്ജം പകരുന്നു.

സുഹൃത്തുക്കളേ,
ദേശസ്നേഹം, ഭാരതാംബയോടുള്ള സ്നേഹം, എന്നിവ വാക്കുകൾക്ക് അതീതമായ ഒരു വികാരമാണെങ്കിൽ, ആ അദൃശ്യമായ വികാരത്തിന് മൂർത്തമായ ശബ്ദം നൽകുന്ന ഗീതമാണ് വന്ദേമാതരം. നൂറ്റാണ്ടുകളുടെ അടിമത്തത്താൽ ദുർബലമായ ഭാരതത്തിന് പുതുജീവൻ പകരാൻ ബങ്കിം ചന്ദ്ര ചതോപാധ്യായയാണ് ഇത് രചിച്ചത്. വന്ദേമാതരം 19ാം നൂറ്റാണ്ടിൽ എഴുതിയതാകാം, പക്ഷേ അതിന്റെ ആത്മാവ് ഭാരതത്തിന്റെ ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള അനശ്വരബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു. മാതാ ഭൂമി: പുത്രോ അഹം പൃഥിയ:ഭൂമി അമ്മയാണ്, ഞാൻ അവളുടെ കുട്ടിയാണ് എന്ന് പറഞ്ഞുകൊണ്ട് വേദങ്ങൾ ഭാരത നാഗരികതയുടെ അടിത്തറ പാകിയ വികാരം. വന്ദേമാതരം എഴുതിയതിലൂടെ, ബങ്കിം ചന്ദ്ര മാതൃരാജ്യത്തിനും അതിന്റെ മക്കൾക്കും ഇടയിലുള്ള അതേ ബന്ധം വികാരങ്ങളുടെ ലോകത്ത് ഒരു മന്ത്രത്തിന്റെ രൂപത്തിൽ സ്ഥാപിച്ചു.

സുഹൃത്തുക്കളേ,
ഞാൻ പെട്ടെന്ന് വന്ദേമാതരത്തെക്കുറിച്ച് ഇത്രയധികം സംസാരിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. വാസ്തവത്തിൽ, കുറച്ച് ദിവസങ്ങൾക്കുള്ളിൽ, നവംബർ 7 ന്, വന്ദേമാതരത്തിന്റെ 150ാം വാർഷിക ആഘോഷങ്ങളിൽ നാം കടക്കും. 150 വർഷങ്ങൾക്ക് മുമ്പ് വന്ദേമാതരം രചിക്കപ്പെട്ടു, ഗുരുദേവ് രവീന്ദ്രനാഥ ടാഗോർ ആദ്യമായി ഇത് ആലപിച്ചത് 1896 ലാണ്.

സുഹൃത്തുക്കളേ,
വന്ദേമാതരം എന്ന ഗീതത്തിൽ ദശലക്ഷക്കണക്കിന് നാട്ടുകാരുടെ മനസ്സിൽ ദേശസ്നേഹത്തിന്റെ അപാരമായ അലയൊലികൾ അനുഭവപ്പെട്ടു. തലമുറകളായി വന്ദേമാതരത്തിന്റെ വരികളിൽ ഭാരതത്തിന്റെ ഓജസ്സും തേജസ്സുമുള്ള ഒരു രൂപം കാണാൻ കഴിഞ്ഞിട്ടുണ്ട്.
സുജലാം, സുഫലാം, മലയജ ശീതളാം,
സസ്യശ്യാമളം, മാതരം!




വന്ദേമാതരം!

അത്തരമൊരു ഭാരതത്തെ നാം കെട്ടിപ്പടുക്കണം. ഈ ശ്രമങ്ങളിൽ വന്ദേമാതരം എപ്പോഴും നമ്മുടെ പ്രചോദനമായിരിക്കും. അതിനാൽ, വന്ദേമാതരത്തിന്റെ 150ാം വാർഷികം നാം അവിസ്മരണീയമാക്കണം. വരും തലമുറകൾക്കായി ഈ സംസ്ക്കാരത്തെ നാം മുന്നോട്ട് കൊണ്ടുപോകണം. വരും കാലങ്ങളിൽ വന്ദേമാതരംവുമായി ബന്ധപ്പെട്ട് നിരവധി പരിപാടികൾ നടക്കും, രാജ്യമെമ്പാടും നിരവധി പരിപാടികൾ സംഘടിപ്പിക്കും. വന്ദേമാതരംത്തിന്റെ മഹത്വത്തെ ഉദ്ഘോഷിക്കാൻ നാം ഏവരും സ്വമേധയാ ശ്രമിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഃഢമിറലാമമ്യേമ150 എന്നതിനൊപ്പം നിങ്ങളുടെ നിർദ്ദേശങ്ങൾ എനിക്ക് അയയ്ക്കുക. നിങ്ങളുടെ നിർദ്ദേശങ്ങൾക്കായി ഞാൻ കാത്തിരിക്കുന്നു, ഈ അവസരം ചരിത്രമാക്കാൻ നമുക്കെല്ലാവർക്കും ചേർന്ന് പ്രവർത്തിക്കാം.

**അടുത്ത മാസം 15ന് നമ്മൾ ഗോത്ര അഭിമാന ദിനംആഘോഷിക്കും. ഭഗവാൻ ബിർസ മുണ്ടയുടെ ജന്മവാർഷിക ദിനമാണിത്. ഭഗവാൻ ബിർസ മുണ്ടയ്ക്ക് ഞാൻ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ആദിവാസി സമൂഹത്തിന്റെ അവകാശങ്ങൾക്കും വേണ്ടി അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ അതുല്യമാണ്. ഝാർഖണ്ഡിലെ ഭഗവാൻ ബിർസ മുണ്ടയുടെ ഗ്രാമമായ ഉളിഹാട്ടു സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. അവിടത്തെ മണ്ണ് നെറ്റിയിൽ തൊട്ട് ഞാൻ ആദരാഞ്ജലി അർപ്പിച്ചു. ഭഗവാൻ ബിർസ മുണ്ടയെയും കൊമരം ഭീമിനെയും പോലെ, നമ്മുടെ ആദിവാസി സമൂഹത്തിൽ നിന്നുള്ള മറ്റ് നിരവധി മഹാന്മാർ ഉണ്ടായിട്ടുണ്ട്. അവരെക്കുറിച്ച് വായിക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

സംസ്കൃതം എന്ന് കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ആദ്യം വരുന്നത് നമ്മുടെ ധർമ്മഗ്രന്ഥങ്ങൾ, വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, ശാസ്ത്രങ്ങൾ, പുരാതന അറിവ്, ആത്മീയത, തത്ത്വചിന്ത എന്നിവയാണ്. ഒരു കാലത്ത്, ഇവയ്ക്കൊപ്പം, സംസ്കൃതം ഒരു സംസാരഭാഷയുമായിരുന്നു. ആ കാലഘട്ടത്തിൽ, പഠനങ്ങളും ഗവേഷണങ്ങളും സംസ്കൃതത്തിലായിരുന്നു. നാടകങ്ങളും സംസ്കൃതത്തിൽ അവതരിപ്പിച്ചിരുന്നു. നിർഭാഗ്യവശാൽ, അടിമത്ത കാലഘട്ടത്തിലും സ്വാതന്ത്ര്യത്തിനുശേഷവും സംസ്കൃതം നിരന്തരമായ അവഗണന നേരിട്ടു. ഇത് യുവതലമുറയ്ക്ക് സംസ്കൃതത്തോടുള്ള താൽപ്പര്യം കുറയാൻ കാരണമായി. എന്നാൽ സുഹൃത്തുക്കളേ, കാലം മാറുന്നതിന് അനുസരിച്ച് സംസ്കൃതഭാഷയ്ക്ക് മാറ്റം വന്നു. സംസ്കാരത്തിന്റെയും സമൂഹമാധ്യമത്തിന്റെയും ലോകം സംസ്കൃതത്തിന് ഒരു പുതുജീവൻ നൽകിയിട്ടുണ്ട്. ഈയിടെയായി, നിരവധി യുവാക്കൾ സംസ്കൃതവുമായി ബന്ധപ്പെട്ട രസകരമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. സമൂഹ മാധ്യമങ്ങൾ നോക്കിയാൽ യുവാക്കൾ സംസ്കൃതത്തിലും സംസ്കൃത ഭാഷയെക്കുറിച്ചും സംസാരിക്കുന്ന നിരവധി റീലുകൾ നിങ്ങൾക്ക് കാണാൻ കഴിയും. പലരും അവരുടെ സോഷ്യൽ മീഡിയ ചാനലുകൾ വഴി സംസ്കൃതം പഠിപ്പിക്കുന്നു. അത്തരമൊരു യുവ ഉള്ളടക്ക സ്രഷ്ടാവ് ആണ് യാഷ് സലുന്ദ്കെ. ഒരു ഉള്ളടക്ക സ്രഷ്ടാവ് എന്ന നിലയിലും ഒരു ക്രിക്കറ്റ് കളിക്കാരൻ എന്ന നിലയിലും യാഷ് അറിയപ്പെടുന്നു. സംസ്കൃതത്തിൽ സംസാരിച്ചുകൊണ്ട് ക്രിക്കറ്റ് കളിക്കുന്ന അദ്ദേഹത്തിന്റെ റീൽ ആളുകൾക്ക് ഇഷ്ടപ്പെട്ടിട്ടുണ്ട്.

സുഹൃത്തുക്കളേ, കമല,

ജാൻഹവി എന്ന രണ്ട് സഹോദരിമാരുടെ പ്രവർത്തനങ്ങളും മികച്ചതാണ്. അവർ ആത്മീയത, തത്ത്വചിന്ത, സംഗീതം എന്നിവയെക്കുറിച്ചുള്ള ഉള്ളടക്കങ്ങൾ ഉണ്ടാക്കുന്നു. മറ്റൊരു യുവാവിന് ഇൻസ്റ്റാഗ്രാമിൽ സംസ്കൃതഛാത്രോഹം എന്ന പേരിൽ ഒരു ചാനൽ ഉണ്ട്. ഇ ൗ ചാനൽ നടത്തുന്ന യുവാക്കൾ സംസ്കൃതവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുക മാത്രമല്ല, സംസ്കൃതത്തിൽ നർമ്മ വീഡിയോകൾ നിർമ്മിക്കുകയും ചെയ്യുന്നു. യുവാക്കൾ സംസ്കൃതത്തിലും ഈ വീഡിയോകൾ ആസ്വദിക്കുന്നു. നിങ്ങളിൽ പലരും സമഷ്ടിയുടെ വീഡിയോകൾ കണ്ടിരിക്കാം. സമഷ്ടി തന്റെ ഗാനങ്ങൾ സംസ്കൃതത്തിൽ വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കുന്നു. മറ്റൊരു യുവാവാണ് ഭാവേഷ് ഭീമനാഥാനി. ഭാവേഷ് സംസ്കൃത ശ്ലോകങ്ങളെക്കുറിച്ചും ആത്മീയ തത്ത്വചിന്തയെക്കുറിച്ചും തത്വങ്ങളെക്കുറിച്ചും സംസാരിക്കുന്നു.

സുഹൃത്തുക്കളേ,

ഭാഷ ഏതൊരു നാഗരികതയുടെയും മൂല്യങ്ങളും പാരമ്പര്യങ്ങളും വഹിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങളായി സംസ്കൃതം ഈ കടമ നിറവേറ്റിയിട്ടുണ്ട്. ചില യുവാക്കൾ ഇപ്പോൾ സംസ്കൃതത്തോടുള്ള കടമ നിറവേറ്റുന്നത് കാണുന്നത് സന്തോഷകരമായ കാര്യമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഇപ്പോൾ ഞാൻ നിങ്ങളെ ഒരു ഫ്ളാഷ്ബാക്കിലേക്ക് കൊണ്ടുപോകാം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം സങ്കൽപ്പിക്കുക! ആ സമയത്ത്, സ്വാതന്ത്ര്യം ലഭിക്കുമെന്ന പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. ഭാരതത്തിലുടനീളം ചൂഷണത്തിന്റെ എല്ലാ പരിധികളും ബ്രിട്ടീഷുകാർ ലംഘിച്ചിരുന്നു, ഹൈദരാബാദിലെ ദേശസ്നേഹികളായ ജനങ്ങളുടെ മേൽ നടന്ന അടിച്ചമർത്തൽ അതിലും ഭയാനകമായിരുന്നു. ക്രൂരനും നിർദ്ദയനുമായ നൈസാമിന്റെ ക്രൂരതകൾ സഹിക്കാൻ അവർ നിർബന്ധിതരായി. ദരിദ്രർക്കും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും, ഗോത്ര സമൂഹങ്ങൾക്കും എതിരായ അതിക്രമങ്ങൾക്ക് അതിരുകളില്ലായിരുന്നു. അവരുടെ ഭൂമി പിടിച്ചെടുത്തു, കനത്ത നികുതി ചുമത്തി. ഈ അനീതിക്കെതിരെ പ്രതിഷേധിച്ചവരുടെ കൈകൾ പോലും വെട്ടിമാറ്റി.

സുഹൃത്തുക്കളേ,

ഈ പ്രതിസന്ധി ഘട്ടത്തിൽ, ഇരുപത് വയസ്സുള്ള ഒരു യുവാവ് ഈ അനീതിക്കെതിരെ നിലകൊണ്ടു. ഇന്ന്, ഒരു പ്രത്യേക കാരണത്താലാണ് ഞാൻ ഈ യുവാവിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. പേര് വെളിപ്പെടുത്തുന്നതിന് മുമ്പ്, അദ്ദേഹത്തിന്റെ ധീരതയെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം. സുഹൃത്തുക്കളേ, നൈസാമിനെതിരെ ഒരു വാക്ക് പറയുന്നത് പോലും കുറ്റകൃത്യമായി കണക്കാക്കപ്പെട്ടിരുന്ന അക്കാലത്ത്, ഈ യുവാവ് സിദ്ദിഖി എന്ന നൈസാമിന്റെ ഉദ്യോഗസ്ഥനെ പരസ്യമായി വെല്ലുവിളിച്ചു. കർഷകരുടെ വിളകൾ കണ്ടുകെട്ടാൻ നൈസാം സിദ്ദിഖിയെ അയച്ചിരുന്നു. എന്നാൽ അടിച്ചമർത്തലിനെതിരായ ഈ പോരാട്ടത്തിൽ, ആ യുവാവ് സിദ്ദിഖിയെ കൊന്നു. അറസ്റ്റിൽ നിന്നും രക്ഷപ്പെടാനും അദ്ദേഹത്തിന് കഴിഞ്ഞു. നൈസാമിന്റെ സ്വേച്ഛാധിപത്യ പോലീസിൽ നിന്ന് രക്ഷപ്പെട്ട്, ആ യുവാവ് നൂറുകണക്കിന് കിലോമീറ്റർ അകലെയുള്ള അസമിലേക്ക് പലായനം ചെയ്തു.

സുഹൃത്തുക്കളേ,

ഞാൻ പറയുന്ന മഹത് വ്യക്തി കൊമരം ഭീം ആണ്. ഒക്ടോബർ 22 ന് അദ്ദേഹത്തിന്റെ ജയന്തി ആഘോഷിച്ചു. കൊമരം ഭീം അധികകാലം ജീവിച്ചിരുന്നില്ല; അദ്ദേഹം 40 വയസ്സുവരെയേ ജീവിച്ചിരുന്നുള്ളൂ, പക്ഷേ ജീവിച്ചിരുന്നകാലത്ത് അദ്ദേഹം എണ്ണമറ്റ ആളുകളുടെ, പ്രത്യേകിച്ച് ഗോത്ര സമൂഹത്തിന്റെ ഹൃദയങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ചു. നൈസാമിനെതിരെ പോരാടുന്നവർക്ക് അദ്ദേഹം പുതിയ ശക്തി പകർന്നു. തന്ത്രപരമായ കഴിവുകൾക്കും അദ്ദേഹം പേരുകേട്ടവനായിരുന്നു. നൈസാമിന്റെ ശക്തിക്ക് അദ്ദേഹം ഒരു പ്രധാന വെല്ലുവിളി ആയിരുന്നു. 1940ൽ, നൈസാമിന്റെ ആളുകൾ അദ്ദേഹത്തെ വധിച്ചു. അദ്ദേഹത്തെക്കുറിച്ച് കഴിയുന്നത്ര പഠിക്കാൻ ഞാൻ യുവാക്കളോട് അഭ്യർത്ഥിക്കുന്നു. കൊമരം ഭീംജിക്ക് എന്റെ വിനീതമായ ശ്രദ്ധാഞ്ജലികൾ, അദ്ദേഹം ജനങ്ങളുടെ ഹൃദയങ്ങളിൽ എന്നെന്നും നിലനിൽക്കും.

സുഹൃത്തുക്കളേ,

അടുത്ത മാസം 15 ന് നമ്മൾ ഗോത്ര അഭിമാന ദിനംആഘോഷിക്കും. ഭഗവാൻ ബിർസ മുണ്ടയുടെ ജന്മവാർഷിക ദിനമാണിത്. ഭഗവാൻ ബിർസ മുണ്ടയ്ക്ക് ഞാൻ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ആദിവാസി സമൂഹത്തിന്റെ അവകാശങ്ങൾക്കും വേണ്ടി അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ അതുല്യമാണ്. ഝാർഖണ്ഡിലെ ഭഗവാൻ ബിർസ മുണ്ടയുടെ ഗ്രാമമായ ഉളിഹാട്ടു സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. അവിടത്തെ മണ്ണ് നെറ്റിയിൽ തൊട്ട് ഞാൻ ആദരാഞ്ജലി അർപ്പിച്ചു. ഭഗവാൻ ബിർസ മുണ്ടയെയും കൊമരം ഭീമിനെയും പോലെ, നമ്മുടെ ആദിവാസി സമൂഹത്തിൽ നിന്നുള്ള മറ്റ് നിരവധി മഹാന്മാർ ഉണ്ടായിട്ടുണ്ട്. അവരെക്കുറിച്ച് വായിക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

മൻ കി ബാത്തിനായി നിങ്ങളിൽ നിന്ന് എനിക്ക് നിരവധി സന്ദേശങ്ങൾ ലഭിക്കുന്നു. ഈ സന്ദേശങ്ങളിൽ നമുക്ക് ചുറ്റുമുള്ള കഴിവുള്ള ആളുകളെ കുറിച്ച് പലരും പരാമർശിക്കുന്നു. നമ്മുടെ ചെറിയ നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിൽപോലും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് അറിയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. സേവന മനോഭാവത്തിലൂടെ സാമൂഹിക പരിവർത്തനം നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെയോ ഗ്രൂപ്പുകളെയോ നിങ്ങൾക്ക് അറിയാമെങ്കിൽ, ദയവായി എന്നെ അറിയിക്കുക. എല്ലായ്പ്പോഴും എന്നപോലെ നിങ്ങളുടെ സന്ദേശങ്ങൾക്കായി ഞാൻ കാത്തിരിക്കും. അടുത്ത മാസം, പുതിയ വിഷയങ്ങളുമായി മൻ കി ബാത്തിന്റെ മറ്റൊരു അദ്ധ്യായത്തിൽ നാം വീണ്ടും ഒത്തുകൂടും. അതുവരെ, ഞാൻ നിങ്ങളോട് വിട പറയുന്നു.

നിങ്ങൾക്കെല്ലാവർക്കും വളരെ നന്ദി. നമസ്കാരം.


**നവംബർ 17** നവംബർ 27നു മുമ്പായി കിഴക്കെ നിരത്ത് അധഃകൃതർക്ക് തുറന്നു കൊടുക്കുന്നതാണെന്ന് അധികാരികൾ വൈക്കം സത്യഗ്രഹ നേതാക്കളെ അറിയിച്ചു. സർക്കാർ നയം നടപ്പിൽ വരുന്നതോടെ സത്യാഗ്രഹം നിർത്തുവാനും കോൺഗ്രസ് അയിത്തോച്ചാടന കമ്മിറ്റി തീരുമാനിച്ചു.


**നവംബർ 20** തിരുവിതാംകൂർ എണ്ണക്കാട്ടു കൊട്ടാരത്തിലെ കേരളവർമ്മ രാജാവ് ബ്രാഹ്മണപുരോഹിതന്മാരുടെ സഹകരണത്തോടെ ഒരു സജാതീയ കന്യകയെ വിവാഹം കഴിച്ചു. ക്ഷത്രിയകുലത്തിൽ സജാതിയ വിവാഹം നടത്തുന്നത് ആദ്യമായാണ്.


**നവംബർ 21** വൈക്കം ക്ഷേത്രറോഡുകളിലൂടെ ജാതി മത വ്യത്യാസം കൂടാതെ സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതിനാൽ സത്യഗ്രഹം അവസാനിപ്പിച്ചു. സത്യഗ്രഹത്തിന്റെ ഉപസംഹാരയോഗം നവംബർ 29ന് ചേരുവാൻ തീരമാനിച്ചു.


**നവംബർ 23** വൈക്കം സത്യഗ്രഹസമരം അവസാനിപ്പിച്ചു.


# സമ്പൂർണ്ണ പത്രാധിപർ ടി.ജെ.എസ്. ജോർജ്





'കായൽപരപ്പിലൂടെ സവാരി നടത്തിയത്' തിളക്കമാർന്ന ഓർമ്മയായി. വെള്ളത്തിൽ നിന്നും ചോറുണ്ണാമെന്ന് പഠിപ്പിച്ചത് മുരിക്കനായിരുന്നുവെങ്കിൽ ഹൈറേഞ്ചുകളെ കീഴടക്കി തോട്ടവിളങ്ങൾ ആദായകരമാക്കാമെന്നു പഠിപ്പിച്ചത് സായിപ്പന്മാരായിരുന്നു. തുടർപഠനം കോട്ടയം സി.എം.എസ് സ്കൂളിലായി. ആലപ്പുഴയിൽ നിന്നും കോട്ടയത്തേക്ക് ബോട്ടിലായിരുന്നു യാത്ര. ഇന്റർ മീഡിറ്റിയേറ്റു പഠനം തിരുവനന്തപുരത്തായിരുന്നു. തിരുവനന്തപുരം കാഴ്ചയുടെയും കാഴ്ചബംഗ്ലാവിന്റെയും നഗരമായിരുന്നു. 'തിരുവനന്തപുരത്തുകാർക്ക് അത് ഭൂലോകത്തിന്റെ തലസ്ഥാനമായിരുന്നു.' നാട്ടിൻപുറത്തുനിന്നും ചെന്നു ചേർന്നവർക്കും. തലയെടുപ്പുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നിട്ടും യൂണിവേഴ്സിറ്റി കോളേജിനായിരുന്നു 'ഗ്ലാമർ'. ചെങ്കല്ലിൽ തീർത്ത സരസ്വതിമന്ദിരം. യൗവ്വനം കഴിഞ്ഞിട്ടില്ലാത്ത അദ്ധ്യാപകർ കോളേജിന്റെ പ്രത്യേകതയായിരുന്നു. കെമസ്ട്രിയിലെ വാരിയർ സാറും മലയാളത്തിലെ ഗുപ്തൻനായർ സാറും പേരുപോലെതന്നെ പെരുമക്കാരായിരുന്നു.

ഉപന്യാസം എഴുത്തിൽ ഒന്നാം സ്ഥാനക്കാരനായി ടി.ജെ.എസ്.ജോർജ്. ഉത്തര ക്കടലാസ് ഗുപ്തൻ നായർ സാർ ക്ലാസിൽ ഉറക്കെ വായിച്ചു. ആദ്യത്തെ പേജ് മുഴുവൻ അകാരത്തിൽ തുടങ്ങുന്നതായിരുന്നു. അതോടെ ടി.ജെ.എസ്. ജോർജ് ഭാഷാവ്യുല്പത്തിയുള്ളവനാണെന്ന് തിരിച്ചറിഞ്ഞു. ആ സന്തോഷാവസ്ഥയിൽ കഴിയുമ്പോൾ സാർ സ്വകാര്യമായി ഉപദേശിച്ചു, 'അധികമായാൽ പ്രാസവും ബോറാ'ണെന്ന്. വാക്കുകൾ കസർത്താനുള്ളതല്ലായെന്ന പാഠം പിൽക്കാല ജീവിതത്തിൽ ഏറെ പ്രയോജനപ്പെടുകയും ചെയ്തു.

**ഉപന്യാസം എഴുത്തിൽ ഒന്നാം സ്ഥാനക്കാരനായി ടി.ജെ.എസ്. ജോർജ്. ഉത്തര ക്കടലാസ് ഗുപ്തൻ നായർ സാർ ക്ലാസിൽ ഉറക്കെ വായിച്ചു. ആദ്യത്തെ പേജ് മുഴുവൻ അകാരത്തിൽ തുടങ്ങുന്നതായിരുന്നു. അതോടെ ടി.ജെ.എസ്. ജോർജ് ഭാഷാവ്യുല്പത്തിയുള്ളവനാണെന്ന് തിരിച്ചറിഞ്ഞു. ആ സന്തോഷാവസ്ഥയിൽ കഴിയുമ്പോൾ സാർ സ്വകാര്യമായി ഉപദേശിച്ചു, 'അധികമായാൽ പ്രാസവും ബോറാ'ണെന്ന്. വാക്കുകൾ കസർത്താനുള്ളതല്ലായെന്ന പാഠം പിൽക്കാല ജീവിതത്തിൽ ഏറെ പ്രയോജനപ്പെടുകയും ചെയ്തു.**

കോളേജിലെ പഠനകാലം തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിലെ അതിപ്രധാന കാലമായിരുന്നു. അവസാനത്തെ നാടുവാഴിയായ പൊന്നു തമ്പുരാന്റെ ക്ഷേത്രദർശനം എന്നും പുതുമ നിറഞ്ഞതായിരുന്നു. യാത്രയിലുടനീളം തമ്പുരാൻ സുസ്മേരവദനനായി കാണപ്പെടും. എന്നാൽ ദിവാൻ സർ സി.പി. രാമസ്വാമിയുടെ മുഖം ഒരിക്കൽപോലും തെളിഞ്ഞിരുന്നില്ല.



മാറ്റങ്ങളുടെ കാലമായിട്ടാണ് ടി.ജെ.എസ്.ജോർജ് ഇക്കാലത്തെ കാണുന്നത്. 'പ്രബുദ്ധരായ നായന്മാർ സംഘടിച്ച് കരയോഗങ്ങൾ സ്ഥാപിച്ച് സമുദായത്തിന്റെ ഉന്നമനം ഉറപ്പുവരുത്തിക്കൊണ്ടിരുന്ന കാലം. ഈഴവർ ഉച്ചനീചത്വങ്ങളെ വിജയകരമായി നേരിട്ട് ധർമ്മപരിപാലനം നടത്തിയിരുന്ന കാലം. ക്രിസ്ത്യാനികൾ പുരോഗമിച്ച് പുരോഗമിച്ച് 'വട്ടിപ്പണക്കേസ്' എന്ന പ്രമാദമായ വസ്തുത്തർക്കത്തിൽ ശക്തി പ്രകടിപ്പിച്ചുകൊണ്ടിരുന്ന കാലം. പക്ഷേ, ആർക്കും തമിഴ് ബ്രാഹ്മണരെ നേരിടാനുള്ള ശേഷിയില്ലായിരുന്നു. തിരുവിതാംകൂറിന്റെ ദേശീയഭാഷയായി തമിഴ് അവതരിപ്പിച്ചു. ഭരിക്കുന്നവരുടെയും ഭരിക്കപ്പെടുന്നവരുടെയും ഇടയിലുള്ള അതിർവരമ്പായി പൂണൂൽ വിരാജിച്ചു.' എന്നിങ്ങനെയാണ് ആ കാലത്തെ ഓർമ്മക്കുറിപ്പുകളുടെ പുസ്തകമായ 'ഘോഷയാത്ര'യിൽ തിരുവാതാംകൂറിനെ അവതരിപ്പിച്ചിരിക്കുന്നത്. ഇക്കാലത്ത് ഒരുപാടു പേരുകൾ പൊതുസമൂഹവുമായി ബന്ധപ്പെട്ടു കേട്ടിട്ടുണ്ടെങ്കിലും അവരിൽ മൂന്നു പേരുകൾ മനസ്സിൽ ഇടം പിടിച്ചു. കോട്ടയത്തു നിന്നുള്ള ഒരു കെ.പി.എസ്. മേനോൻ, കുട്ടനാട്ടിൽ നിന്നൊരു കെ.എം.പണിക്കർ, ചെങ്ങന്നൂരിൽ നിന്നൊരു ജോർജ് ജോസഫ്. ഈ മൂന്നു പേരും പിൽക്കാലത്ത് പ്രശസ്തിയുടെ ഉന്നതങ്ങളിൽ എത്തിയവരാണ്.

കോളേജിലെ സഹപാഠികളോ പ്രശസ്തരുടെ മക്കളും. സി.കേശവന്റെ മകൻ കെ.ബാലകൃഷ്ൻ, കുമാരനാശാന്റെ മകൻ പ്രഭാകരൻ, ഉള്ളൂരിന്റെ മകൻ വൈദ്യനാഥൻ, ഇ.വി.കൃഷ്ണപിള്ളയുടെ മകൻ അടൂർ ഭാസി, പിൽക്കാലത്ത് പ്രശസ്തരായ മലയാറ്റൂർ രാമകൃഷ്ണൻ, കാർട്ടൂണിസ്റ്റ് അബു, സി. എൻ. ശ്രീകണ്ഠൻനായർ തുടങ്ങിയവർ. ഇവരിൽ ഇന്റർമീഡിയേറ്റ് ക്ലാസുകളിലെ സുഹൃത്തുക്കളായിരുന്നു മലയാറ്റൂർ രാമകൃഷ്ണനും സി.എൻ. ശ്രീകണ്ഠൻനായരും.


തുടർപഠനം മദ്രാസ് ക്രിസ്ത്യൻ കോളേജിലായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം. പഠനം കഴിഞ്ഞതോടെ ഹോസ്റ്റലിൽ നിന്നും മാമ്പലത്തെ ലോഡ്ജിലേക്കു താമസം മാറ്റി. തൊഴിൽ അന്വേഷണാർത്ഥം മുംബൈയിലെത്തി. ഇന്ത്യൻ എക്സ്പ്രസ്, ടൈംസ് ഓഫ് ഇന്ത്യ, ബോംബെ ക്രോണിക്കിൾ, ഫ്രീ പ്രസ്സ് ജേണൽ എന്നീ പത്രങ്ങൾക്ക് അപേക്ഷ അയച്ചു. ഫ്രീ പ്രസ്സ് ജേണലിൽ നിന്നും ക്ഷണം ലഭിച്ചു. ആര് അപേക്ഷിച്ചാലും ജോലി നൽകുന്ന സ്ഥാപനമാണ്. കഴിവുള്ളവരെ കണ്ടെത്താനുള്ള വഴി അതുമാത്രമാണെന്നു പത്ര ഉടമ നിശ്ചയിച്ചിരുന്നു. ബിരുദവും സർട്ടിഫിക്കേറ്റും ശുപാർശയും ഒന്നും അവിടെ പരിഗണിച്ചിരുന്നില്ല. ആദ്യ ദിവസത്തെ ജോലി കഴിയുമ്പോൾ അറിയാം പിറ്റേദിവസം ചെല്ലണമോ എന്ന്. അതായിരുന്നു അവിടുത്തെ രീതി. ആദ്യ ദിവസവും രണ്ടാംദിവസവും കഴിഞ്ഞപ്പോൾ ജോലി ഏതാണ്ട് ഉറപ്പായി. മാസം 125 രൂപ ശമ്പളം. പത്ര ഉടമയായ വി. സദാനന്ദൻ ബാരിസ്റ്റർ ജോർജ് ജോസഫിന്റെ വാത്സല്യപുത്രനായി പത്രപ്രവർത്തനത്തിൽ മികവു തെളിയിച്ച വ്യക്തിയാണ്. ഖാസാ സുബ്ബറാവു ആയിരുന്നു ഫ്രീ പ്രസ്സ് ജേർണലിന്റെ മുഖപ്രസംഗം എഴുതിയിരുന്നത്. ബ്രിട്ടീഷ് ഭരണാധികാരികളെ വിമർശിച്ചുകൊണ്ടുള്ള മുഖപ്രസംഗങ്ങൾ വെട്ടിത്തിരുത്തലുകൾ കൂടാതെ തന്നെ പത്ര ഉടമ പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകിയിരുന്നു. ടി.ജെ.എസ്.ജോർജിന്റെ പത്രപ്രവർത്തന ജീവിതത്തിലെ ആദ്യകാലാനുഭവങ്ങൾ നിലപാടുകളുടെയും ഇച്ഛാശക്തിയുടെയും തുടക്കമായിരുന്നു.



തുടക്കക്കാരുടെ അവസ്ഥ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. 'ന്യൂസ് ഡസ്കിലെ താപ്പാനകൾ വാർത്താകഷണങ്ങൾ സബ് എഡിറ്റർക്ക് എറിഞ്ഞുകൊടുക്കും. സബ് എഡിറ്റർ അതിന് വാക്യശുദ്ധി വരുത്തി, ഖണ്ഡികകൾ തിരിച്ച്, കോമയും കോളനും യഥാക്രമം ചേർത്ത്, തലക്കെട്ടെഴുതി, തലക്കെട്ടിലെ അക്ഷരങ്ങളുടെ സംഖ്യ, കോളത്തിന്റെ വലിപ്പത്തിലും അളവിലും തിട്ടപ്പെടുത്തി, എല്ലാം ഭദ്രമാക്കി താപ്പാനകളുടെ അനുഗ്രഹത്തിനായി വിനയത്തോടെ മടക്കി കൊടുക്കണം. എവിടെയെങ്കിലും പിഴച്ചിട്ടുണ്ടെങ്കിൽ അനുഗ്രഹത്തിനു പകരം തെറി കേൾക്കേണ്ടിവരാം..' ഇങ്ങനെയുള്ള പരീക്ഷണത്തിന്റെയും പരിശീലനത്തിന്റെയും കാലത്തിലൂടെയാണ് കടന്നുപോയത്. പഠനം പാതിയാക്കി പത്രപ്രവർത്തകൻ ആകണമെന്ന ആഗ്രഹത്തോടെ രാമകൃഷ്ണനും മുംബൈയിലെത്തി. രാമകൃഷ്ണനും ഫ്രീ പ്രസ്സ് ജേർണലിൽ ജോലി ലഭിച്ചു. പത്രം ഒന്നാകെ കണ്ട് ആസ്വദിക്കുന്നതുപോലെയല്ല; പലമുറി വാർത്തകൾ പലയിടങ്ങളിലായി പലർ ചേർന്ന് കോർത്തിണക്കുന്നതെന്നു മനസ്സിലാക്കിയതോടെ അതിനോടുള്ള താല്പര്യം കുറഞ്ഞു. വന്ന വേഗതയിൽ തന്നെ രാമകൃഷ്ണൻ കേരളത്തിലേക്കു മടങ്ങി. അങ്ങനെയാണ് മലയാറ്റൂർ രാമകൃഷ്ണൻ എന്ന മികവാർന്ന ഐ.എസ്.എസുകാരനെയും തികവാർന്ന കഥാകാരനെയും കേരളത്തിനു ലഭിക്കുന്നത്.

എം.വി.കമ്മത്ത്, ബാൽ താക്കറെ, എം.ശിവറാം, കെ.ശിവറാം, എസ്.വിശ്വം, കെ.സി.ജോൺ, എം.പി.അയ്യർ, കെ.എ. അബ്ബാസ്, എ.എഫ്. തലയാർഖാൻ, അശോക് മേത്ത, ഹോമിതലയാർഖാൻ, എസ്.എ. സബാവാല, രാജാ ഹത്തീസിങ്ങ് തുടങ്ങിയ പ്രഗത്ഭരായ പത്രപ്രവർത്തകരെ പരിചയപ്പെടുവാനും അവരുടെ റിപ്പോർട്ടിംഗ് രീതി മനസ്സിലാക്കാനും കഴിഞ്ഞു എന്നത് പത്രസഞ്ചാരവഴി കൂടുതൽ പ്രയോജനകരമാക്കുവാൻ സഹായിച്ചു.



# സമ്പൂർണ്ണ പത്രാധിപർ ടി.ജെ.എസ്. ജോർജ്



മുംബൈ എല്ലാ അർത്ഥത്തിലും വളരുകയായിരുന്നു. 'രാഷ്ട്രീയവും വ്യവസായവും കലയും സംഗീതവും എഴുത്തും സിനിമയും സാംസ്കാരിക മുന്നേറ്റങ്ങളും ആശയസംഘട്ടനങ്ങളും എല്ലാം ചേർന്ന് ദീപ്തമാക്കിയ ഒരു പ്രബുദ്ധ സമൂഹമായിരുന്നു അന്നത്തെ ബോംബെ. ആർക്കും എന്തു സ്വപ്ന വും കാണാവുന്ന അന്തരീക്ഷം. കൊടുമുടികളിൽ കയറാനും ആഴങ്ങളിൽ വീഴാനും ഒരുപോലെ അവകാശമുണ്ടായിരുന്ന സാഹചര്യം. ആൾക്കൂട്ടത്തിന്റെ ബഹളവും ഏകാന്തതയും സൗന്ദര്യവും വൈരൂപ്യവും ഒരേ ത്രാസിൽ അളന്നു തന്നിരുന്ന നാഗരികത' എന്നാണ് ടി.ജെ.എസ്. ജോർജ് തന്റെ ബോംബെ ജീവിതത്തെ വിശേഷിപ്പിച്ചത്.

ഇന്ത്യൻ ഭരണകേന്ദ്രത്തിന്റെ വാതായനമായി മുംബൈ മാറുകയായിരുന്നു. മൊറാർജി ദേശായി, വി.കെ. കൃഷ്ണമേനോൻ, എ.കെ.ജി, വി.പി. മേനോൻ, എം.ഒ. മത്തായി, ഖുഷ്വന്ത് സിംഗ്, നിഖിൽ ചക്രവർത്തി, വിലായത് ഖാൻ തുടങ്ങിയ രാഷ്ട്രീയമേഖലകളിലുള്ളവരുമായി അടുത്തു ബന്ധപ്പെടുവാൻ കഴിഞ്ഞതിലൂടെ വാർത്തകളിലെ 'സ്കൂപ്പുകളുടെ' സാധ്യതയും വർദ്ധിച്ചു.

**പത്രങ്ങളുടെ രൂപകല്പനയിൽ വിപ്ലവം സൃഷ്ടിച്ച ടാർസി വിറ്റാച്ചിയിൽ നിന്നുമാണ് 'ടൈപ്പുകൾക്ക് അവരുടേതായ പേഴ്സണാലിറ്റി' ഉണ്ടെന്നും അതനുസരിച്ച് വാക്കുകൾ വിന്യസിച്ചാൽ പത്രം കൂടുതൽ ആകർഷകമാകുമെന്നും മനസ്സിലാക്കുന്നത്. ലണ്ടൻ ടൈംസിന്റെ പത്രാധിപരായ ഹാ രൊൾഡ് എവൻസിയുടെ സാന്നിധ്യം കൂടിയായപ്പോൾ 'തന്റെ പത്രപ്രവർ ത്തന വിദ്യാഭ്യാസം പൂർത്തിയായതായും' ടി.ജെ.എസ്. ജോർജ് അനുസ്മരിച്ചിട്ടുണ്ട്.**

**ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം കഴിഞ്ഞു വന്നതോടെ എഡിറ്റോറിയൽ സംവിധാനത്തിന്റെ ഉപദേഷ്ടാവായി ആറു മാസത്തോളം ഇന്ത്യ ചുറ്റി. കന്നഡ, ഒറിയ, ഹിന്ദി ഉൾപ്പെടെ പത്തോളം പത്രസ്ഥാപനങ്ങളിൽ പരിശീലകനാകുവാനുള്ള അവസരം ലഭിച്ചു.**

കേരളീയ സൗഹൃദം വാർത്തകൾക്കുള്ള സാധ്യതയെ വിപുലപ്പെടുത്തി. മൊയ്തു മൗലവി, യു.ഗോപാലമേനോൻ, മുഹമ്മദ് അബ്ദു റഹ്മാൻ, എൻ.പി. മുഹമ്മദ്, എം.വി. വാസുദേവൻ നായർ ഉൾപ്പെട്ട ഒരു നിര ന്യൂസ് ഡെസ്കിനെ സമ്പുഷ്ടമാക്കി.

സംഗീത സംവിധായകൻ ബിമൽ, ബോളിവുഡിലെ മീനാകുമാരി, എഴുത്തുകാരനും ചലച്ചിത്രകാരനുമായ കെ.എ. അബ്ബാസ് തുടങ്ങിയവരുമായും ബന്ധപ്പെട്ടു. മഹാത്മജി കണ്ട ഇന്ത്യയിൽ എന്തു മാറ്റം വന്നു എന്നറിയുന്നതിനായി മൂന്നാം ക്ലാസ് ടിക്കറ്റിൽ ട്രെയിൻ യാത്ര നടത്തി. കാശിയിലെ ചേരികളിലൂടെ സഞ്ചരിച്ചു. പനി പിടിച്ചു അർദ്ധാവബോധാവസ്ഥയിൽ കടത്തിണ്ണയിൽ കഴിഞ്ഞു. ലോകാനുഭവങ്ങൾ തന്നെ മാടിവിളിക്കുന്നതായി അനുഭവപ്പെട്ട ടി.ജെ.എസ്. ജോർജ് ചരക്കുകപ്പലിൽ യാത്രയായി. ചെലവിനുള്ള പണം സമ്പാദിക്കുന്നതിനായി കപ്പലിലെ കുശിനിക്കാരന്റെ മേൽ നോട്ടം വഹിച്ചു. കറാച്ചി, യെമൻ, ലണ്ടൻ തീരങ്ങളിലൂടെയുള്ളതായിരുന്നു ആ യാത്ര. തിരിച്ചെത്തി ഫ്രീ പ്രസ്സ് ജേർണലിൽ ജോലിയിൽ പ്രവേശിച്ചു.




14 വർഷം അവിടെ ജോലി ചെയ്തു. ഒടുവിൽ ജോലി ചെയ്യുമ്പോൾ ശമ്പളം അറനൂറു രൂപയിലെത്തി. പത്ര ഉടമയുടെ വിയോഗവും തുടർന്നു വന്നവരുടെ മാറ്റ വും തിരിച്ചറിഞ്ഞ ടി.ജെ.എസ്. ജോർജ് 1949ൽ ഫ്രീ പ്രസ്സിൽ നിന്നും രാജിവച്ചു. പി.കെ. ഹരിഹരൻ ഹിന്ദുസ്ഥാൻ ടൈം സിലേക്കും, എം. ശിവറാം ഇന്ത്യൻ എക് സ്പ്രസിലേക്കും, എം.കെ.ബി. നായർ ഇക്കണോമിക് ടൈംസിലേക്കും, പി.രവീന്ദ്രൻ ബ്ലിറ്റ്സിലേക്കും ചേക്കേറി. കാർട്ടൂണിസ്റ്റായിരുന്ന ബാൽ താക്കറെ സ്വന്തം ഭാഷയായ മറാഠിയിൽ 'മാർമിക്' എന്ന കാർട്ടൂൺ മാസിക ആരംഭിച്ചു. മറാഠി സംസ്കാരത്തെ പരിപോഷിപ്പിക്കുകയും അതിലൂടെ മറാഠികളുടെ ആത്മവീര്യം ഉണർത്തുകയുമായിരുന്നു ലക്ഷ്യം. വരകളിലൂടെയും ലേഖനങ്ങളിലൂടെയും ആ ദൗത്യം വിജയത്തിലെത്തിക്കുവാൻ താക്കറെയ്ക്കു കഴിഞ്ഞു. ശിവസേനയുടെ വളർച്ചയ്ക്ക് അത് വഴിയൊരുക്കി. 'ബോംബെ നഗരത്തിൽ ഇതാദ്യമായാണ് വിഭാഗീയത വിതയ് ക്കുവാൻ ഒരു മാസിക ഒരുമ്പെട്ടത്' എന്നതായിരുന്നു ടി.ജെ.എസ് ജോർജിന്റെ വിലയിരുത്തൽ.

പത്രങ്ങളുടെ രൂപകല്പനയിൽ വിപ്ലവം സൃഷ്ടിച്ച ടാർസി വിറ്റാച്ചിയിൽ നിന്നുമാണ് 'ടൈപ്പുകൾക്ക് അവരുടേതായ പേഴ്സണാലിറ്റി' ഉണ്ടെന്നും അതനുസരിച്ച് വാക്കുകൾ വിന്യസിച്ചാൽ പത്രം കൂടുതൽ ആകർഷകമാകുമെന്നും മനസ്സിലാക്കുന്നത്. ലണ്ടൻ ടൈംസിന്റെ പത്രാധിപരായ ഹാരൊൾഡ് എവൻസിയുടെ സാന്നിധ്യം കൂടിയായപ്പോൾ 'തന്റെ പത്രപ്രവർത്തന വിദ്യാഭ്യാസം പൂർത്തിയായതായും' ടി.ജെ.എസ്. ജോർജ് അനുസ്മരിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം കഴിഞ്ഞു വന്നതോടെ എഡിറ്റോറിയൽ സംവിധാനത്തിന്റെ ഉപദേഷ്ടാവായി ആറു മാസത്തോളം ഇന്ത്യ ചുറ്റി. കന്നഡ, ഒറിയ, ഹിന്ദി ഉൾപ്പെടെ പത്തോളം പത്രസ്ഥാപനങ്ങളിൽ പരിശീലകനാകുവാനുള്ള അവസരം ലഭിച്ചു.

ഹിന്ദുസ്ഥാൻ ടൈംസ് പാട്നയിൽ 'സേർച്ച് ലൈറ്റ്' എന്ന പത്രത്തിന്റെ നടത്തിപ്പുകൂടി ഏറ്റെടുത്തതോടെ ഡൽഹി എഡിഷന്റെ ചുമതല വഹിച്ചിരുന്ന സി.പി. രാമചന്ദ്രനെ അവിടേക്കു വിടുവാൻ തീരുമാനിച്ചു. അതിൽ താല്പര്യമില്ലാതിരുന്ന സി.പി. രാമചന്ദ്രൻ അവധിയെടുത്ത് നാട്ടിൽ പോയതോടെ പുതിയൊരാളെ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. ടി.ജെ.എസ്. ജോർജ് സേർച്ച് ലൈറ്റിന്റെ പത്രാധിപരായി.

'പുതിയ പത്രാധിപന്മാർ ചാർജ്ജെടുക്കുമ്പോൾ മുഖ്യമന്ത്രിയുടെ വസതിയിൽ പോയി മുഖം കാണിക്കണമെന്ന ഒരു കീഴ്വഴക്കം പറ്റ്നായിൽ ഉണ്ടായിരുന്നു. ബോംബെക്കാരനായ എനിക്ക് അതറിഞ്ഞുകൂടായിരുന്നു. സംസ്ഥാനത്ത് എന്തെങ്കിലും ക്രമസമാധാന പ്രശ്നമുണ്ടായാൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എന്ന കളക്ടറുടെ പ്രസ്താവന മാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്നൊരു പതിവും ഉണ്ടായിരുന്നു. ഫ്രീ പ്രസ്സിൽ വളർന്ന എനിക്ക് ആദ്യം അതും അറിഞ്ഞുകൂടായിരുന്നു.' കൂനിന്മേൽ കുരു എന്നതുപോലെ വിദ്യാർത്ഥികൾ ഫീസ് വർദ്ധനവിനും വിലക്കയറ്റത്തിനും എതിരെ സമരത്തിനിറങ്ങി. വിദ്യാർത്ഥികളുടെ കലാപം അക്രമത്തിലേക്കും ബന്ദിലേക്കും നയിച്ചു. പതിവു രീതികൾ മറികടന്ന് ടി.ജെ.എസ്. ജോർജ് സമഗ്രമായ വാർത്തകൾ പ്രസിദ്ധീകരിച്ചതോടെ മുഖ്യമന്ത്രി കെ.ബി. സഹായിയുടെ അപ്രീതിയുണ്ടായി. പത്രത്തിനു പ്രചാരം വർദ്ധിച്ചു. പ്രിന്റ് ഓർഡർ ഒരു ലക്ഷം കവിഞ്ഞു. രാഷ്ട്രീയ താല്പര്യങ്ങൾക്കു വഴങ്ങാതെ നിലപാടിൽ ഉറച്ചുനിന്ന ടി.ജെ.എസ്. ജോർജിനെ അറസ്റ്റു ചെയ്തു ജയിലിൽ അടച്ചു. പത്രസ്വാതന്ത്ര്യത്തിന്റെ പേരിൽ നടന്ന രാജ്യത്തെ ആദ്യത്തെ അറസ്റ്റായിരുന്നു അത്. ബങ്കിപ്പൂരിലെ ജയിലിലായിരുന്നു ആദ്യദിവസം കഴിഞ്ഞത്. വലിയൊരു ഹാൾ. അതിൽ എൺപതോളം തടവുകാർ. അവിടെത്തന്നെയായിരുന്നു രാത്രി ഉറക്കവും. മുറിയുടെ മൂലയിലായി ഒരു മറയുമില്ലാതെയാണ് തടവുകാർ മലമൂത്രവിസർജ്ജനം നടത്തിയിരുന്നത്. അസഹനീയമായിരുന്നു ആ രാത്രി. പിറ്റേദിവസം സ്വന്തമായി ഒരു സെൽ ലഭിച്ചു. അവിടെ മലമൂത്രവിസർ ജ്ജനത്തിനായി ഒരു തൊട്ടി അനുവദിച്ചിരുന്നു. 'അമൂല്യമായ സുഖഭോഗവ സ്തു' എന്നാണ് അതിനെ അദ്ദേഹം വി ശേഷിപ്പിച്ചത്. പിന്നീട് ഹസാരി സെൻട്രൽ ജയിലിലേക്കു മാറ്റി. അവിടെയുണ്ടായിരുന്ന തടവുകാരനായിരുന്നു റാം മനോഹർ ലോഹ്യ. അദ്ദേഹവുമായി അടുത്തിടപഴകുവാൻ അവസരം ലഭിച്ചു.

എം.പി.മാരും സാമൂഹിക സാംസ്കാരിക പ്രവർത്തകരും കലാകാരന്മാരും അറസ്റ്റിനെ അപലപിച്ചു. പ്രതിരോധ മന്ത്രി വി.കെ. കൃഷ്ണമേനോൻ ഡൽഹിയിൽ നിന്നും പറ്റ്നായിൽ എത്തി. അദ്ദേഹം ഹേബിയസ് കോർപ്പസ്



# സമ്പൂർണ്ണ പത്രാധിപർ ടി.ജെ.എസ്. ജോർജ്ജ്




NOW IS THE TIME TO SAY GOODBYE

കേസു ഫയൽ ചെയ്തതോടെ വിഷയം ഗൗരവമായി. പ്രതിയെ കോടതിയിൽ ഹാജരാക്കിയപ്പോൾ ആ പ്രദേശമാകെ ജനസമുദ്രമായി. വി.കെ. കൃഷ്ണമേനോന്റെ വാദത്തിനു മുന്നിൽ സർക്കാരിനു പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. കോടതി ടി.ജെ.എസ്. ജോർജിന് ജ്യാമം അനുവദിച്ചു. അഡ്വക്കേറ്റ് ജനറൽ സുപ്രീം കോടതിയിൽ പോകുവാനുള്ള തയ്യാറെടുപ്പു നടത്തിയെങ്കിലും അതും തിരിച്ചടിയായി. റാം മനോഹർ ലോഹ്യയുടെ അറസ്റ്റ് സുപ്രീം കോടതി നിയമവിരുദ്ധമായി പ്രഖ്യാപിച്ചതോടെ സമാനസ്വഭാവമുള്ള ടി.ജെ.എസ്. ജോർജിന്റെ കേസും തള്ളുമെന്നതിനാൽ സർക്കാർ അതിനു ശ്രമിച്ചില്ല. മൂന്നാഴ്ച ജയിലിൽ കിടന്ന അനുഭവത്തെ ടി.ജെ.എസ്. പരാമർശിച്ചത് 'ജയിലിൽ കിടന്നതോടെയാണ് പത്രപ്രവർത്തകൻ പ്രായപൂർത്തിയായത്' എന്നാണ്. ജയിലിൽ കിടന്ന സമയത്തു പത്രത്തിലെ എഡിറ്റോറിയൽ സ്പേസ് ഒഴിച്ചിടണമെന്ന് നിർദ്ദേശിച്ചുവെങ്കിലും മാനേജ്മെന്റ് അത് അംഗീകരിച്ചില്ല. വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചതോടെ കെ.ബി. സഹായിയുടെ ഭാവി തുലാസിലായി. തെരഞ്ഞെടുപ്പിൽ രണ്ട് ഇടത്തുനിന്നും മത്സരിച്ചുവെങ്കിലും രണ്ടിടത്തും അദ്ദേഹം പരാജയപ്പെട്ടു.

ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്ഷണപ്രകാരം അമേരിക്കയിലും സ്വിറ്റ്സർലണ്ടിലും ഒരു വർഷം ചെലവഴിച്ചു. ഇക്കാലത്ത് വിയറ്റ്നാം, സിങ്കപ്പൂർ, ഫിലിപ്പൈൻസ് പത്രങ്ങളിലും എഴുതി. 'ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂ'ന്റെ പൊളിറ്റിക്കൽ എഡിറ്ററായി കുറച്ചു കാലം ജോലി ചെയ്തു. ഹോങ്കോംഗിലായിരുന്നു താമസം. പ്രധാനമന്ത്രി ലികാൻ യുവിന്റെ സേച്ഛാധികാര ഭരണത്തെയും അഴിമതിയേയും തുറന്നെഴുതി. ദക്ഷിണ ഫിലിപ്പൈൻസിലെ മുസ്ലീം ജീവിതങ്ങളെക്കുറിച്ചുള്ള 'റിവോൾട്ട് ഇൻ മിൻഡനാവോ' ഏറെ ചർച്ച ചെയ്യപ്പെട്ടു. ചൈന പുതിയൊരു സമ്പത്ത് വ്യവസ്ഥയുടെ രാജ്യമെന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചൈനയെക്കുറിച്ച് പ്രത്യേകം പഠിക്കുകയും ആധുനിക ചൈനയെക്കുറിച്ച് തുടർച്ചയായി എഴുതുകയും ചെയ്തു.

**1983 മുതൽ ഇന്ത്യൻ എക്സ്പ്രസിലായി. എക്സ്പ്രസ് ഗ്രൂപ്പിന്റെ പിളർപ്പിന്റെ കാലമായിരുന്നു അത്. തെക്കൻ പതിപ്പുകൾ 'ദി ന്യൂസ് ഇൻഡ്യൻ എക് സ്പ്രസ്' എന്നു പുനർനാമകരണം ചെയ്യപ്പെട്ടപ്പോൾ ടി.ജെ.എസ്. ജോർജിനെ മാനേജ്മെന്റ് പത്രത്തിലേക്ക് ക്ഷണിച്ചു. ഡൽഹിയായി പ്രവർത്തന രംഗം. മാനേജ്മെന്റിന്റെ മതിപ്പ് നേടിയ ടി.ജെ.എസ്. ജോർജിനെ സഹപ്രവർത്തകരും സുഹൃത്തുക്കളും 'എക്സ്പ്രസിലെ ഹോളി കൗവ്' എന്നു സ്വകാര്യമായി വിളിച്ചു. ടി.ജെ.എസ്.ജോർജിന്റെ പ്രതിവാര കോളം ശ്രദ്ധ നേടി. എഡിറ്റോറിയൽ നിലപാടിനു യോജിക്കാത്ത വിഷയം കൈകാര്യം ചെയ്തപ്പോഴും മാനേജ്മെന്റ് മൗനം പാലിച്ചു. വാർത്ത സൃഷ്ടിക്കുന്നതിനോടൊപ്പം റീ ഡിസൈൻ പ്രോജക്ടിലും ശ്രദ്ധിച്ചിരുന്നു.**



ന്യൂസിലാന്റിലെ പ്രമുഖ പത്രപ്രവർത്തകൻ മൈക്കിൾ ഓനീലുമായി ചേർന്ന് 'ഏഷ്യാ വീക്ക്' എന്ന വാരിക ആരംഭിച്ചു. ഏഷ്യൻ രാജ്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഏഷ്യൻ സാംസ്കാരിക ഭൂപടം ആശയങ്ങളിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞതോടെ വാരികയ്ക്ക് കൂടുതൽ പ്രചാരം ലഭിച്ചു. സാമ്പത്തികപ്രതിസന്ധിയിലൂടെ കടന്നുപോയ 'ഏഷ്യാ വീക്കിന്റെ' ഭൂരിഭാഗം ഓഹരികളും റീഡേഴ്സ് ഡൈജസ്റ്റിനു വിൽക്കേണ്ടിവന്നു. പത്രസ്ഥാപനം ഒഴിഞ്ഞ് ഇന്ത്യയിലെത്തി.

1983 മുതൽ ഇന്ത്യൻ എക്സ്പ്രസിലായി. എക്സ്പ്രസ് ഗ്രൂപ്പിന്റെ പിളർപ്പിന്റെ കാലമായിരുന്നു അത്. തെക്കൻ പതിപ്പുകൾ 'ദി ന്യൂസ് ഇൻഡ്യൻ എക്സ്പ്രസ്' എന്നു പുനർനാമകരണം ചെയ്യപ്പെട്ടപ്പോൾ ടി.ജെ.എസ്. ജോർജിനെ മാനേജ്മെന്റ് പത്രത്തിലേക്ക് ക്ഷണിച്ചു. ഡൽഹിയായി പ്രവർത്തന രംഗം. മാനേജ്മെന്റിന്റെ മതിപ്പ് നേടിയ ടി.ജെ.എസ്. ജോർജിനെ സഹപ്രവർത്തകരും സുഹൃത്തുക്കളും 'എക്സ്പ്രസിലെ ഹോളി കൗവ്' എന്നു സ്വകാര്യമായി വിളിച്ചു. ടി.ജെ.എസ്.ജോർജിന്റെ പ്രതിവാര കോളം ശ്രദ്ധ നേടി. എഡിറ്റോറിയൽ നിലപാടിനു യോജിക്കാത്ത വിഷയം കൈ കാര്യം ചെയ്തപ്പോഴും മാനേജ്മെന്റ് മൗനം പാലിച്ചു. വാർത്ത സൃഷ്ടിക്കുന്നതിനോടൊപ്പം റീ ഡിസൈൻ പ്രോജക്ടിലും ശ്രദ്ധിച്ചിരുന്നു. അന്താരാഷ്ട്ര പ്രചാരമുള്ള പത്രങ്ങളുടെ രൂപകല്പന സസൂക്ഷ്മം ശ്രദ്ധിക്കുകയും അത് ഇന്ത്യൻ സാഹചര്യത്തിൽ പുനരവതരിപ്പിക്കുന്നതിനു നേതൃത്വം നൽകുകയും ചെയ്തു.

മലയാളികളുടെ അബാംസിഡറായി വി.കെ. മാധവൻകുട്ടി ഡൽഹിയിൽ വിലസുന്ന കാലം. വി.കെ.എന്നും കാക്കനാടനും എം.പി.നാരായണപിള്ളയും ഉൾപ്പെടുന്ന ഒരു വലിയ മലയാളി നിര അവിടെയുണ്ടായിരുന്നു. ഒരുപറ്റം പ്രതിഭകൾ ശങ്കേഴ്സ് വീക്കിലിയിൽ ചേക്കേറിയിരുന്നു. അബു എബ്രഹാം, കുട്ടി, സാമുവൽ, കേരളവർമ്മ, ഒ.വി.വിജയൻ, യേശുദാസൻ, രംഗം തുടങ്ങിയവർ. അവർ ശങ്കേഴ്സ് വീക്കിലിയിൽ ഇരുന്നു ഇന്ത്യയെ പുനഃസൃഷ്ടിച്ചു. രാഷ്ട്രീയ പ്രവർത്തകരായ പനമ്പിള്ളി, എ.കെ.ജി, ഇ.എം.എസ്, ശ്രീകണ്ഠൻനായർ തുടങ്ങിയവർ വന്നും പോയുമിരുന്നു. മാധവിക്കുട്ടി, എം.മുകുന്ദൻ തുടങ്ങിയ എഴുത്തുകാരും ഡൽഹിയിലെ മലയാളിത്വത്തെ ഉറപ്പിച്ചവരായിരുന്നു. ടി.ജെ.എസ്.ജോർജിന്റെ മനസ്സ് എം.പി. നാരായണപിള്ളയോടു ചേർന്നു നിൽക്കുന്നതായിരുന്നു. ഏതാണ് ഒരേ ആശയക്കാർ. പുതുമയ്ക്കുവേണ്ടി നിരന്തരം പരിശ്രമിക്കുന്നവർ. പ്രായത്തെ മറികടക്കാൻ പ്രയത്നിക്കുന്നവർ. ചീട്ടുകളിയും മധുപാനവും ഇരുവരുടെയും ഇഷ്ടവിനോദമായിരുന്നു.

'പോയിന്റ് ഓഫ് വ്യൂ' പ്രതിവാര പംക്തി തുടർച്ചയായി 25 വർഷം 'ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസി'ൽ പ്രസിദ്ധീകരിച്ചു. വിഷയം സംബന്ധിച്ചുള്ള വായനക്കാരുടെ വിയോജിപ്പുകളും തുടർ കോളങ്ങളിൽ ഇടംപിടിച്ചിരുന്നു. 1997ൽ ഫീച്ചർ പേജിലാണ് കോളം ആരംഭിക്കുന്നത്. തൊണ്ണൂറ്റിനാലാം വയസ്സിൽ ദി ന്യൂ സൺഡേ എക്സ്പ്രസിൽ 'Now is the Time to say Goodbye' കോളം എഴുത്ത് അവസാനിപ്പിച്ചു. എക്സ്പ്രസ് കോളം 'The First Regue of Scoundrels' എന്ന പേരിൽ 2003ൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

'ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസി'ന്റെ മലയാളത്തിൽ ഒരു പ്രസിദ്ധീകരണം തുടങ്ങുമെന്ന ചിന്തയിൽ നിന്നുമാണ് 'സമകാലിക മലയാളം' വാരിക ഉണ്ടാകുന്നത്. ഇതിന്റെ ഉപദേഷ്ടാവായി മാനേജ്മെന്റ് ടി.ജെ.എസ്. ജോർജിനെ നിയമിച്ചു. വാരിക എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് പല ദിവസങ്ങളായി എം.പി.നാരായണപിള്ളയുമാ യി ചർച്ച ചെയ്തു. എസ്.ജയചന്ദ്രൻനായർ എന്ന എഡിറ്ററെയും, ആർട്ടിസ്റ്റ് നമ്പൂതിരി എന്ന രേഖാചിത്രകാരനെ യും, ഭട്ടതിരിപ്പാട് എന്ന കാലിയോഗ്രാഫറെയും കണ്ടെത്തിയതോടെ വാരികയുടെ അടിത്തറ ഉറപ്പിച്ചു. എം.കൃഷ്ണൻനായരുടെ വാരഫലം വാരികയ്ക്കു പ്രചാരം വരുത്തി. എം.ടിയുടെ ഇഷ്ടം കൂടിയായപ്പോൾ അതിനൊരു ചാരുത കൈവന്നു. 1997 മെയ് മാസത്തിൽ 'സമകാലിക മലയാളം' അതിന്റെ തിരുപ്പുറപ്പാടിനു തുടക്കം കുറിച്ചു. കെട്ടിലും മട്ടിലും പുതുമ നിലനിർത്തി സമകാലിക മലയാളം വളരെ വേഗത്തിൽ തന്നെ പ്രചരിച്ചു തുടങ്ങി. എം.പി. നാരായണപിള്ളയുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് ടി.ജെ.എസ്. ജോർജ് 'ഘോഷയാത്ര' എന്ന പംക്തി എഴുതുന്നത്. ടി.ജെ.എസ്.ജോർജിനെ മലയാളികൾ തിരിച്ചറിഞ്ഞു തുടങ്ങിയത് അതിലൂടെയാണ്. അതുവരെ അദ്ദേഹമൊരു മലയാളിയായ ഉത്തരേന്ത്യൻ പത്രപ്രവർത്തകനായിരുന്നു. വ്യക്തിചിത്രങ്ങളിലൂടെ ഇന്ത്യൻ സാംസ്കാരത്തിന്റെയും പത്രപ്രവർത്തന കാലഘട്ടങ്ങളെയും അതിലൂടെ കണ്ടെത്തുകയായിരുന്നു. വ്യക്തിചിത്രങ്ങളാകട്ടെ അതുവരെ ആരും കാണാതിരുന്ന തലത്തിലൂടെയുള്ള സഞ്ചാരമായിരുന്നു.



# സമ്പൂർണ്ണ പത്രാധിപർ ടി.ജെ.എസ്. ജോർജ്



നെഹ്റുവിന്റെ ഇന്ത്യയിൽ നിന്നും മോദിയുടെ ഇന്ത്യ എത്രമാത്രം മതേതരത്വത്തിൽ നിന്നും മാറിയിരിക്കുന്നു എന്നതിൽ ഉത്കണ്ഠാകുലനായിരുന്നു ടി.ജെ.എസ്. ജോർജ്. 'സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി തെറ്റായ വഴികളിലേക്കു കടക്കുന്ന അമരക്കാരൻ രാജ്യത്തെ അപകടങ്ങളിൽ പെടുത്തുമെന്നതിന്റെ ഭയപ്പെടുത്തുന്ന ഉദാഹരണമാണ് ഗുജറാത്തിൽ നടന്നു എന്നത്...' എന്നു തുടങ്ങിയ വിലയിരുത്തലുകൾ രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള പത്രമാധ്യമങ്ങളുടെ റിപ്പോർട്ടുകളെ അവതരിപ്പിച്ചുകൊണ്ട് ടി.ജെ.എസ്. ജോർജ് സ്ഥാപിക്കുന്നു. കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്കു വഴങ്ങി റിപ്പോർട്ടുകൾ വക്രീകരിക്കുന്ന പ്രവണതകളെ ചൂണ്ടിക്കാട്ടി. ഒരു പത്രപ്രവർത്തകനും തൊഴിലിടങ്ങളിലും തെരുവുകളിലും സുരക്ഷിതനല്ലായെന്നും ഏതു സമയത്തും ബൈലൈനിൽ നിന്നും ജീവിതത്തിൽ നിന്നും മാറ്റപ്പെടാമെന്നും ആകുലപ്പെട്ടു.


**ഏഴരപതിറ്റാണ്ടുകാലം കേരളത്തിനു പുറത്തു ജീവിച്ചിട്ടും ടി.ജെ. എസ്. ജോർജ് അക്കാലമത്രയും കേരളീയനായിത്തന്നെ ജീവിച്ചു. ഓരോ മാറ്റങ്ങളെയും തിരിച്ചറിഞ്ഞിരുന്നു. വൈകി മാത്രമാണ് മലയാളത്തിൽ എഴുതി തുടങ്ങിയത്. ആ എഴുത്തനുഭവം ഉൾക്കാഴ്ചയുള്ളതായിരുന്നു. നൈതീകത പത്രപ്രവർത്തനകാലമത്രയും കാത്തു സൂക്ഷിച്ചു. 'ഭരണാധികാരി മാത്രം ദേശസ്നേഹികളായി മാറു ന്നതും', 'വിമർശിക്കുന്നവർ ദേശവിരുദ്ധരായി മാറുന്നതുമായ' പു തിയ കാലത്തെ ആകുലതയോടെ നോക്കിക്കണ്ടു. ബഹുഭൂരിപക്ഷത്തിന്റെ ഇടയിൽ ജീവിച്ചപ്പോഴും 'ന്യൂനപക്ഷം' എന്നോ 'അപരൻ' എന്നോ കേട്ടിട്ടുണ്ടായിരുന്നില്ല. അതും അവസാന നാളുകളിൽ അനുഭവത്തിലൂടെ തിരിച്ചറിയേണ്ടി വന്നു. 'ജോർജ്' എന്നതിനു പകരം തന്റെ പേര് മറ്റൊന്നായിരുന്നുവെങ്കിൽ എത്ര നന്നായേനേം എന്നും പരസ്യമായി പറഞ്ഞിട്ടുണ്ട്.**



കേരളത്തിന്റെ വിവിധ മേഖലകളിലുള്ള ഒന്നാം നിരക്കാരെയെല്ലാം തന്റെ ആശയത്തിന്റെ അവതരണത്തിനായി എടുത്തുകാട്ടിയിട്ടുണ്ട്. 'ഘോഷയാത്ര'ക്കു ശേഷമുണ്ടായ കൃതികളിലെല്ലാം അത് വ്യാപിച്ചു കിടക്കുന്നു. അധികമാരും ശ്രദ്ധിക്കാത്ത അവരുടെ സവിശേഷതയെ പ്രത്യേകമായി പ്രതിപാദിക്കുന്നതിൽ അസാധാരണമായ ഒരു മാന്ത്രികത അദ്ദേഹം തന്റെ രചനയിൽ നിർവ്വഹിച്ചിരുന്നു.

ഭാര്യ അമ്മു ടി.ജെ.എസ്. ജോർജിന്റെ ജീവിതാനുഭവത്തിന്റെ സാക്ഷിയാണ്. ജിത് തയ്യിലും ഷേബാ തയ്യിലുമാണ് മക്കൾ. ജിത് അറിയപ്പെടുന്ന കഥാകാരനാണ്. അദ്ദേഹത്തിന്റെ പ്രശസ്തമായ നോവലാണ് നാർക്കോപോളീസ. 1970കളിലെ ബോംബെയുടെ എല്ലാ സവിശേഷതകളും ദുരിതങ്ങളും ചിത്രീകരിക്കുന്ന നോവൽ. ജിത്തിന്റെ ജീവിതത്തിൽ ഉണ്ടായ താളഭ്രംശം ആ കുടുംബത്തെ ഉലച്ചുവെങ്കിലും അതിൽ നിന്നും മകനെ മടക്കിക്കൊണ്ടുവരുന്നതിന് ആ കുടുംബത്തിനു കഴിഞ്ഞു. അക്കഥ ടി.ജെ.എസ്. ജോർജ് രഹസ്യമാക്കിയിരുന്നില്ല.







ബെംഗളൂരും കോയമ്പത്തൂരുമായിരുന്നു ടി.ജെ.എസ്.ജോർജ് തന്റെ താവളങ്ങളായി കണ്ടിരുന്നത്.

Krishna Menon (1964), Lee Kuan Yew's Singapore (1973), The Life and Times of Nargis (1994), The Enquire Dictionary: Ideas, Issues, Innovations (1998), The Enquire Dictionary of Quotations (2001), Lessons in Journalism – The Story of Pothan Joseph 2007), The First Refuge of Scoundrels: Politics in Modern India (2003) എന്നിവയാണ് പ്രസിദ്ധീകരിച്ച കൃതികൾ. ഇതു കൂടാതെ, Revolt in Mindanao: The Rise of Islam in Philippine Politics (1980), Revolt in Bihar: A study of the August 1965 uprising (1965), The Provincial Press in India (1966), A Handbook for Journalists (1989), India 1000 to 2000: the story2 of a 1000 years (2000), India at 50: Facts, Figures and Analyses 1947 – 1997 (1997), MS – A Life in Music, (2004) The Goenka Letters: Behind the scenes in The Indian Express (2006) എന്നീ കൃതികൾ എഡിറ്റു ചെയ്തിട്ടുമുണ്ട്.

വി.കെ.കൃഷ്ണമേനോൻ, എം.എസ്.സുബ്ബലക്ഷ്മി: സംഗീതത്തിൽ ഒരു ജീവിതം, നാടോടിക്കപ്പലിൽ നാലുമാസം, പത്രപ്രവർത്തനങ്ങളിലെ പാഠങ്ങൾ: പോത്തൻ ജോസഫിന്റെ കഥ, നർഗീസ്: ജീവിതവും കാലവും എന്നീ കൃതിക ളുടെ വിവർത്ത നങ്ങളും ഘോഷയാത്ര, ഒറ്റയാൻ, ഗജവും അജവും മണ്ടത്തരങ്ങളും, ബഷീർ മുതൽ മോഹൻലാൽ വരെ മലയാളിയുടെ സ്വത്ത് എന്നീ കൃതികൾ മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പത്രിക അക്കാദമി പുരസ്കാരം (2001), കന്നഡ രാജ്യോത്സവ പുരസ്കാരം (2007), ബഷീർ പുരസ്കാരം (2008), അഴീക്കോട് അവാർഡ് (2013), കേസരി പുരസ്കാരം (2017), കമല സുരയ്യ അവാർഡ് (2017), സി.എച്ച്.മുഹമ്മദ് കോയ പത്രപ്രവർത്തക പുരസ്കാരം (2005), വക്കം മൗലവി സ്മാരക പുരസ്കാരം (2024) തുടങ്ങിയ നിരവധി അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

വി.കെ.കൃഷ്ണമേനോന്റെ ജീവചരിത്രത്തെ അടിസ്ഥാനമാക്കി 'കൃഷ്ണ' എന്ന തിരക്കഥ ശശി തരൂരുമായി ചേർന്നു എഴുതി തുടങ്ങിയെങ്കിലും അതു പൂർത്തിയാക്കാൻ കഴിഞ്ഞില്ല. വി.കെ.കൃഷ്ണമേനോന്റെ ജീവിതത്തെ അടുത്തറിഞ്ഞ, ആ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ ടി.ജെ.എസ്. ജോർജിന്റെ സഫലമാകാത്ത ഒരാഗ്രഹമായി അത് അവശേഷിക്കുന്നു.

ഏഴരപതിറ്റാണ്ടുകാലം കേരളത്തിനു പുറത്തു ജീവിച്ചിട്ടും ടി.ജെ.എസ്. ജോർജ് അക്കാലമത്രയും കേരളീയനായിത്തന്നെ ജീവിച്ചു. ഓരോ മാറ്റങ്ങളെയും തിരിച്ചറിഞ്ഞിരുന്നു. വൈകി മാത്രമാണ് മലയാളത്തിൽ എഴുതി തുടങ്ങിയത്. ആ എഴുത്തനുഭവം ഉൾക്കാഴ്ചയുള്ളതായിരുന്നു. നൈതീകത പത്രപ്രവർത്തനകാലമത്രയും കാത്തു സൂക്ഷിച്ചു. 'ഭരണാധികാരി മാത്രം ദേശസ്നേഹികളായി മാറുന്നതും', 'വിമർശിക്കുന്നവർ ദേശവിരുദ്ധരായി മാറുന്നതുമായ' പുതിയ കാലത്തെ ആകുലതയോടെ നോക്കിക്കണ്ടു. ബഹുഭൂരിപക്ഷത്തിന്റെ ഇടയിൽ ജീവിച്ചപ്പോഴും 'ന്യൂനപക്ഷം' എന്നോ 'അപരൻ' എന്നോ കേട്ടിട്ടുണ്ടായിരുന്നില്ല. അതും അവസാന നാളുകളിൽ അനുഭവത്തിലൂടെ തിരിച്ചറിയേണ്ടി വന്നു. 'ജോർജ്' എന്നതിനു പകരം തന്റെ പേര് മറ്റൊന്നായിരുന്നുവെങ്കിൽ എത്ര നന്നായേനേം എന്നും പരസ്യമായി പറഞ്ഞിട്ടുണ്ട്.

റിപ്പോർട്ടിങ്ങിലും എഡിറ്റിംഗിലും മാത്രമല്ല, പ്രിന്റിംഗ് ടെക്നോളജിയിലും അഗാധമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യൻ പത്രപ്രവർത്തനത്തിലെ ഒന്നാം നിരക്കാരായ പത്രപ്രവർത്തകരെ കണ്ടും കേട്ടും ആ വഴിയിലൂടെ സഞ്ചരിച്ച ടി.ജെ.എസ്.ജോർജ് 2025 ഒക്ടോബർ 3ന് 97-ാം വയസ്സിൽ ബെംഗളൂരിൽ അന്തരിച്ചു.

www.timesofamericanmalayali.com
അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താപത്രിക
ഫിച്ചർ, സ്മരണ, കഥ, കവിത തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ക്ഷണിക്കുന്നു.
പ്രശസ്തരുടെ സ്മരണകൾ അമേരിക്കൻ മലയാളികൾക്ക് ഈ പംക്തിയിലൂടെ ജീവിതാനുഭവങ്ങൾ അവതരിപ്പിക്കാം.
കൂടുതൽ വിവരങ്ങൾക്ക് + 94473 55710, 89215 87848 georgethazhakara@gmail.com